# ജനപഥം

നവംബർ 2013

## ഉള്ളടക്കം


**8**
**ഭാഷയിലും ലിംഗനീതി സാധ്യമാണ്**
സാറാജോസഫ്/ഡോ. ആർ. ശ്രീലതാ വർമ

**12**
**അടച്ചിട്ട അലമുറകൾ**
ജി. ഉഷാകുമാരി

**16**
**നിസംഗനിരൂപണം**
ഡോ. ടി. അനിതകുമാരി

**19**
**കൊക്കുകൾക്കിടയിലെ രാജഹംസം**
രസ്നിമ കെ.കെ.

**23**
**പെൺ കർത്തൃത്വം മലയാളത്തിൽ**
എം. ശ്രീനാഥൻ



**4**
**സംസ്ഥാനത്തിന്റെ ധനസ്ഥിതി: ആശങ്കവേണ്ട**
കെ.എം. മാണി
ധന മന്ത്രി

**26**
**ഫോട്ടോ ഫീച്ചർ**



**30**
**വാർത്തയിലെ സ്ത്രീ**
എൻ. സുസ്മിത

**32**
**തത്സമയ കല്ലുകടികൾ അഥവാ ടെലിവിഷൻ മലയാളം**
ശ്രീദേവിപിള്ള




**33**
**അനശ്വര ശബ്ദതാരാവലി**
കെ.എസ്. രവികുമാർ

**36**
**കേരളത്തിന്റെ പ്രവാസികൾ**

**38**
**നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ വീട്**
ശ്രീദേവി എസ്. കർത്ത

**41**
**സിവിൽ സർവീസ് അക്കാദമി ഉത്തുംഗ ശ്രേണികളിലേക്കൊരു ചവിട്ടുപടി**
പി.കെ. ശങ്കരൻകുട്ടി

43 ജില്ലകളിലൂടെ
44 പദപാഠം
45 പുസ്തകപരിചയം
46 ഉത്തരവുകൾ
48 പെൺജീവിതം
50 ശാസ്ത്രം
51 അനുസ്മരണം
52 കാലത്തിനൊപ്പം

# പ്രതികരണം




## ഗാന്ധിജിയുടെ ദർശനവും ഇന്ത്യയും

ഖുർ-ആൻ വായിക്കണമെങ്കിൽ ഏതെങ്കിലും വനാന്തരത്തിൽ ഒറ്റയ്ക്ക് താമസിക്കണമെന്ന നിബന്ധന വന്നാൽ ഞാൻ അത് സസന്തോഷം സ്വീകരിക്കും... മതവൈരങ്ങളും അസഹിഷ്ണുതയും തീവ്രവാദ ഭീഷണികളും കൊണ്ട് വീർപ്പുമുട്ടുന്ന ലോകത്തിന് എന്നും മാതൃകയായിത്തുടരുന്നത്, ഭാവിലോകം മാതൃകയാക്കിയേ മതിയാവുന്നത് ഗാന്ധിജിയുടെ അന്യസംസ്കാരങ്ങളെ അറിയാനും ഉൾക്കൊള്ളാനും സഹജീവികളെ സ്നേഹപൂർവം വീക്ഷിക്കാനുമുതകുന്ന സ്നേഹദർശനമാണെന്നു തെളിയിക്കുന്നു എസ്. ഗോപാലകൃഷ്ണൻ ഉദ്ധരിക്കുന്ന ഗാന്ധിജിയുടെ ഈ വരികൾ. ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യവാഞ്ഛകൾക്ക് ഉജ്ജ്വല നേതൃത്വം നൽകാൻ ഭാരതീയപാരമ്പര്യത്തിന്റെ മൂല്യങ്ങളിൽ ഉറച്ചുവിശ്വസിക്കുമ്പോൾത്തന്നെ (അതൊരിക്കലും സാമ്പ്രദായികവും അനാചാരബദ്ധവുമായിരുന്നില്ല) അദ്ദേഹത്തിനു കഴിഞ്ഞതും മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ ഈ ചിരന്തനദർശനമായിരുന്നു. എല്ലാ നിരീക്ഷണങ്ങളോടും യോജിക്കുന്നില്ലെങ്കിലും ശ്രദ്ധേയവും പഠനാർഹവുമായ ലേഖനമായിരുന്നു ഗോപാലകൃഷ്ണന്റേത്.

**ടി.പി. ഗായത്രി,**
കാര്യവട്ടം, തിരുവനന്തപുരം

## ഭക്ഷ്യസുരക്ഷ

കോടിക്കണക്കിന് ജനങ്ങൾ പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്ന ഈ രാജ്യത്ത് ഭക്ഷണം കിട്ടുമെന്ന് ഉറപ്പാക്കുക എന്നത് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ കടമയാണ്. ഇപ്പോഴെങ്കിലും കേന്ദ്ര ഗവൺമെന്റിന് ഇത്തരത്തിലൊരു നിയമം നടപ്പാക്കുവാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. സ്വാതന്ത്ര്യം കിട്ടിയിട്ട് 67 വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ ഇത്തരത്തിൽ ഒരു വിപ്ലവകരമായ നിയമം നടപ്പിൽ വന്നത് സാധാരണക്കാരായ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്. ന്യായ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ സാധാരണക്കാരന് ലഭ്യമാക്കുന്ന ഈ നിയമം കേരളം പോലുള്ള സംസ്ഥാനത്തുനിന്ന് ദാരിദ്ര്യം പൂർണമായും തുടച്ചുമാറ്റാൻ സഹായകമാകും. ഈ നിയമത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകിയ ജനപഥത്തിന് എല്ലാവിധ നന്ദിയും അറിയിക്കുന്നു.

**അഞ്ജു കൃഷ്ണ,**
കലവൂർ, ആലപ്പുഴ

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡുകൾ നൽകുന്നതിന് രചനകൾ ക്ഷണിക്കുന്നു. എൻ.വി. കൃഷ്ണവാര്യരുടെ പേരിൽ വൈജ്ഞാനിക സാഹിത്യത്തിലെ മികച്ച കൃതിക്കും വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിൽ സർഗാത്മക സാഹിത്യത്തിനുള്ള അവാർഡ് നോവൽ/ചെറുകഥയ്ക്കും ഡോ. കെ.എം. ജോർജിന്റെ പേരിൽ നിരൂപണത്തിനും എം.പി. കുമാരന്റെ പേരിൽ വിവർത്തനത്തിനുമാണ് അവാർഡ് നൽകുന്നത്. ഏറ്റവും നല്ല കൃതികൾക്ക് പതിനായിരം രൂപയും പ്രശസ്തി പത്രവും ഫലകവും നൽകുന്നതാണ്. 2012-13 വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച കൃതികൾക്കാണ് അവാർഡ് നൽകുക. ഗ്രന്ഥകർത്താക്കൾക്കോ, പ്രസിദ്ധീകരണശാലകൾക്കോ അഭ്യുദയകാംക്ഷികൾക്കോ കൃതികൾ അയച്ചു തരാവുന്നതാണ്. കൃതികളുടെ മൂന്നു കോപ്പി വീതം ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം - 695 003 എന്ന വിലാസത്തിൽ 2013 നവംബർ 30 ന് മുമ്പായി എത്തിക്കേണ്ടതാണ്.

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2013

പുസ്തകം 2 ലക്കം 9

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ

**മിനി ആന്റണി ഐ.എ.എസ്.**

*ഡയറക്ടർ*

*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ

**സി. രമേഷ്കുമാർ**

അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*

**കെ.സി. അനിൽകുമാർ**

*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ

**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്‌ലേറ്റർ

**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ

**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ

**ഐ. & പി.ആർ.ഡി.**

*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ

**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്

**കെ. ബിജു**

പ്രതിനിധികൾ:

- **കെ.എസ്. ശൈലേന്ദ്രൻ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **ശക്തികുമാർ ആർ.,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, ജനപഥം,

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,

സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,

തിരുവനന്തപുരം-1

**ഫോൺ: 0471-2518171**


മുഖക്കുറിപ്പ്

# ഭാഷയിലെ സ്ത്രീസാന്നിധ്യം

ഭാഷകൾ പൊതുവേ പുരുഷാധിഷ്ഠിതമാണ് എന്നൊരു ആക്ഷേപം ഉണ്ട്. അത് ശരിയുമാണ്. സ്ത്രീകളുടെ സാമൂഹികാവസ്ഥയെ തുല്യനിലയിൽ കാണുവാൻ ഭാഷയ്ക്കും കഴിയുന്നില്ല. അത് ഒരുപക്ഷെ ഭാഷകൾ രൂപപ്പെട്ട സാമൂഹിക സാഹചര്യങ്ങൾ കൊണ്ടായിരിക്കാം. ഇന്ന് ഭാഷ സ്ത്രീപക്ഷമായിരിക്കണമെന്ന് ശഠിക്കുന്ന ഭാഷാശാസ്ത്രജ്ഞരും ചിന്തകരുമുണ്ട്. ഭാഷയിൽ സ്ത്രീകൾ നേരിടുന്ന അവമതിക്കെതിരെ ശക്തമായ നിലപാടുകളുമായി സ്ത്രീകൾ രംഗത്തു വരുന്നുണ്ട്.

പൊതു വ്യവഹാരങ്ങളിൽപ്പോലും ഭാഷ സമത്വത്തിന്റേതായ സൂചകങ്ങൾ നൽകുന്നില്ല. മനുഷ്യൻ എന്ന വാക്ക് സ്ത്രീയെക്കൂടെ ഉൾക്കൊള്ളുന്ന ഒന്നായി പൊതുവിൽ വ്യവഹരിക്കപ്പെടുന്നില്ല. നമ്മുടെ ചൊല്ലുകളും പഴമൊഴികളും സ്ത്രീ വിരുദ്ധമായ പ്രയോഗങ്ങളാൽ സമ്പന്നമാണ്. പൊതുവിടങ്ങളിൽ സ്ത്രീ ഇടപെടലുകളെ പഴമൊഴികൾ കൊണ്ട് നിശബ്ദരാക്കുവാൻ നമുക്ക് എളുപ്പം കഴിയുന്നു. 'പെൺബുദ്ധി പിൻബുദ്ധി'- തുടങ്ങി അനേകം പ്രയോഗങ്ങൾ സ്ത്രീകളെ രണ്ടാം തരക്കാരായി നിലനിർത്തുന്നതിൽ പ്രത്യേകം ശ്രദ്ധവെക്കുന്നുണ്ട്.

ആധുനിക സമൂഹരൂപീകരണത്തിൽ സ്ത്രീകളും നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. കലയിലും സാഹിത്യത്തിലും മറ്റു സർഗമേഖലകളിലും സ്ത്രീകളുടെ സാന്നിധ്യം വളരെ സജീവമായ ഇക്കാലത്ത് സ്ത്രീ സൗഹൃദപരമായ ഒരു ഭാഷ രൂപപ്പെടേണ്ടത് അനിവാര്യമാണ്. സാറാജോസഫ് നിരീക്ഷിക്കുന്നതുപോലെ എഴുത്തുകാരികൾ നേരിടുന്ന വലിയ വെല്ലുവിളികൾ അവരെ ഉൾക്കൊള്ളാത്ത ഭാഷ ഉപയോഗിക്കേണ്ടിവരുന്നുവെന്നതാണ്.

ജനസംഖ്യയിൽ പകുതിയോളം സ്ത്രീകളാണെങ്കിലും അവരുടെ സാന്നിധ്യം നിശബ്ദമാക്കപ്പെടുകയോ മായിച്ചുകളയുകയോ ചെയ്യുന്ന സാമൂഹിക സാഹചര്യം ഇവിടെ നിലനിൽക്കുന്നുണ്ട്. അതിനെതിരായ ചെറുത്തുനിൽപ്പ് നമ്മുടെ ഭാഷയിലും സമീപകാലത്ത് ആർജവത്തോടെ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകളെക്കൂടി ഉൾക്കൊള്ളുന്ന ഭാഷയ്ക്കുവേണ്ടിയുള്ള അന്വേഷണം ഭാഷയെ നവീകരിക്കുന്നതിനും സമകാലികമാക്കുന്നതിനും സഹായകമാക്കും.

ഈ ലക്കം മലയാള സാഹിത്യത്തിലെ സ്ത്രീകളുടെ സാന്നിധ്യത്തെക്കുറിച്ചുള്ള അന്വേഷണമാണ്. ഭാഷയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സമകാലീനമായ അന്വേഷണങ്ങളുടെ ഭാഗമാണ് സ്ത്രീപക്ഷ ഭാഷയെക്കുറിച്ചുള്ള ഈ ലക്കത്തിലെ ലേഖനങ്ങൾ. ഭാഷയിലെ തുല്യനീതിക്കുവേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടം സാമൂഹിക വളർച്ചയുടെ സൂചകങ്ങൾ കൂടിയാണ്.

**മിനി ആന്റണി**

ചീഫ് എഡിറ്റർ

കെ.എം. മാണി
ധന മന്ത്രി



# സംസ്ഥാനത്തിന്റെ ധനസ്ഥിതി: ആശങ്കവേണ്ട

**സംസ്ഥാനത്തിന്റെ സാമ്പത്തികനില സംബന്ധിച്ച് മാധ്യമങ്ങളിലൂടെ ഉയരുന്ന ആശങ്കകൾക്ക് മറുപടി പറയുകയാണ് ധനമന്ത്രി കെ.എം. മാണി. ഫലപ്രദമായ ധനമാനേജ്മെന്റിലൂടെയും ഇടപെടലുകളിലൂടെയും കേരളത്തിന്റെ സാമ്പത്തികനില സുഭദ്രമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു.**

***സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെക്കുറിച്ച് പലവിധ ആശങ്കകളും മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി എന്താണ്?***

അധികാരത്തിൽ വന്നശേഷം വർധിച്ചതോതിൽ വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പലരും പ്രചരിപ്പിക്കുന്നതുപോലെ പ്രതിസന്ധിയിലല്ല. എന്നാൽ ചില വൈഷമ്യങ്ങളുണ്ടെന്നത് യാഥാർത്ഥ്യം.

കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം മുതലായ വൻ മൂലധനച്ചെലവുള്ള പദ്ധതികൾ നടപ്പാക്കിവരു

മ്പോഴും സംസ്ഥാനത്തിന് വെയ്സ് & മീൻസ് അഡ്വാൻസോ ഓവർ ഡ്രാഫ്റ്റോ എടുക്കേണ്ടി വന്നില്ല. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 2013 ഓഗസ്റ്റ് 24 ൽ സംസ്ഥാനത്തിന്റെ ട്രഷറി മിച്ചം 1727.32 കോടി രൂപയാണ്. സർക്കാർ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പള ഇനത്തിൽ ചെലവ് 1400 കോടി രൂപയാണ്. സെപ്റ്റംബർ മാസത്തെ 25 ശതമാനം ശമ്പളം കൂടി നൽകിയപ്പോൾ 250 കോടി രൂപ കൂടിയായി. ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ് / ബോണസ്, ഓണം അഡ്വാൻസ് എന്നിവ നൽകുന്നതിന് വേറെ 600 കോടി രൂപയാകും. പെൻഷൻ ഇനത്തിൽ 600 കോടി രൂപയും ചെലവാകും.

നടപ്പു സാമ്പത്തിക വർഷം ജൂൺ വരെ നികുതിയിനത്തിൽ 7545 കോടി രൂപയും നികുതിയേതര വരുമാനത്തിൽ 813 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് യഥാക്രമം 8.8 ശതമാനവും 22.67 ശതമാനവും കൂടുതലാണ്.

മൂലധന ചെലവിനത്തിൽ 2011-12, 2012-13 വർഷങ്ങളിൽ ഗണ്യമായ വർധനവ് ഉണ്ടായി. ഈ വർഷങ്ങളിൽ യഥാക്രമം മൂലധനച്ചെലവിനത്തിൽ 4851.46 കോടി രൂപയും 5739.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ജൂൺ മാസം വരെ ഈ ഇനത്തിലുള്ള ചെലവ് 901 കോടി രൂപയാണ്. ഇത് മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 29 ശതമാനം കൂടുതലാണ്.

കേരളത്തിന്റെ സ്വപ്ന പദ്ധതികളായ കൊച്ചി മെട്രോറെയിൽ പദ്ധതി, വിഴിഞ്ഞം തുറമുഖം തുടങ്ങിയവയോട് അനുബന്ധിച്ചുള്ള അടിസ്ഥാനസൗകര്യ വികസനങ്ങൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ഒപ്പം 2011-12 മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., റേഷൻ സബ്സിഡി എന്നിവയ്ക്ക് യഥാക്രമം 465 കോടി രൂപ, 387.4 കോടി രൂപ, 1890 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ യഥാക്രമം 200 കോടി രൂപ, 280 കോടി രൂപ, 290 കോടി രൂപ ബജറ്റ് വിഹിതത്തിനു പുറമെ അനുവദിച്ച അധിക ധനസഹായമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് 270 കോടി രൂപയും 155 കോടി രൂപയും അനുവദിച്ചു. ഇതിൽ യഥാക്രമം 110 കോടി രൂപയും 135 കോടി രൂപയും ബജറ്റ് വിഹിതത്തിനു പുറമെ അനുവദിച്ച അധിക ധനസഹായമാണ്. ഉയർന്ന താങ്ങുവില നൽകിക്കൊണ്ട് നെല്ല് സംഭരണം നടത്തുന്നതിന് 510 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 80 കോടി രൂപ ബജറ്റ് വിഹിതത്തിനു പുറമെ അനുവദിച്ച അധിക ധനസഹായമാണ്. സംസ്ഥാനത്തിന്റെ വൻ വികസന ആവശ്യങ്ങളെല്ലാം ധനവകുപ്പ് നിറവേറ്റിക്കൊടുക്കുന്നുണ്ട്. വികസന സൗഹൃദപരമായ ഒരു ധനകാര്യമാനേജ്മെന്റാണ് ധനവകുപ്പിന്റേത്.

സംസ്ഥാനത്തിന്റെ വൻ വികസന ആവശ്യങ്ങളെല്ലാം ധനവകുപ്പ് നിറവേറ്റിക്കൊടുക്കുന്നുണ്ട്. വികസന സൗഹൃദപരമായ ഒരു ധനകാര്യമാനേജ്മെന്റാണ് ധനവകുപ്പിന്റേത്.

2013 ജൂലൈ വരെ വാറ്റ്-നോൺവാറ്റ് ഇനത്തിൽ ദേശീയതലത്തിൽ 12 ശതമാനം വളർച്ച നേടിയപ്പോൾ കേരളത്തിന് 14.4 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞു. അഖിലേന്ത്യാതലത്തിൽ ഇത് 12 ശതമാനമാണ്.

മറ്റ് സംസ്ഥാനങ്ങളുടെ വളർച്ചാ നിരക്ക് ഇങ്ങനെയാണ്.

തമിഴ്നാട് 7.2 ശതമാനം, കർണാടക 13.9 ശതമാനം, മഹാരാഷ്ട്ര 7.1 ശതമാനം, ഗുജറാത്ത് 2.5 ശതമാനം, ബീഹാർ 3.8 ശതമാനം

കഴിഞ്ഞ വർഷം നവംബർ വരെ ആകെ ചെലവ് 27,333 കോടി. ഈ വർഷം അത് 32,972 കോടി ആയി. 20 ശതമാനം വർധനവ്. റവന്യൂ വർധനവ് 11 ശതമാനം മാത്രമേയുള്ളൂ.

ചില സാമ്പത്തിക വൈഷമ്യങ്ങളുണ്ട്. അവ പരിഹരിക്കാൻ അടിന്തര നടപടികൾ സ്വീകരിക്കും.

***ഈ സാമ്പത്തിക വൈഷ്യമങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?***

നികുതിപിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. സ്വമേധയാ പുതിയ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ഊർജിത പരിപാടി 2013 സെപ്റ്റംബർ 30 ന് അവസാനിച്ചു. 8,800 പേർ പുതുതായി രജിസ്ട്രേഷൻ എടുത്തു. ഇതോടെ രജിസ്ട്രേഡ് ഡീലർമാരുടെ എണ്ണം 2.3 ലക്ഷം ആയി. ഇതുവരെ ഇപ്രകാരം രജിസ്ട്രേഷൻ എടുക്കാത്തവരുടെമേൽ കർശന ശിക്ഷാനടപടി സ്വീകരിക്കും.

കെ.ജി.എസ്.ടി. നിയമപ്രകാരം 2005 മാർച്ച് 31 വരെയുള്ള കുടിശിക പിരിച്ചെടുക്കുന്നതിനുള്ള ആംനെസ്റ്റി സ്കീം കാലാവധി 2013 ഡിസംബറിൽ അവസാനിക്കും. ഇതുപ്രകാരം പരമാവധി തുക പിരിച്ചെടുക്കുന്നതിനുള്ള തീവ്രപരിപാടി രൂപവത്കരിക്കുന്നതാണ്.

സി.എസ്.ടി അസസ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടികൾ ശക്തമാക്കുന്നതിനായി ഡെപ്യൂട്ടി കളക്ടർമാരുടെ വീഡിയോ കോൺഫറൻസ് നടത്തി. നികുതി കുടിശികകളുടെ സ്റ്റേ കേസ്സുകളിൽ അവ നീക്കുന്നതിനുള്ള നടപടികൾ എ.ജിയുമായി ആലോചിച്ച് ത്വരിതപ്പെടുത്തും.

നികുതി കുടിശിക വരുത്തുകയോ റിട്ടേൺ ഫയൽ ചെയ്യാതിരിക്കുകയോ ചെയ്യുന്ന വ്യാപാരികളുടെ ചരക്കുകൾ ചെക്ക് പോസ്റ്റുകളിൽ പിടിച്ചിടാൻ നിർദേശം നൽകും. പ്രധാന വ്യാപാരികളുടെ വാർഷിക റിട്ടേണുകൾ 13, 13എ വകുപ്പുകൾ പ്രകാരമുള്ള ഓഡിറ്റ് സ്റ്റേറ്റുമെന്റുമായി ഒത്തുനോക്കി വ്യതിയാനങ്ങൾ കാണുന്നപക്ഷം നികുതി പുനർനിർണയത്തിന് നടപടിയെടുക്കും.

കേന്ദ്ര വില്പന നികുതിപ്രകാരം നികുതിയിളവ് ലഭ്യമാക്കുന്നതിനായി സി.ഫോം



**വാണിജ്യനികുതി വകുപ്പിന്റെ വാറ്റ് രജിസ്ട്രേഷൻ, ഒറ്റത്തവണ പ്രോത്സാഹന പദ്ധതി, ആംനസ്റ്റി സ്കീം എന്നിവയുടെ സംസ്ഥാനതല ഉദ്ഘാടനം ധനമന്ത്രി കെ.എം. മാണി നിർവഹിക്കുന്നു.**

ഫയൽ ചെയ്യേണ്ടതുണ്ട്. അത് ചെയ്യാതെ നികുതിയിളവ് ക്ലെയിം ചെയ്യുന്ന വ്യാപാരികൾക്കെതിരെ നികുതി പുനർനിർണയം നടത്തി അധികനികുതി ഈടാക്കും.

വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി ആദായനികുതിവകുപ്പ്, കസ്റ്റംസ് & സെൻട്രൽ എക്സൈസ് വകുപ്പ് എന്നിവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് റിട്ടേണുമായി ഒത്തുനോക്കി പരിശോധിക്കും.

ആഡ്വാൻസ് നികുതിക്കു വിധേയമായ ചരക്കുകളുടെ തറവില കമ്പോളവിലയുമായി ഏകീകരിക്കുന്നതാണ്.

***ചെലവ് ചുരുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?***

ധനവകുപ്പിന്റെ അനുമതിയില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതല്ല. സർക്കാർ ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾ കർശനമാക്കും. ബന്ധപ്പെട്ട വകുപ്പിൽ ഉദ്യോഗസ്ഥന്റെ സേവനം, പകരം ആളെവയ്ക്കാതെ വിട്ടുനൽകാൻ കഴിയുമെങ്കിൽ മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കാവൂ.

തുല്യ തസ്തികയിലുള്ളവരെ മാത്രമേ ഡെപ്യൂട്ടേഷനിൽ നിയോഗിക്കാവൂ. നിലവിലുള്ളവരുടെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകുന്നതല്ല.

പൊതുമേഖലാ/സ്വയംഭരണ സ്ഥാപന

# കരുണയുടെ കൈത്താങ്ങ്

## 20 മാസം, 20,000 പേർക്ക് 200 കോടിയുടെ സഹായം

സംസ്ഥാനത്തെ ഭാഗ്യക്കുറിക്കും ജീവകാരുണ്യപ്രവർത്തനത്തിനും പുതിയ മാനം നൽകിയ കാരുണ്യ സൗജന്യ ചികിത്സാപദ്ധതി റെക്കോഡ് നേട്ടത്തിലേക്ക്.

2012-13 ലെ സംസ്ഥാന ബജറ്റിൽ ധനമന്ത്രി കെ.എം. മാണി പ്രഖ്യാപിച്ച ഈ സ്വപ്ന പദ്ധതി കേവലം ഇരുപതു മാസം കൊണ്ട് എത്തിച്ചേർന്നത് 20,000 കുടുംബങ്ങളിൽ. നൽകിയത് 200 കോടി. കാരുണ്യ ഭാഗ്യക്കുറിയുടെ 109 നറുക്കെടുപ്പുകളിൽ നിന്നായി 211.42 കോടി രൂപയുടെ അറ്റാദായം ലഭിച്ചിട്ടുണ്ട്. കാരുണ്യ ഇന്ന് ഈ സർക്കാരിന്റെ കാരുണ്യത്തിന്റെയും കാര്യക്ഷമതയുടെയും മുഖമുദ്രയായി മാറിയിരിക്കുന്നു. രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും ഇന്ന് കാരുണ്യ പദ്ധതിയിലേക്ക് തിരിഞ്ഞിരിക്കുകയാണ്.

അവയവദാനം ചെയ്യുന്നവരുടെ ചികിത്സാ ചെലവുകൂടി കാരുണ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് കാരുണ്യയുടെ ഈ ചരിത്രനേട്ടം അതിന്റെ ഉപജ്ഞാതാവുകൂടിയായ ധനമന്ത്രി കെ.എം. മാണി കനകക്കുന്നിലെ നിറഞ്ഞ സദസ്സിൽ പ്രഖ്യാപിച്ചത്. കാരുണ്യത്തിന്റെ മറ്റൊരു തൂവൽസ്പർശം. ഒപ്പം ആരോഗ്യമന്ത്രിയുടെ അഭ്യർഥന മാനിച്ച് ഹീമോഫീലിയ രോഗികളുടെ തുടർ ചികിത്സാ ചെലവും പദ്ധതിയിലുൾപ്പെടുത്താൻ ധനമന്ത്രി സന്നദ്ധത പ്രകടിപ്പിച്ചു.

അര നൂറ്റാണ്ടിനിടയിൽ കേരളം കണ്ട ഏറ്റവും വിപ്ലവകരമായ പദ്ധതിയാണ് കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി. ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങ് നൽകുന്നതിലുമപ്പുറം മറ്റൊരു പുണ്യപ്രവൃത്തിയില്ലെന്ന് വിശ്വസിച്ച ഗാന്ധിജിയുടെ സ്വപ്നം യാഥാർഥ്യമാക്കുകയായിരുന്നു കാരുണ്യയിലൂടെ.



**കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ചികിത്സാധനസഹായം 200 കോടിയിലെത്തിയതിന്റെ പ്രഖ്യാപന സമ്മേളനം മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്യുന്നു**

ങ്ങളിലേക്ക് സർക്കാർ ജീവനക്കാരെ ഡെപ്യൂട്ട് ചെയ്യുന്നത് നിരുത്സാഹപ്പെടുത്തും.

താത്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ തുടർച്ചാനുമതി സംബന്ധിച്ച കാര്യം പരിശോധിക്കാൻ ധനകാര്യ എക്സ്പന്റിച്ചർ സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കും. കമ്മിറ്റിയുടെ ശുപാർശകൾ മന്ത്രിസഭയുടെ അംഗീകാരത്തിന് അവതരിപ്പിക്കും. പദ്ധതിയേതര ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തും.

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടിയെടുക്കും. വിദേശയാത്രകൾ നിയന്ത്രിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം കരാറടിസ്ഥാനത്തിൽ വാടകയ്ക്കെടുക്കുന്നതിന് നടപടിയെടുക്കും. റവന്യൂ കുടിശിക പിരിച്ചെടുക്കാൻ ഊർജിത ശ്രമം നടത്തും.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ല. കർശനമായ നിയന്ത്രണ നടപടികളിലൂടെ ഇതൊക്കെ പരിഹരിക്കാവുന്നതേയുള്ളു. മാധ്യമങ്ങൾ ആശങ്കയുണർത്തുന്നതുകണ്ട് ജനങ്ങൾ ഉത്കണ്ഠപ്പെടേണ്ടതില്ല. ധനകാര്യ മാനേജ്മെന്റിലൂടെ പരിഹരിക്കാവുന്ന പ്രതിസന്ധികൾ മാത്രമേ ഇപ്പോൾ ഉള്ളൂ. ■

---

ഭാഗ്യക്കുറിക്ക് വ്യത്യസ്തമായ മുഖം നൽകാൻ കാരുണ്യ ഭാഗ്യക്കുറിക്കു കഴിഞ്ഞു. ഇന്ന് ഓരോ മലയാളിയും കാരുണ്യ ഭാഗ്യക്കുറിയുടെ അംബാസഡർമാരാണ്. ഇത്തരമൊരു അനുഭവം അപൂർവമാണ്; ഇന്ത്യയിൽ ആദ്യം.

മാരകരോഗങ്ങളായ ക്യാൻസർ, വൃക്ക-ഹൃദയ സംബന്ധമായ രോഗങ്ങൾ, തലച്ചോറ്, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾക്കും ഹീമോഫീലിയ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾക്കും പാലിയേറ്റീവ് കെയറിനും ധനസഹായം ലഭിക്കുന്നതാണ്. ഒരു കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപ എന്ന പരിധിയിൽ കുടുംബത്തിലെ ഒരാൾക്കോ ഒന്നിലധികം ആളുകൾക്കോ, ഒരു പ്രാവശ്യമോ, ഒന്നിലധികം പ്രാവശ്യമായോ ചികിത്സാധനസഹായം ലഭിക്കും. ശ്വാസകോശരോഗങ്ങൾ, മാരകമായ നട്ടെല്ല്, സുഷുമ്നാ നാഡി രോഗങ്ങൾ, താലിസീമിയ, സിക്കിൾ സെൽ അനീമിയ എന്നിവയും ധനസഹായം ലഭിക്കാവുന്ന രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

എല്ലാ ഹീമോഫീലിയ രോഗികളേയും പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അടിയന്തര സാഹചര്യത്തിൽ ആവശ്യമായ മരുന്നുകൾ (ഫാക്ടർ ഏഴ്, എട്ട്, ഒൻപത്) കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻ മുഖാന്തരം ലഭ്യമാക്കുന്നു. നാളിതുവരെ 723 രോഗികൾ രജിസ്റ്റർ ചെയ്യുകയും 14.46 കോടി രൂപ ചികിത്സാ ധനസഹായം അനുവദിക്കുകയും ചെയ്തു.

## കാരുണ്യ ഡയാലിസിസ് സെന്ററുകൾ

വൃക്കരോഗികൾക്ക് ഡയാലിസിസ് സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കോട്ടയം, തൃശൂർ എന്നിവിടങ്ങളിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പത്ത് മെഷീനുകൾ വീതമുള്ള ഓരോ കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ ഡയാലിസിസ് സെന്റർ 2013 ജൂലൈയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ

> ചികിത്സാധനസഹായം സുതാര്യമായും പരമാവധി വേഗത്തിലും ലഭ്യമാക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നതു മുതൽ തുക വിതരണം ചെയ്യുന്നതുവരെയുള്ള പ്രക്രിയ പൂർണമായും കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ അടിയന്തരഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ഇംപ്രസ്റ്റ് മണി നൽകിയിട്ടുണ്ട്. സർക്കാർ ആശുപത്രികൾക്കു പുറമെ 56 സ്വകാര്യ ആശുപത്രികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രവർത്തനം ആരംഭിച്ചു. ഇതിനുപുറമെ ആരോഗ്യവകുപ്പുമായി ചേർന്ന് 27 ജില്ലാ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ 31.5 കോടി രൂപയും അനുവദിച്ചു. 12 സ്വകാര്യ ആശുപത്രികളെ ഇതിനായി അക്രഡിറ്റ് ചെയ്തിട്ടുണ്ട്.

സ്ഥലസൗകര്യം ലഭ്യമാക്കുന്ന അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ദൂരെ ദേശത്ത് നിന്നും ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിന് കാരുണ്യ ഹോമുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ചികിത്സാധനസഹായം സുതാര്യമായും പരമാവധി വേഗത്തിലും ലഭ്യമാക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്നതു മുതൽ തുകവിതരണം ചെയ്യുന്നതുവരെയുള്ള പ്രക്രിയ പൂർണമായും കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ അടിയന്തരഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ ഇംപ്രസ്റ്റ് മണി നൽകിയിട്ടുണ്ട്. സർക്കാർ ആശുപത്രികൾക്കു പുറമെ 56 സ്വകാര്യ ആശുപത്രികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് അപേക്ഷ നൽകി 24 മണിക്കൂറിനകം മുൻകൂർ ചികിത്സാ അനുമതി നൽകാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല സമിതിക്ക് ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകർക്ക് രോഗിയുടെ ആവശ്യപ്രകാരം 12 മണിക്കൂറിനുള്ളിൽ അഡ്മിനിസ്ട്രേറ്റർ മുൻകൂർ ചികിത്സാ അനുമതി ഇ-മെയിലായി ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു. തുടർന്ന് ധനസഹായത്തുക സംസ്ഥാനതല കമ്മിറ്റി തീരുമാനപ്രകാരം ആശുപത്രിക്ക് നൽകുന്നു.

ചികിത്സാ ധനസഹായത്തിനായി അപേക്ഷ കൊടുക്കാത്ത ഗുണഭോക്താക്കൾ സർക്കാർ ആശുപത്രികളിൽ അടിയന്തര സാഹചര്യത്തിൽ ശസ്ത്രക്രിയയ്ക്കു വിധേയരാകേണ്ടിവന്നാൽ ശസ്ത്രക്രിയ കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതാണ്. 48 മണിക്കൂർ സമയപരിധിക്കുള്ളിൽ സർക്കാർ പ്രഖ്യാപിത അവധി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസവും അപേക്ഷ സ്വീകരിക്കും.

## ചികിത്സാ ചെലവ് റീ-ഇംബേഴ്സ്മെന്റ്

ചികിത്സാ ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് തുക ആശുപത്രിയിൽ ലഭിക്കുന്നതിനു മുൻപ് അടിയന്തര സാഹചര്യത്തിൽ സ്വന്തം ചെലവിൽ ചികിത്സ നടത്തേണ്ടിവന്നാൽ അപേക്ഷ നൽകിയ തീയതി മുതൽ ആശുപത്രി ചികിത്സ കഴിയുന്നതുവരെയുള്ള കാലയളവിൽ ചികിത്സയ്ക്കായി ചെലവായ തുക റീ-ഇംബേഴ്സ്മെന്റായി ലഭിക്കും. ■

*അജിത് വെണ്ണിയൂർ*

സാറാജോസഫ്/ഡോ. ആർ. ശ്രീലതാ വർമ

# ഭാഷയിലും ലിംഗനീതി സാധ്യമാണ്

**കേരളത്തിൽ സ്ത്രീപക്ഷ കേന്ദ്രിതമായ സംവാദങ്ങളും പ്രവർത്തനങ്ങളും സജീവമാക്കുന്നതിൽ ഗണ്യമായ പങ്ക് വഹിച്ച എഴുത്തുകാരിയും ആക്ടിവിസ്റ്റുമാണ് സാറാ ജോസഫ്. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ആലാഹയുടെ പെൺമക്കൾ, ഒതപ്പ്, ആതി തുടങ്ങിയ നോവലുകളും പാപത്തറ ഉൾപ്പെടെ ശ്രദ്ധേയമായ കഥാസമാഹാരങ്ങളും അവരുടേതായുണ്ട്. ഭാഷയിലെ സ്ത്രീയുടെ അഭാവവും ലിംഗസമത്വാധിഷ്ഠിതമായ പുതുഭാഷയുടെ പ്രസക്തിയുമാണ് സാറാജോസഫ് അഭിമുഖത്തിൽ ചൂണ്ടിക്കാട്ടുന്നത്.**



***? സ്ത്രീയെ സംബന്ധിച്ച് ഭാഷ സ്വത്വനിർണയത്തിനും സ്വത്വനിർവചനത്തിനുമുള്ള ഉപാധികൂടിയാണെന്ന് ഏറ്റവും കൂടുതൽ പറയുകയും എഴുതുകയും ചെയ്തിട്ടുള്ളത് ടീച്ചറാണ്. ഇതേക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയാമോ***

ഭാഷ സമൂഹ നിർമിതിയാണ്. സമൂഹത്തിൽ നിലനിന്നിരുന്ന അധികാരഘടനയ്ക്കനുസരിച്ചാണ് ഭാഷ രൂപപ്പെട്ടപ്പോൾ അതിൽ ഓരോ സ്വത്വത്തിനും ഇടം കിട്ടിയത്. പുരുഷാധിപത്യപരമായ സമൂഹത്തിലെ ഭാഷയും പുരുഷാധിപത്യപരമായിരിക്കും. സമൂഹത്തിലുള്ളതാണ് ഭാഷയിൽ പ്രതിഫലിക്കുക. സമൂഹത്തിലില്ലാത്തത് ഭാഷയിലും ഉണ്ടാകില്ല. ഇങ്ങനെ വരുമ്പോൾ, സ്ത്രീ എത്രത്തോളം പാർശ്വവത്കരിക്കപ്പെട്ടു എന്നറിയാൻ നമ്മുടെ ഭാഷ പഠിച്ചാൽ മതി. ഏതു ഭാഷയ്ക്കും ഇത് മാനദണ്ഡമാക്കാം. ഇംഗ്ലീഷിലും ഇതുണ്ട്. ഉദാഹരണത്തിന് 'ചെയർമാൻ' എന്ന വാക്കിൽ സ്ത്രീയെക്കൂടി ഉൾക്കൊള്ളുന്ന ഒരു തലം ഇല്ല. 'ചെയർപേഴ്സൺ' എന്നാകുമ്പോൾ രണ്ടുപേരെയും ചേർത്തുവയ്ക്കാം. നമ്മുടെ ഭാഷയിൽ ഈ വഴിക്കുള്ള അന്വേഷണം ഞാൻ കുറച്ചൊക്കെ നടത്തിയിട്ടുണ്ട്. 'പെണ്ണെഴുത്തിന്റെ പ്രസക്തി' എന്ന ലേഖനത്തിൽ ഈ വിഷയം ഉന്നയിക്കുന്നുണ്ട്. വ്യാകരണമടക്കമുള്ളവയിൽ സ്ത്രീവിരുദ്ധത പ്രകടമാണ്. ജീവിതമൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വിരുദ്ധത കടന്നുവരുന്നത്. വേശ്യ, കന്യക, പതിവ്രത തുടങ്ങിയ പദങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ലൈംഗിക സദാചാരത്തിൽപ്പോലും പുരുഷന് ആനുകൂല്യങ്ങൾ നൽകുന്ന മൂല്യവ്യവസ്ഥയാണ് നമ്മുടെ സമൂഹം നിലനിർത്തിയിട്ടുള്ളത്. കന്യക എന്ന പദത്തിനു തുല്യമായി പുരുഷന്റെ അവസ്ഥയെക്കുറിക്കുന്ന ഒരു പദം നമുക്കില്ല. ബ്രഹ്മചര്യം പുരുഷന് ഒരു നിഷ്ഠയാണ്. വിവാഹത്തിനു മുമ്പ് ബ്രഹ്മചര്യം ഒരു നിഷ്ഠയായി എടുക്കണമെന്നൊന്നുമില്ല. എന്നാൽ സ്ത്രീയുടെ കന്യകത്വം വളരെ പ്രധാനമാണെന്നു വരുന്നു. ഇതിന് ആരോഗ്യപരമായ കാരണങ്ങളിലൂന്നിയിട്ടുള്ള പ്രാധാന്യം മാത്രമേ കൊടുക്കേണ്ട

തുള്ളൂ. ഒരു പെൺകുട്ടി വളരെ നേരത്തെ സെക്സിലേർപ്പെട്ടാൽ ആരോഗ്യപരമായി നല്ലതല്ല എന്ന വസ്തുതയാണ് പരിഗണി ക്കേണ്ടത്. എഴുത്തുകാരി അനുഭവിക്കുന്ന വലിയ പ്രതിസന്ധി താൻ (സ്ത്രീ), ഇല്ലാത്ത ഒരു ഭാഷയാണ് എഴുത്തിനുപ യോഗിക്കേണ്ടി വരുന്നത് എന്നതാണ്. സ്ത്രീ ശരീരം വിലയ്ക്കുവാങ്ങി അതിന്റെ സുഖം അനുഭവിച്ച് അതിന് പ്രതിഫലം കൊടുക്കുന്നവരാണ് ഏറ്റവും വലിയ കുറ്റം ചെയ്യുന്നവർ. അവരെ സൂചിപ്പി ക്കാൻ ഭാഷയിൽ ഒരു വാക്ക് ഇല്ലാതിരി ക്കുക, വേശ്യ എന്ന വാക്ക് നിലനിർത്തു കയും ചെയ്യുക - ഇതാണ് വിഷയം. താന ടങ്ങുന്ന സ്ത്രീ സമൂഹത്തെ ആവിഷ്ക്ക രിക്കാൻ എഴുത്തുകാരിക്ക് ഒരുപാട് അഭാ വങ്ങളാണുള്ളത്, വിടവുകളാണുള്ളത്, പോരായ്മകളാണുള്ളത്.

ടെക്നോളജിയുടെ ഭാഷ എല്ലാവർക്കും ഒരുപോലെയാണ്. കംപ്യൂട്ടറിനു മുന്നിൽ ലിംഗഭേദത്തോടുകൂടിയല്ല കാര്യങ്ങൾ നടക്കുന്നത്. ബോധപൂർവമായി വരുത്തുന്ന മാറ്റങ്ങളുമുണ്ട്. ലിംഗപരവും ജാതിപരവും സാമ്പത്തികവുമായ അധികാരത്തിനെതിരെയുള്ള തിരിച്ചറിവും പ്രതിരോധവുമാണ് ഇവിടെ പ്രധാനം.

***? അധികാരത്തിന്റെ രീതികളെ ചെറു ക്കാനുള്ള ഉപകരണവുമാണല്ലോ ഭാഷ. ലിംഗാധിഷ്ഠിത സമീപനങ്ങളിൽ ഈ ചിന്തയുടെ പ്രസക്തിയെക്കുറിച്ച് എന്താ ണഭിപ്രായം.***

പുതു ഭാഷാ നിർമിതിയുടെ സാധ്യത തെളിയുന്നത് ഇവിടെയാണ്. 'മാനുഷി'യുടെ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ ഞങ്ങൾക്ക് 'മനുഷ്യൻ അവന്റെ ചരിത്രം നിർമിച്ചു' എന്ന വാക്യം അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം അമ്മ പ്രസവിച്ച്, പാലൂട്ടി വളർത്തി. അമ്മ കൃഷിപ്പണി ചെയ്തു, വയ്ക്കു കയും വിളമ്പുകയും ചെയ്തു. ഇതൊക്കെയും കൊണ്ടാണല്ലോ മനു ഷ്യൻ എന്ന പുല്ലിംഗം ഉണ്ടയതും നിലനിന്നതും. അപ്പോൾ മനു ഷ്യൻ എന്നുമാത്രം പ്രയോഗിക്കുന്നിടത്ത് അമ്മയുടെ പങ്ക് ഭാഷാപ്ര യോഗത്തിൽ മൂടിവയ്ക്കപ്പെടുന്നു. അവന്റെ മാത്രമല്ല അവളുടെയും പങ്ക് ഭാഷയിൽ ഏതു പദം കൊണ്ട് വ്യവഹരിക്കും? ഈ ആശയം ഉന്നയിച്ചപ്പോൾ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് പലരും, പ്രത്യേ കിച്ച്, ഇ.എം.എസും കവി സച്ചിദാനന്ദനും സ്ലാഷ് ചിഹ്നമിട്ട്, അതാ യത്, പുരുഷൻ/സ്ത്രീ എന്ന രീതി - പൊതുവായ കാര്യം രണ്ടുപേ രെയും ഉൾക്കൊള്ളിച്ചുകൊണ്ടു പറയുന്ന രീതി- എഴുത്തിൽ കൊണ്ടു വന്നു. അവനവന്റെ വേദന എന്നാണ് പ്രസവവേദനയെക്കുറിച്ചു പോലും സ്ത്രീക്ക് പറയേണ്ടി വരുന്നത്. പ്രസവം സ്ത്രീയുടേതുമാത്രമാണ്, വേദനയുമങ്ങ നെത്തന്നെ. പക്ഷേ അവൾ ഇല്ല, അവ നേയുള്ളൂ. ഈ അഭാവം മാറ്റി അവളവളെ ഭാഷയിൽ പ്രത്യക്ഷമാക്കുക എന്നത് ബോധപൂർവം ചെയ്തുകൊണ്ടിരുന്നാൽ മാത്രമേ ഇത് നിത്യപ്രയോഗത്തിൽ വരി കയുള്ളൂ. സ്ത്രീകളെ സംബന്ധിച്ച് ഇത് ശക്തമായൊരു ചെറുത്തുനിൽപ്പിന്റെ ഭാഗം കൂടിയാണ്.

## ഉയരുന്ന അവകാശബോധം

***? ആധിപത്യത്തിന്റെയും അധീനതയു ടെയും ഉയർച്ചതാഴ്ചകളിൽ നിന്നുകൊ ണ്ടാണ് പുരുഷനും സ്ത്രീയും ഭാഷ ഉപ യോഗിക്കേണ്ടത് എന്ന ധാരണ നമ്മുടെ സമൂഹം നൂറ്റാണ്ടുകളായി വെച്ചുപു ലർത്താൻ കാരണമെന്ത്***

ഒരു കാരണം ജീവിതത്തിൽ നില നിൽക്കുന്ന അധികാരഘടന തന്നെയാണ്. മറ്റൊന്ന്, ഈ അധികാരഘടനയ്ക്കനുസി ച്ചാണ് നമ്മുടെ സമൂഹത്തിൽ ഭാഷാപര മായ ബോധ്യങ്ങൾ ഉറച്ചിട്ടുള്ളതെന്നതാണ്. സംസ്കൃത നാടകങ്ങളിൽ കാണുന്ന രീതി യനുസരിച്ച് സ്ത്രീകളും നീചകഥാപാത്ര ങ്ങളും പ്രാകൃതമാണ് സംസാരിക്കുന്നത്. പാണ്ഡിത്യവും ദർശനവും സ്ത്രീയുടേ തല്ല. ഉയർന്ന ഒരു ബോധവും സ്ത്രീക്കില്ല. ഭാഷയുടെ ഏറ്റവും മികച്ച പ്രയോഗം സ്ത്രീയെക്കൊണ്ട് സാധിക്കുകയില്ല. രാഷ്ട്രീയാധികാരത്തിന്റെ ഭാഷ സ്ത്രീക്ക് അറിയില്ല. ഇങ്ങനെയുള്ള ധാരണകൾ ഇവിടെ വേരുറച്ചിട്ടുണ്ട്. അടുക്കള മാത്രം ലോകമാക്കിയ പെണ്ണിന്റെ അനുഭവങ്ങ ളിൽ നിന്നുകൊണ്ടാണ് അവൾ സംസാ രിക്കേണ്ടത്, സംസാരിച്ചുകൊണ്ടിരിക്കു ന്നത്. അതുകൊണ്ടു തന്നെ മുൻപു പറ ഞ്ഞതരം അവബോധങ്ങളുമായി ബന്ധ പ്പെട്ട ഭാഷാരീതികൾ അവൾക്ക് പ്രാപ്യ മായിരുന്നില്ല. പിന്നീടത് കീഴ്വഴക്കമായി. ഈ ലോകം എന്റേതല്ല, ഈ ഇടം എന്റേ തല്ല എന്നു പറയുന്ന ഒരു ബോധത്തെ പൊളിച്ചുകളഞ്ഞുകൊണ്ട് ഇത് എന്റേതുകൂ ടിയാണെന്ന് അവകാശബോധത്തോടെ ഭാഷ പ്രയോഗിക്കുമ്പോഴുണ്ടാകുന്ന പുതിയ സംഗതിയാണ് സ്ത്രീകൾ കണ്ടെ ത്തേണ്ടത്.

***? ഈ സ്ഥിതിക്ക് മാറ്റം വന്നതായി കരുതുന്നുണ്ടോ.***

ഇപ്പോൾ വലിയതോതിലുള്ള മാറ്റം വന്നിട്ടുണ്ട്. ഒന്നാമതായി ടെക്നോളജിയുടെ ഭാഷ എല്ലാവർക്കും ഒരുപോലെയാണ്. കംപ്യൂട്ട റിനു മുന്നിൽ ലിംഗഭേദത്തോടുകൂടിയല്ല കാര്യങ്ങൾ നടക്കുന്നത്. ബോധപൂർവമായി വരുത്തുന്ന മാറ്റങ്ങളുമുണ്ട്. ലിംഗപരവും ജാതി പരവും സാമ്പത്തികവുമായ അധികാരത്തിനെതിരെയുള്ള തിരിച്ച റിവും പ്രതിരോധവുമാണ് ഇവിടെ പ്രധാനം. ആഗോളീകരണത്തിന്റെ വൻതോതിലുള്ള ഭാഷാധിനിവേശത്തിനെതിരെ ഇന്ന് ഡയലെക്റ്റു കളും സ്ലാങ്ങുകളും ഉയർന്നുവന്ന് കരുത്താർജിക്കുന്നുണ്ട്. ലാറ്റിൻ അമേരിക്കൻ നോവലുകളിൽ ഇത് ധാരാളമായി കാണാം. ഞാൻ തന്നെ 'ആലാഹയുടെ പെൺമക്കളി'ൽ ചെയ്തതും സ്വന്തം വാമൊ ഴിയുടെ വക്കും തെറ്റും പൊട്ടാതെ മുഖ്യധാരയിലേക്ക് കൊണ്ടുവ രിക എന്നതായിരുന്നു. 'ഖസാക്കിന്റെ ഇതി ഹാസ'ത്തിൽ ഒ.വി. വിജയൻ, നമുക്ക് അന്നുവരെ അപരിചിതമായിരുന്ന പാല ക്കാടൻ ഈഴവരുടെയും മുസ്ലീങ്ങളുടെയും ഏറ്റവും വിദൂരമായ ഭാഷയുടെ വൈവി ധ്യങ്ങൾ മുഴുവൻ അവതരിപ്പിച്ചു. അവര വരുടെ ഭാഷയുടെ എരിയും പുളിയും മുഖ്യധാരയിലേക്ക് സമൃദ്ധമായി കൊണ്ടു വരിക എന്നത് ഒരു പ്രതിരോധമാണ്. അതുകൊണ്ടാണ് സാമാന്യഭാഷയിൽ എഴുതപ്പെട്ട ഒരു കൃതിയെക്കാൾ ഇത്തരം കൃതികൾ കൂടുതൽ ആസ്വാദ്യമാകുന്നത്. ഇവയിലെ ഭാഷാപരമായ സത്യസന്ധത യാണ് ഏറ്റവും ശ്രദ്ധിക്കേണ്ടത്.




***? സ്ത്രീ കേന്ദ്രിതം എന്നു പറയാ വുന്ന ഒരവബോധം നമ്മുടെ ഭാഷയി ലുണ്ടോ, അഥവാ ഉണ്ടാകുമോ?***

സ്ത്രീകേന്ദ്രിതമായ ഒരവബോധം - അതൊരു സ്വപ്നമല്ലേ? ചൈനയിൽ അങ്ങനെയുണ്ടായിരുന്നു. സ്ത്രീകൾ മാത്രം പങ്കുചേരുന്ന സംഭാഷണങ്ങളിൽ, ഒരുപക്ഷെ, ലൈംഗികതയെക്കുറി ച്ചൊക്കെ സംസാരിക്കാനായിട്ട് അവരുപ

യോഗിക്കുന്ന വാക്കുകളും മറ്റുമുണ്ടാകാം. മുൻപ് പറഞ്ഞതുപോലെ ചൈനയിലുണ്ടായിരുന്ന ഭാഷണരീതി സ്ത്രീകൾക്കു മാത്രം മനസ്സിലാകുന്നതായിരുന്നു. പുരുഷനെ പുറത്തുനിർത്തിക്കൊണ്ടുള്ളതായിരുന്നു. സ്ത്രീ കേന്ദ്രിതം/പുരുഷകേന്ദ്രിതം എന്ന വിഭാഗീയത മാറി എല്ലാവർക്കും ഇടമുള്ള ഒരു ഭാഷയാണ് വേണ്ടത്.

## സ്ത്രീയെ ഉൾക്കൊള്ളുന്ന ഭാഷ

***? ശ്രേഷ്ഠഭാഷാ പദവി ലബ്ധിയും മറ്റും പെണ്ണെഴുത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ ചിന്താപരിസരങ്ങളെ ഗുണപരമായി സ്വാധീനിക്കും എന്ന് കരുതുന്നുണ്ടോ***

സ്ത്രീ വിമോചനാശയങ്ങൾ മുന്നോട്ടുവെക്കുന്ന രാഷ്ട്രീയത്തിൽ ഭാഷ പുരുഷാധിപത്യപരമാണെന്നും, ഇങ്ങനെ പുരുഷാധിപത്യപരമായ ഭാഷയെ പൊളിച്ചെഴുതണമെന്നുമുള്ള ചിന്ത എല്ലാ എഴുത്തുകാരികളും പങ്കുവെച്ചിട്ടുള്ളതാണ്. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതുകൊണ്ട് അത് സ്ത്രീവിമോചനപരമായ ആശയങ്ങളെ ഉൾക്കൊള്ളുകയും ഭാഷയിൽ സ്ത്രീക്ക് ഇടംകൊടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും മറ്റും ചെയ്യുമെന്ന് ഞാൻ സ്വപ്നത്തിൽപ്പോലും വിചാരിക്കുന്നില്ല. തെന്നിന്ത്യൻ ഭാഷകളിൽ തമിഴിനെക്കാൾ ഒട്ടും മോശമല്ലാത്ത നില മലയാളത്തിനുണ്ട്. അനേകം വിജ്ഞാനമേഖലകളെ ഉൾക്കൊള്ളാൻ തക്ക വികാസം നമ്മുടെ ഭാഷയ്ക്കുണ്ട്. സാഹിത്യത്തിലും അതെ. സമ്പന്നമായ, വികസിക്കാൻ സാധ്യതയുള്ള ഒരു ഭാഷ എന്ന നിലയിലാണ് ശ്രേഷ്ഠഭാഷാപദവിയുടെ ലബ്ധി. ശ്രേഷ്ഠഭാഷാപദവി ലഭിച്ചതുകൊണ്ട് സ്ത്രീവിമോചനപരമായ ആശയങ്ങൾ നമ്മുടെ ഭാഷയിലേക്ക് കടന്നുവന്നു എന്ന അർഥമുണ്ടാകുന്നില്ല. ദളിത്, സ്ത്രീ പക്ഷങ്ങളിൽ നിന്ന് ഭാഷയെ നോക്കിക്കാണാൻ പ്രേരിപ്പിക്കുന്ന ഒരു സംഭവമല്ല ഈ പദവി. ഭാഷ ശ്രേഷ്ഠമാകണമെങ്കിൽ, അത് സ്ത്രീകളെയും മറ്റ് ന്യൂനപക്ഷങ്ങളെയും ഉൾക്കൊള്ളുന്നവിധത്തിൽ വളരുകയും വികസിക്കുകയും വേണം.

***? ഒരു ഭാഷയെ സംബന്ധിച്ചും ചിരന്തനമായ മൂല്യസങ്കൽപ്പങ്ങളില്ല. സ്ത്രീ ഭാഷയ്ക്കും ഇത് ബാധകമല്ലേ.***

തീർച്ചയായിട്ടും അതേ. മൂല്യങ്ങൾ ശാശ്വതങ്ങളാണെന്നു പറയുമെങ്കിലും ചില അടിസ്ഥാന കാര്യങ്ങളൊഴികെ മൂല്യങ്ങളിൽ എപ്പോഴും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. മൂല്യങ്ങൾ മാറുന്നതനുസരിച്ച് ഭാഷയിലും തീർച്ചയായും മാറ്റങ്ങൾ വരും. അതുകൊണ്ട് സ്ത്രീകളുടെ ഈയൊരു അവബോധം, ഉണർവ് ഭാഷയെ മാറ്റിത്തീർക്കുകയും കാലക്രമേണ, ഇന്ന് സ്ത്രീവിരുദ്ധമായി നിലനിൽക്കുന്ന പ്രയോഗങ്ങൾ ഇല്ലാതായി, പകരം സ്ത്രീക്ക് അനുകൂലമായ പ്രയോഗങ്ങളും ഭാഷാരീതികളും കടന്നുവരും. 'ചെമ്മീൻ തുള്ളിയാൽ എത്രത്തോളം' എന്നും മറ്റുമുള്ള സ്ത്രീവിരുദ്ധശൈലികൾ





പ്രയോഗിക്കാൻ ഇന്ന് ആളുകൾ മടിക്കുന്നുണ്ട്. അതുപോലെ പലതും.

***? ലിംഗനീതിയും ലിംഗരാഷ്ട്രീയവും പ്രകടിപ്പിക്കാത്ത ഭാഷ പെണ്ണിന് പ്രതിലോമകരമായ അവസ്ഥകൾ സൃഷ്ടിക്കും. ശരിയല്ലേ.***

തീർച്ചയായും. ഇപ്പോൾ മതഗ്രന്ഥങ്ങളിലും മറ്റും നടക്കുന്ന പുനർവായനകൾ സൂക്ഷിച്ചുനോക്കിയാൽ നമുക്കുതന്നെ ഇത് കണ്ടെത്താം. നല്ലൊരു ജീവിതത്തിനുവേണ്ടി എഴുതപ്പെട്ട പുസ്തകം എന്നമട്ടിലുള്ള ശീർഷകത്തോടെ ഈയടുത്തു പുറത്തിറങ്ങിയ സഭക്കാരുടെ ഒരു പുസ്തകത്തിൽ, ബൈബിളിലെ സ്ത്രീവിരുദ്ധ പ്രയോഗങ്ങളും ആശയങ്ങളും വാക്കുകളും അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കേരളപാണിനീയത്തിലെ വ്യാകരണം എത്രത്തോളം സ്ത്രീകളെ ഒഴിവാക്കിയിട്ടുള്ളതാണെന്ന് ഞാൻ അന്വേഷിച്ചിട്ടുണ്ട്. രാമായണഭാരതാദികളിലെ പല പദങ്ങളും സ്ത്രീവിരുദ്ധ ആശയങ്ങളും പുനർവായിക്കേണ്ടതുണ്ട്. ഇപ്രകാരം പുനർവായന നടത്തിയാൽ ഗാന്ധിജിയിൽപ്പോലും സ്ത്രീവിരുദ്ധ നിലപാടുകൾ കാണാനാകും. ഭാഷയിലെ ലിംഗനീതി എന്നത് അത്യധികം വിശാലമായ ആശയമാണ്. അത് ഒരേസമയം ജീവശാസ്ത്രപരവും സാമൂഹികവും നൈതികവും സദാചാരപരവുമാണ്. ഒരു സാംസ്കാരിക ഇടത്തിൽ സംസ്കാരം എന്നു വിളിക്കുന്നത് സ്ത്രീയെ പാർശ്വവത്കരിച്ചുകൊണ്ടുള്ള ഒന്നാണെന്ന് വരുന്നത് ദുരന്തമാണ്. വർഗപരം മാത്രമായ സമ്പത്തിനെ കേന്ദ്രീകരിച്ചുകൊണ്ടു മാത്രമുള്ള ഒന്നല്ല, സാംസ്കാരികമായ ഒന്നാണ് ലിംഗനീതി എന്നത്.

## സമത്വാധിഷ്ഠിതമായ അതിജീവനം

***? ഒരു ജൈവസാന്നിധ്യമെന്ന നിലയിൽ ഭാഷയുടെ സമത്വാധിഷ്ഠിതമായ അതിജീവനത്തെ എങ്ങനെ നോക്കിക്കാണുന്നു***

സ്ത്രീകൾ ലിംഗനീതിക്കുവേണ്ടി കൂടുതൽ ജാഗ്രതയുള്ളവരാകുകയും കൂടുതൽ അന്വേഷണങ്ങൾ നടത്തുകയും ചെയ്യുമ്പോൾ സ്ത്രീയെ സമത്വാധിഷ്ഠിതമായി ഉൾക്കൊള്ളുന്ന ഒരു ഭാഷ ഉണ്ടായിവരിക തന്നെ ചെയ്യും. ഈ ഭാഷയ്ക്ക് ജൈവവികാസം ഉണ്ടാകും.

***? പ്രകൃതി-പരിസ്ഥിതി ബോധവുമായി ബന്ധപ്പെട്ടിട്ടുള്ള പോരാട്ടത്തിന്റെ, ചെറുത്തു നിൽപ്പിന്റെ ഒരു തലവും ഭാഷയിൽ പ്രസക്തമല്ലേ?***

പാരിസ്ഥിതികമായ അവബോധം സ്ത്രീകൾ എങ്ങനെ ഉൾക്കൊള്ളുന്നു എന്നത് വളരെ പ്രധാനമാണ്. നിലനിൽക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന പ്രത്യയശാസ്ത്രമാണ് സ്ത്രീ എന്നും മുന്നോട്ടുവെക്കുന്നത്. അധികാരാധിഷ്ഠിത വീക്ഷണങ്ങളിൽ, പ്രത്യേ

കിച്ചും പുരുഷന്റെ പക്ഷത്തുനിന്നാകുമ്പോൾ, ഈ ആശയത്തിന് സ്ഥാനമുണ്ടാകില്ല. ഇങ്ങനെ അധികാര കേന്ദ്രിതമായി ചിന്തിക്കാത്ത പുരുഷന്മാരുമുണ്ടല്ലോ. സ്ത്രീയെ സംബന്ധിച്ച് ഈ അവബോധം ജീവശാസ്ത്രപരം കൂടിയാണ്. താൻ നിലനിന്നാലേ തന്റെ കുഞ്ഞിനും നിലനിൽപ്പുള്ളൂ എന്ന തിരിച്ചറിവാണ്. ഭക്ഷണത്തെ സംബന്ധിച്ച സുരക്ഷയും സ്വയംപര്യാപ്തതയും ഒരമ്മയുടെ വലിയ ഉത്കണ്ഠയാണ്, അച്ഛന്റെയുമതെ. ഈ ഉത്കണ്ഠയിലൂടെ കടന്നുവരുന്ന നമുക്ക് ഭാഷയിലെ പല പ്രയോഗങ്ങളെയും തകിടം മറിക്കേണ്ടിവരും. മുൻപെല്ലാം, 'മണ്ണിനോടു മല്ലടിച്ചു', 'കാടിനോട് പോരാടി', 'കാടിനെ മെരുക്കി' എന്നൊക്കെ നമ്മൾ പറഞ്ഞിരുന്നു. ഇന്നങ്ങനെ പറയാൻ നമുക്ക് പേടിയാണ്. ഇന്ന് മണ്ണും കാടുമൊക്കെ എത്ര സൂക്ഷിച്ച് സംരക്ഷിക്കേണ്ടതാണെന്ന് നമുക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക് അറിയാം. ഇന്ന് ഇത്തരം പ്രയോഗങ്ങൾ വിരുദ്ധ പ്രയോഗങ്ങളായി കണക്കാക്കണം. അതുപോലെ തന്നെയാണ് 'മൃഗീയം' എന്ന പ്രയോഗവും. മനുഷ്യൻ ചെയ്യുന്ന പാരിസ്ഥിതിക നാശമൊന്നും ഒരിക്കലും മൃഗം ചെയ്യുന്നില്ല. അത് കൂടംകുളങ്ങളും ആണവനിലയങ്ങളും ഉണ്ടാക്കുന്നില്ല. രാസമലിനീകരണം സൃഷ്ടിക്കുന്നില്ല. ജലമലിനീകരണമുണ്ടാക്കുന്നില്ല. അതുകൊണ്ട് മനുഷ്യന്റെ ചീത്ത പ്രവൃത്തിയെ ഒരിക്കലും മൃഗീയം എന്നു പറയരുത്. അത് മാനുഷികം തന്നെയാണ്.

ഭൂഗോളത്തിന്റെ അതിരാണ് ഇന്ന് ഒരു കുട്ടിയുടെ (വിദ്യാർഥി/വിദ്യാർഥിനി) അതിര്. സ്ഥലത്തെയും സമയത്തെയും വേഗം കൊണ്ട് കീഴടക്കുന്ന സാങ്കേതികവിദ്യയുടെ കാലത്ത് സ്വന്തം ഭാഷ പഠിക്കുകയെന്നാൽ സ്വന്തം സമൂഹത്തെ പഠിക്കുകയാണ് എന്ന കാഴ്ചപ്പാടുണ്ടാകുകയാണ് വേണ്ടത്.

***? ഇന്നു നടക്കുന്ന സംസ്കാര പഠനങ്ങൾ പെൺമൊഴിയുടെ വ്യതിരിക്തമായ പ്രതിസന്ധി തിരിച്ചറിഞ്ഞുകൊണ്ടുള്ളവയാണോ***

അല്ല. ഈ രീതി സാർവത്രികമായിട്ടില്ല. സാമൂഹികഭാഷാശാസ്ത്രത്തിന്റെ ഒരു ധാരയായിട്ട് ഈ അന്വേഷണം വരേണ്ടതാണ്. പക്ഷെ, ഇത് ഫലപ്രദമായ രീതിയിൽ വന്നിട്ടില്ല. ഭാഷാശാസ്ത്രപഠനത്തിന്റെ ഒരു മുഖ്യഭാഗമായിട്ട് ഭാഷയിലുള്ള സ്ത്രീയുടെ അഭാവവും സ്ത്രീവിരുദ്ധതയും പഠിക്കപ്പെടേണ്ടതുണ്ട്.



***? തനത് ഭാഷാരൂപങ്ങളുടെ സംരക്ഷണം കൂടുതൽ ശ്രദ്ധയും ഗവേഷണവും ആവശ്യപ്പെടുന്ന ഒരു മേഖലയാണിന്ന്. ഇക്കാര്യത്തിൽ സ്ത്രീപക്ഷ സമീപനങ്ങൾക്കും പ്രസക്തിയുണ്ട്. എന്താണഭിപ്രായം***

നിശ്ചയമായിട്ടും. സ്ത്രീകൾ പകുതിയോളം വരുന്ന ജനസംഖ്യയായിരിക്കെ അവരെ എങ്ങനെയാണ് ഭാഷയിൽ നിന്ന് പുറത്താക്കിയത് എന്നുള്ളത് വലിയൊരു പഠനമേഖലയാണ്. ഇത് സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും കണ്ടെത്തുക എന്നുള്ളത് ഒരു സാമൂഹിക ബാധ്യതയാണ്. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപരമായ വൈരുധ്യവും വിവേചനവുമാണ് ഭാഷയിലും നിലനിൽക്കുന്നത്. ഇവയില്ലാത്ത ഒരു സമൂഹവും ഭാഷയും വരണമെങ്കിൽ അവകാശപ്പോരാട്ടങ്ങൾ ആവശ്യമാണ്.

## മാതൃഭാഷാപഠനം സമൂഹ പഠനമാകണം

***? മാതൃഭാഷയിലൂടെയുള്ള പഠനത്തിന് സാങ്കേതിക തടസങ്ങളേറെ ഉന്നയിക്കപ്പെട്ടു കാണാറുണ്ട്. എന്താണ് യഥാർഥ പ്രതിസന്ധി***

യഥാർഥ പ്രതിസന്ധി, ലോകത്തിന്റെ വളർച്ചയും വികാസവും നമ്മളെ മാത്രം കേന്ദ്രീകരിച്ചുള്ളതല്ല എന്നതാണ്. നമ്മൾ, കൊടുക്കുന്നവരെക്കാൾ സ്വീകരിക്കുന്നവരാണ് എപ്പോഴും. ലോകത്തുണ്ടാകുന്ന മാറ്റങ്ങളുടെയും നേട്ടങ്ങളുടെയും ആധികാരികത നമ്മുടെ ഭാഷാസമൂഹത്തിനല്ല, മറ്റ് ഭാഷാസമൂഹങ്ങൾക്കാണ്. ആ അറിവിന്റെ വിശാലതയെ, വൈജ്ഞാനിക പരിസരത്തെ മുഴുവൻ വിവർത്തനം ചെയ്യാൻ നമുക്ക് സാധിക്കുകയുമില്ല. അതുകൊണ്ട് വിവർത്തനത്തിലൂടെ പൂർണമായും ഫലിപ്പിക്കാൻ കഴിയാത്തിടത്തോളം ദുർവാശി പിടിക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

***? മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കുന്ന വിദ്യാഭ്യാസ രീതികൾ നമ്മുടെ നാട്ടിൽ എന്നെങ്കിലും നടപ്പാകുമോ***

അസാധ്യമല്ല. നമ്മുടെ ഭാഷ പര്യാപ്തവുമാണ്. പക്ഷെ ഭൂഗോളത്തിന്റെ അതിരാണ് ഇന്ന് ഒരു കുട്ടിയുടെ (വിദ്യാർഥി/വിദ്യാർഥിനി) അതിര്. സ്ഥലത്തെയും സമയത്തെയും വേഗം കൊണ്ട് കീഴടക്കുന്ന സാങ്കേതികവിദ്യയുടെ കാലത്ത് സ്വന്തം ഭാഷ പഠിക്കുകയെന്നാൽ സ്വന്തം സമൂഹത്തെ പഠിക്കുകയാണ് എന്ന കാഴ്ചപ്പാടുണ്ടാകുകയാണ് വേണ്ടത്.

***? ആക്ടിവിസം ടീച്ചറുടെ ഭാഷയെ സ്വാധീനിച്ചിട്ടുണ്ട്. പ്രതിരോധത്തിന്റെ ശക്തിയും ഊർജവും പൂർണമായും ഭാഷയിലേക്ക് കൊണ്ടുവരാനുള്ള ഒരു ശ്രമം ആക്ടിവിസത്തിൽ നിന്ന് പകർന്നു കിട്ടുന്നതാണെന്നു പറഞ്ഞാൽ യോജിക്കുമോ***


ഉണ്ടാകും, തീർച്ചയായിട്ടും. നമ്മൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മേഖലയുടെ സ്വാധീനം നമ്മുടെ ഭാഷയിലുണ്ടാകും. ഭാഷ പരിണമിക്കുന്നതും അങ്ങനെയാണല്ലോ. നമ്മുടെ വ്യവഹാരങ്ങൾ നമ്മുടെ ഭാഷയെ സ്വാധീനിക്കും എന്നതിൽ സംശയമില്ല. തമിഴ്നാട് അതിർത്തിയിലും മറ്റും രണ്ട് ഭാഷയും നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്നവരില്ലേ? കൊടുക്കൽ വാങ്ങലുകളിലൂടെ സംഭവിക്കുന്നതാണിത്. ഇതുപോലെ ആക്ടിവിസത്തിന്റെ മേഖലയിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ള ആശയങ്ങളും അവയ്ക്കനുസൃതമായ പദങ്ങളും ഭാഷാരീതികളും എന്റെ ഭാഷയിലും കലർന്നിട്ടുണ്ടാകും. ■

ജി. ഉഷാകുമാരി

# അടച്ചിട്ട അലമുറകൾ

**എന്താണ് സ്ത്രീഭാഷയെ സവിശേഷമാക്കുന്നത്? ഭാഷയിലെ ആൺകോയ്മയെ അവൾ മറികടക്കുന്നതെങ്ങനെയാണ്? അനുഭവങ്ങളെ തൊട്ടും വിളിച്ചും ഉണർത്തി ജൈവികതയുള്ള ഭാഷ ഉരുവംകൊള്ളിക്കുന്ന സ്ത്രീരചനാലോകത്തിലൂടെ കടന്നുപോവുമ്പോൾ ഉയരുന്ന ചോദ്യങ്ങൾ.**

എവിടെപ്പോകുമ്പോഴും ഞാനെന്റെ പ്രവാസത്തെ കൂടെക്കൊണ്ടുപോകുന്നു എന്നു പാലസ്തീനിയൻ കവിയായ ദർവീഷ് എഴുതിയിട്ടുണ്ട്. ചരിത്രപരമായി സ്ത്രീയുടെ അവസ്ഥയും അതുതന്നെയല്ലേ? എവിടെയായിരിക്കുമ്പോഴും അവൾ തന്റെ അടിസ്ഥാന പ്രതിസന്ധികളെയും ചുമന്നു നടക്കുന്നു. കീഴായ്മയുടെയും കലഹത്തിന്റെയും പ്രതിസന്ധികൾ. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ... നാടുകടത്തലും ചെറുത്തുനിൽപ്പും അവൾ ഓരോ നിമിഷവും അനുഭവിക്കുന്നു. സ്വന്തം ഇടത്തിലായിരിക്കുമ്പോഴും അനുഭവിക്കുന്ന അന്യവത്കരണം തന്നെയല്ലേ സ്ത്രീയുടെ ഭാഷയെ സവിശേഷമാക്കുന്നത്? അകത്തേക്കും പുറത്തേക്കും സഞ്ചരിക്കുന്ന ഒന്നായി സ്ത്രീഭാഷ മാറുന്നു. പ്രത്യേകിച്ചും സ്ത്രീകൾ വ്യവഹരിക്കുന്ന രചനാരൂപങ്ങളിൽ വൈയക്തികത ഏറിനിൽക്കുന്നതായും നാം കാണുന്നു. ആത്മകഥകൾ, ഡയറികൾ, കത്തുകൾ, കുമ്പസാരക്കവിതകൾ തുടങ്ങിയ വൈയക്തിക രചനാരൂപങ്ങളുടെ പശ്ചാത്തലത്തിൽ അവ ഇപ്രകാരം ഒരേസമയം അകത്തേക്കും പുറത്തേക്കും പകരുന്നു. കലയും ജീവിതവും തമ്മിലുള്ള അകലമില്ലായ്മ, എഴുത്തും ജീവിതവും തമ്മിലുള്ള അകലമില്ലായ്മ ഒരു പടി കൂടി കടന്ന് ഭാഷയും ജീവിതവും ഭാഷയും ഭാഷണവും തമ്മിലുള്ള അകലമില്ലായ്മയായി നാമനുഭവിക്കുന്നു. ഇത് എല്ലാ സ്ത്രീകളിലും ഒരേപോലെ എന്ന് സാമാന്യവത്കരിക്കുകയോ സ്ഥിരീകരിക്കുകയോ ചെയ്യുന്നത് സത്താവാദപരമായ പിടിവാശിയായിരിക്കാം. അത് ശരിയുമല്ല.



അമൃതഷെർഗിലിന്റെ ചിത്രം : മൂന്നുപെൺകുട്ടികൾ



കമല സുരയ്യ

എന്നാൽ മലയാളത്തിൽ മാധവിക്കുട്ടിയുടെ രചനകളുടെ സ്വഭാവം അകം/പുറം എന്ന ഈ രണ്ടവസ്ഥകളെയും ഒരുപോലെ വെളിവാക്കുന്നവയാണ്. ഒരു തടവുപുള്ളി തടവറയിലിരുന്ന് ഒരു തുരങ്കം നിർമിക്കുന്നതുപോലെയാണ് എഴുത്ത് എന്നവർ പറഞ്ഞു. എഴുത്തിന്റെ രഹസ്യാത്മകതയും അന്തർമുഖത്വവും ധ്വനിപരതയും ഒപ്പം ഭാഷണത്തിന്റെ ഉച്ചസ്ഥായികളും തുറസ്സുകളും മറ്റനേകം ഭാഷാഭേദങ്ങളും അവരുടെ എഴുത്തിലുണ്ട്. എങ്കിലും ആധുനിക അസ്തിത്വവാദിയായ ഏകാകിയുടെ ഭാഷയുടെ മൂശയിലാണ് മലയാള നിരൂപണം അവരെ കണ്ടത്. എന്നാൽ ഈ ഏകമാനത്തിൽ അവരെ തളയ്ക്കാനാവില്ല. ബഹുവചന രൂപമാണവരുടെ എഴുത്ത്. ബഹുസ്വരാത്മകത, ബഹുഭാഷണാത്മകത അതിനു സഹജം. "ഞാൻ മൂന്നു ഭാഷകൾ സംസാരിക്കുന്നു, രണ്ടു ഭാഷയിൽ എഴുതുന്നു, ഒരു ഭാഷയിൽ സ്വപ്നം കാണുന്നു" എന്നവർ പറയുന്നു. സ്വപ്നഭാഷയിൽ നിന്ന്, അതിന്റെ ഏകധാരാഗതിയിൽ നിന്നും വ്യത്യസ്തമാണ് വാമൊഴിഭാഷയിൽ അവർ തീർത്ത വേറിട്ട ഇടങ്ങൾ. കഥപറച്ചിൽ സ്ത്രീകൾക്ക് വളരെ സഹജമായ ഒന്നാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കഥപറച്ചിലിന്റെ കല ഇന്ന് അന്യം നിന്നു പോയിരിക്കുന്നുവെന്ന് ബെഞ്ചമിൻ 'ദി സ്റ്റോറിടെല്ലറി'ൽ പറയുന്നു. എന്നാൽ തങ്ങളുടെ ജീവിതത്തെ മറ്റുള്ളവർക്കു മുന്നിൽ തുറന്നിടാൻ സ്ത്രീകൾ മടിക്കാറില്ല. ഏഷണിയെന്നും അടുക്കളവർത്തമാനമെന്നും സ്ത്രീകളുടെ സംസാരത്തെ പൊതുവെ പരിഹസിക്കാറുണ്ട്. എന്നാൽ അന്യരെക്കുറിച്ചുള്ള പറച്ചിലിലൂടെ തങ്ങളുടെ തന്നെ ദൈന്യത്തെയും പ്രതിസന്ധികളെയും മറികടക്കുന്ന ഒരു വികാരവിരേചനം ഇവിടെ നടക്കുന്നു. കഥപറഞ്ഞു മരണത്തെ അതിജീവിച്ച ഷെഹ്റസാദും ഒരു സ്ത്രീ. നമുക്ക് മുത്തശ്ശൻ കഥകളേക്കാൾ മുത്തശ്ശിക്കഥകളാണുള്ളത്.



ലൂസി ഇറിഗറെ

## അനുഭവത്തിന്റെ പച്ചക്കുത്തുകൾ

എന്താണീ ഭാഷകളിൽ പൊതുവായി ഉള്ളത്? കേൾക്കുന്നയാളുടെ വികാരസ്പന്ദനങ്ങളുടെ ഉറവകളെയും ഒഴുക്കിനെയും രോധത്തെയും പൂർണമായും സ്പർശിക്കാനും നിയന്ത്രിക്കാനും കഴിയുന്ന മാന്ത്രികമായ ഒരു താദാത്മ്യസ്വഭാവം ഇവിടെയുണ്ട്. ഭാഷയും ഭാഷണവും ഒന്നായി കലർന്നും ചേർന്നും ഈ കഥകളിൽ കാണുന്നത് അങ്ങനെയാവാം. അമ്മയുമായി ചേർന്നിരിക്കുന്ന അനുഭവം, ഒരു തന്മയീഭാവം ഇവിടെയുണ്ട്. ഭാഷ ലഭിക്കുന്നതിനു മുമ്പുള്ള ആ താദാത്മ്യത്തെ വീണ്ടും ഉണർത്തിയെടുക്കാൻ ഇത്തരം എഴുത്തുകൾ ശ്രമിക്കുന്നു. അമ്മ നഷ്ടപ്പെടുമോ എന്ന ശൈശവഭീതിക്കു സമാനമായ ഒരു ഭയം അവരെ വേട്ടയാടുന്നുവെന്ന് മനശ്ശാസ്ത്രനിരൂപകർ പറയുന്നു. അതുകൊണ്ട് ഭാഷയെ അനുഭവത്തിന്റെ തൊട്ടടുത്തു വെക്കാനവർ ഇഷ്ടപ്പെടുന്നു. അതവരെ വാമൊഴിയിൽ പിടിച്ചുനിർത്തുന്നു. വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കുള്ളതുപോലെ, അനുഭവത്തിൽ നിന്ന് അതിന്റെ 'പച്ചക്കുത്തു'ള്ള ഒരിടത്തുനിന്നും ഈ വരമൊഴി പിറക്കുന്നു.

പേഷ്യൻസ് അഗ്ബാബി എന്ന വാമൊഴിക്കവിയെക്കുറിച്ചു (word poet) വായിച്ചതോർക്കുന്നു. അവർ ഭാഷയുടെ താളം, ശബ്ദം, പ്രാദേശിക ഭേദങ്ങൾ, സ്വനിമസാധ്യതകൾ ഒക്കെ ധാരാളമായി വിന്യസിച്ചുകൊണ്ടാണെഴുതുന്നത്. കുഞ്ഞനുജന് കൊച്ചേച്ചി കഥപറഞ്ഞു കൊടുക്കുന്ന താളത്തിലെഴുതിയ പൂതപ്പാട്ട് വാമൊഴിയുടെ താദാത്മ്യസ്വഭാവം കാട്ടിത്തരുന്നു.

മാതൃഭാഷയെന്ന പരികൽപ്പനയിൽത്തന്നെ ഈ താദാത്മ്യം അലിഞ്ഞുചേർന്നിരിക്കുന്നു. ഭാഷയ്ക്കകത്തേക്കു കൈപിടിച്ചു നയിക്കൽ, ഇണക്കിയെടുക്കൽ ഇവിടെ നടക്കുന്നു. പരമ്പരാഗതമായിത്തന്നെ ഭാഷയെ അടുത്ത തലമുറയിലേക്ക് കൈമാറുന്നതിൽ സ്ത്രീകൾ വലിയ പങ്കുവഹിക്കുന്നുണ്ട്.

സ്ത്രീയുടെ ഭാഷയിൽ ആധികാരികതയുള്ള ഒരു ഭാഷകകേന്ദ്രം പ്രവർത്തിക്കുന്നില്ലെന്നു പറയാറുണ്ട്. പൂർണമായും രൂപപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത ഒരു കർത്തൃത്വമാകാനാണ് സ്ത്രീയുടെ അനുഭവങ്ങൾ അവളെ നിർബന്ധിക്കുന്നത്. സ്ത്രീകൾക്ക് സമൂഹത്തിലുള്ള ധർമം തന്നെ നിഷേധാത്മകമാണെന്ന് ക്രിസ്റ്റേവയെപ്പോലുള്ളവർ പറയുന്നു. വർത്തമാന സമൂഹത്തിൽ അന്തിമവും പൂർണവുമായ എല്ലാറ്റിനെയും നിഷേധിക്കുകയാണവളുടെ ധർമം. അങ്ങനെയവൾ തികച്ചും സ്വാഭാവികമായി വ്യവസ്ഥയുടെ നിയമങ്ങളെ തകർക്കുന്നു. 'മാഡ് വുമൺ ഇൻ ദി ആറ്റിക്' എന്ന ഗ്രന്ഥമെഴുതിയ സൂസൻ ഗുബാറും സാന്ദ്രാഗിൽബെർട്ടും ഇതുതന്നെയാണുദ്ദേശിക്കുന്നത്. സ്ത്രീവിരുദ്ധമായ ഈ സമൂഹത്തിൽ കഴിയേണ്ടിവരുന്ന ഒരുവൾക്ക് ഭ്രാന്തുണ്ടായേ കഴിയൂ!



അനിതാ തമ്പി

രൂപമില്ലാത്തതും എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നതുമായ സ്ത്രൈണ ലൈംഗികതയ്ക്കു സമാനമാണ് സ്ത്രൈണഭാഷയെന്ന് ലൂസി ഇറിഗറെ പറയുന്നു. ഒന്നിനെയും ചിറകെട്ടി നിർത്തലല്ല, തുറന്നു വിടലാണത് എന്നവർ പറയുന്നു. ആ തുറന്നുവിടൽ പല ഭിത്തികളെയും ഭേദിച്ച് സംരക്ഷിക്കപ്പെട്ട ഇടങ്ങളെ തകർത്ത് പരന്നൊഴുകലിനു കാരണമായേക്കും. മാമൂലുകൾ മൂല്യങ്ങളിൽ എന്നതുപോലെതന്നെ ഭാഷയുടെ അടിസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നതിനാൽ ഇത് അനിവാര്യവുമാണ്. ഭാഷയിലെ വരേണ്യവും സുരക്ഷിതവുമായ മേഖലകളെ പലപ്പോഴായി സ്ത്രീകൾ തങ്ങളുടെ എഴുത്തുകൊണ്ട് തകർത്തെറിഞ്ഞിട്ടുണ്ട്.

അനിതാ തമ്പിയുടെ 'പ്രേതം' എന്ന കവിത നോക്കൂ...

"അന്നോളം പിറന്ന പെണ്ണുങ്ങളത്രയും
മുഖം മിനുക്കി
മുടിക്കെട്ടിൽ പൂചൂടി
ആടിക്കുഴഞ്ഞ് വഴിനിറഞ്ഞ്
പ്രചണ്ഡമഹാഭോഗത്തിലേക്ക് ക്ഷണിക്കുന്നതുകണ്ട്
അന്തം വിട്ടുണർന്ന്,
എണ്ണമറ്റ ചുണ്ടുകളും മുലകളും അടിവായകളും വിട്ട്
കുതിച്ചുവന്ന നിലകിട്ടാനീറ്റിൽ
പൊങ്ങിത്താണ്..."

## സ്ത്രീയുടെ മൊഴിക്കൊള്ളകൾ

വിധ്വംസകവും വിഭ്രമാത്മകവുമായിമാറുന്ന പദകോശങ്ങളുടെ നിര നാമിവിടെ കാണുന്നു. അമേരിക്കൻ സ്ത്രീകവിതയെക്കുറിച്ചു പഠിച്ച അലീഷ്യാ ഓസ്ട്രിക്കർ അവതരിപ്പിക്കുന്ന മൊഴിക്കൊള്ള എന്ന ആശയത്തോടു ബന്ധിപ്പിക്കാം ഈ അവ

സ്ഥയെ. പുതിയൊരു ഭാഷ പണിതെടുക്കുന്നതിനേക്കാൾ നിലനിൽക്കുന്ന ഭാഷയിലെ സംരക്ഷിത പ്രദേശങ്ങളെ ആക്രമിച്ചു കൊള്ളയടിക്കാനാണ് പെൺകവികൾ ശ്രമിക്കുന്നതെന്നവർ കണ്ടെത്തുന്നു. പരമ്പരാഗത ചിഹ്നങ്ങളെ ഈ പ്രകൃതിയിലൂടെ മാറ്റിയെടുക്കുകയും ചെയ്യുന്നു. പൂവ്, വെള്ളം, ഭൂമി തുടങ്ങിയവയുടെ സ്ത്രീലിംഗ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ പൂവിനെ നശ്വരതയ്ക്കു പകരം ശക്തിയുടെയും വെള്ളത്തെ മരണത്തിനു പകരം സുരക്ഷിതത്വത്തിന്റെയും പ്രതീകമാക്കുന്നു. ഭൂമിയെ നിഷ്ക്രിയമായ ഉർവരതയ്ക്കു പകരം സർഗാത്മകമായ ഭാവനയുടെ പ്രതീകമാക്കുന്നു. (സച്ചിദാനന്ദൻ: സ്ത്രീ, സ്വത്വം, സമൂഹം: മാധവിക്കുട്ടി പഠനങ്ങൾ എഡി: ഇ.വി. രാമകൃഷ്ണൻ)

ഈ മൊഴിക്കൊള്ള സ്ത്രീകൾക്കു നേരെ പുരുഷന്മാർ പ്രയോഗിക്കുന്ന ലൈംഗികച്ചുവയുള്ള കമന്റടികളിൽ കാണാം. പലവാക്കുകളുടെയും യഥാർഥ അർഥം വേറൊന്നായിരിക്കുകയും സവിശേഷ സന്ദർഭത്തിൽ ലൈംഗികപ്രക്രിയയുടെ അർഥം ഉണ്ടാവുകയും ചെയ്യുന്നു. ചവിട്ടുക, പണിയുക, ഓടിക്കുക എന്നിങ്ങനെ സ്ത്രീകളെക്കുറിച്ചു പറയുന്ന പല വാക്കുകളിലും ഇതുണ്ട്. 'മാവേലിമന്റ'ത്തിൽ ജന്മി അടിയാന്മാരോട് 'ചവിട്ടുന്ന ഒച്ച ഇവിടെ കേൾക്കണം' എന്നു കൽപ്പിക്കുന്നുണ്ട്. മോഹൻലാൽ ആറാം തമ്പുരാൻ എന്ന സിനിമയിൽ ഒരു സ്ത്രീ കഥാപാത്രത്തെ ഡ്രൈവിങ് സ്കൂൾ എന്നി വിശേഷിപ്പിക്കുന്നതോർക്കുക. സ്ത്രീകളുടെ കീഴായ്മയെയും കർത്തൃത്വത്തെയും സ്ഥിരീകരിക്കുന്നതിനാൽ ഈ മൊഴിക്കൊള്ളയെ നാം ഗുണപരമായി കാണുന്നില്ല. സ്ത്രീകൾക്ക് ഇത്തരം മൊഴിക്കൊള്ളയിൽ പങ്കില്ലാത്തതുകൊണ്ട് അവർക്കത് അന്യമായതിനാൽ പുരുഷൻ ആഹ്ലാദിക്കുന്നു. (കമന്റടികൾ പലപ്പോഴും അവ്യക്തമായാണു സ്ത്രീകൾ കേൾക്കാറ്) പുരുഷനു മാത്രമാണവിടെ കർത്തൃത്വം. വെടി, വണ്ടി, തുള, ചരക്ക് എന്നിങ്ങനെ ഏതൊരു വാക്കിനെയും ലൈംഗികപ്രക്രിയയുമായി ബന്ധപ്പെടുത്തി ഭാഷയെ penetrating ആക്കി മാറ്റുകയാണീ മൊഴിക്കൊള്ള. സ്ത്രീയുടെ ഏതൊരു അവയവത്തെയും ലൈംഗികമായി കാണുന്നതിനു സമാനമാണിത്.

## അസ്ഥിരീകരിക്കുക

എന്നാൽ സ്ത്രീകൾ സ്വയം നടത്തിക്കൊണ്ടു മുന്നേറുന്ന മൊഴിക്കൊള്ളയുടെ സന്ദർഭങ്ങൾ വിധ്വംസകമാണ്. ഉദാ: കൊടുങ്ങല്ലൂർ ഭരണിയിൽ സ്ത്രീകളുടെ ലൈംഗികാവയവങ്ങളെക്കുറിച്ച് അവർ തന്നെ ഉറക്കെ പാടുന്നു. സ്ലട്ട് വാക്കിലും സംഭവിച്ചത് ഇതാണ്. ലിംഗപദവിയിലെ കീഴായ്മയെ തുടർച്ചയായി അനുനിമിഷം അസ്ഥിരീകരിക്കുകയെന്ന രാഷ്ട്രീയപ്രക്രിയയാണിത്. ഏതെങ്കിലും ഒരു പദവിയിൽ തളഞ്ഞുകിടക്കുന്നതിനുപകരം വ്യത്യസ്ത



ജൂലിയ ക്രിസ്റ്റേവ

യിടങ്ങളിൽ നുഴഞ്ഞുകയറിയും പടർന്നു പന്തലിച്ചും നിലയുറപ്പിക്കുകയും സ്വയം അട്ടിമറിക്കുകയും ചെയ്യാൻ ഈ സന്ദർഭങ്ങൾക്കു കഴിയുന്നു. മണിപ്പൂരിലെ അസം റൈഫിൾസിനു മുന്നിൽ പോരാളികളായ സ്ത്രീകളും മഹാശ്വേതാദേവിയുടെ 'ദ്രൗപതി'യും നഗ്നതകൊണ്ട് ചെയ്തത് അതാണ്. തുണിയഴിച്ച് അപമാനിക്കാനും വേദനിപ്പിക്കാനും മാത്രമേ പുരുഷാധിപത്യത്തിനു കഴിയൂ. തുണിയുടുപ്പിക്കാൻ കഴിയില്ല!

## മാനഭംഗം ആർക്ക്?

ദില്ലിയിലെ ബലാൽസംഗത്തിനു ശേഷം മാധ്യമങ്ങളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെട്ട ഒരു വാക്ക് മാനഭംഗം എന്നതായിരുന്നു. ബലാൽസംഗം എന്ന വാക്ക് എപ്പോഴോ അട്ടിമറിക്കപ്പെട്ടിരുന്നു. ഇതു തികച്ചും യാദൃച്ഛികമല്ല. ഏകപക്ഷീയമായ, സ്ത്രീയുടെ മാത്രം സദാചാരസൂചനയുള്ള ഈ വാക്ക് നാം തള്ളിക്കളയേണ്ടിയിരിക്കുന്നു. ലൈംഗിക അതിക്രമങ്ങൾ എന്ന വാക്കാണ് പല സ്ത്രീപക്ഷ ചിന്തകരും ഉപയോഗിക്കുന്നത്. പീഡനം എന്ന വാക്ക് മിമിക്രിക്കാരും കോമഡി പ്രവർത്തകരും തമാശയാക്കി ആസ്വദിക്കുന്നതും നാം കാണുന്നു. ബലാൽസംഗം എന്ന വാക്കിലടങ്ങിയ സമ്മതമില്ലാതെയുള്ള കടന്നുകയറലും ആക്രമണവും വേദനയും മാനഭംഗം, പീഡനം തുടങ്ങിയ വാക്കുകളിലില്ല. ജസ്റ്റിസ് വർമ കമ്മിറ്റി റിപ്പോർട്ടിൽ ശാരീരികമായ വേദനയെക്കുറിച്ച് സൂക്ഷ്മാർഥത്തിലുള്ള പരാമർശങ്ങൾ കടന്നുവരുന്നതിനാലാണത് സ്ത്രീപക്ഷമാകുന്നത്. ഇരുമ്പുദണ്ഡ് ശരീരത്തിൽ കയറിയിറങ്ങുന്നതിന്റെ വേദനയെ പുരുഷലിംഗം സൃഷ്ടിക്കുന്ന വേദനയുമായത് താരതമ്യം ചെയ്യുന്നു.

ബലാൽസംഗത്തിനു വിധേയയായ സ്ത്രീയെ ഇരയെന്നു വിളിക്കുന്നതിനു പകരം ഇംഗ്ലീഷിൽ surviver എന്നു വിശേ



ഫ്രിഡ കാലോയുടെ 'ദി ടു ഫ്രിഡാസ്'

ഷിപ്പിക്കുന്നു. നമുക്കതിനു തത്തുല്യമായ പദം ഉപയോഗത്തിലില്ല. പോരാളി എന്ന വാക്കിൽ നാം സ്ത്രീയെ കാണുമോ? ദില്ലിയിലെ പെൺകുട്ടിയെ ദാമിനി, ജ്യോതി എന്നൊക്കെ വിളിച്ചുവെങ്കിലും സ്വന്തം പേരുതന്നെ മറച്ചുവെക്കേണ്ടിവരുന്ന അവസ്ഥയ്ക്കപ്പുറം, നിർബന്ധമായ ആ നിശ്ശബ്ദതയ്ക്കപ്പുറം എന്തു മനുഷ്യാവകാശലംഘനമാണുള്ളത്?

## വാക്കിന്റെ എരിവും ചൂടും

ഭാഷയുടെ നീതിവ്യവഹാരം സമൂഹത്തിന്റേതിൽ നിന്നു ഭിന്നമല്ല. സമൂഹത്തിന്റെ നന്മതിന്മകളും ചലനാത്മകതയും തന്നെയാണ് ഭാഷയെയും അങ്ങനെയാക്കിത്തീർക്കുന്നത് വ്യാജമായ, കൃത്രിമമായ ലിംഗനിരപേക്ഷതകൾ അതിൽ ഫലിക്കാത്തത് അതുകൊണ്ടുതന്നെയാണ്. ഉദാ: *മനുഷ്യനും അവന്റെ വംശവും* എന്നുതന്നെ നാം പ്രയോഗിക്കുന്നു; അതു ലിംഗനിരപേക്ഷമാണെന്നു സ്ഥാപിച്ചു വെക്കുകയും ചെയ്യുന്നു! ലിംഗസവിശേഷതയെക്കുറിക്കുന്ന തൊഴിൽപദങ്ങളിലാകട്ടെ അത്തരം സൂചകപദങ്ങൾ തൊഴിൽശേഷിയുടെ ന്യൂനീകരണമായി ഭവിക്കുകയും ചെയ്യുന്നു. ഉദ: ലേഡി ഡോക്ടർ, കവയിത്രി മുതലായ പദങ്ങൾ. ഇംഗ്ലീഷിൽത്തന്നെ ബാച്ചിലർ, സ്പിൻസ്റ്റർ എന്നീ വാക്കുകൾ തുല്യാവസ്ഥകളക്കുറിക്കുന്നുവെങ്കിലും സ്പിൻസ്റ്റർ ഒന്നുകൂടി അനഭിമതമായി കരുതപ്പെടുന്നു. രതിപൂർവലീല, ലൈംഗികക്രിയ തുടങ്ങിയ വാക്കുകളും പുരുഷന്റെ കർത്തൃത്വത്തിന്റെ മാത്രം സൂചനകളെയാണ് പ്രക്ഷേപണം ചെയ്യുന്നത്. ഒരുമ്പെടുക എന്നത് സാമാന്യമായി ഉണ്ടാക്കുന്ന അർഥമല്ല ഒരുമ്പെട്ടവൾ എന്ന വാക്കുണ്ടാക്കുന്നത്. ഒതുങ്ങിനിൽക്കാത്ത, നേരേനോക്കി കാര്യം പറയുന്ന ഏതൊരു സ്ത്രീയെയും വിശേഷിപ്പിക്കാനതുമതി. പെങ്ങളേ എന്നു നീട്ടിയുള്ള ഒരു വിളി അശ്ലീലമാകുന്നതിന്റെ ധ്വനിയെക്കുറിച്ച് സിൽവിക്കുട്ടിയുടെ 'ഭൂപടം നിവരുമ്പോൾ' പറയുന്നു. നിറയെ പൂക്കൾ ചിതറിയ ചുരിദാറിൽ സുഹൃത്ത് നടന്നുപോകുമ്പോൾ കേട്ട കമന്റ് 'നല്ല പൂക്കൾ' എന്നാണ്.



**സാവിത്രി രാജീവൻ**



**ഡെയ്ൽ സ്പെൻഡർ**

എന്നാൽ ആ അപരിചിതൻ അമർത്തിയ ശബ്ദത്തിൽ അതും പറഞ്ഞ് ബൈക്ക് അതിവേഗം ഓടിച്ച് നിഷ്ക്രമിക്കുകയാണുണ്ടായത്. ചുരുക്കത്തിൽ ഏതു വാക്കിനെയും ലൈംഗികമാക്കാൻ മലയാളിക്ക് മടിയില്ല. വാക്കുകൾ കയ്യാളുകയും വിനിമയം ചെയ്യുന്നതിന്റെയും പുതുക്കുന്നതിന്റെയും ഉത്തരവാദിത്വം ജനകീയവും ജനാധിപത്യപരവുമാകേണ്ടതുണ്ട്. അടിയന്തരമായി സ്ത്രീപുരുഷ ബന്ധങ്ങളിലുള്ള ജനാധിപത്യത്തിലൂടെയേ ഇതു സാധ്യമാകൂ. അധികാരത്തിന്റെ ബലതന്ത്രങ്ങളെ അതിസൂക്ഷ്മമായി വിചാരണനടത്തുന്ന എരിവും ചൂടുമുള്ള വാക്കുകൾക്കായി നാം കാത്തിരിക്കണം. *സാരി* എന്ന സാവിത്രി രാജീവന്റെ കവിതയിൽ

"സാരിയല്ല
എന്റെ ഇഷ്ടവേഷം
എന്തെന്നാൽ
രണ്ട് കാലുകൾ ഒന്നാക്കിമാറ്റി
അല്ലെങ്കിൽ
കാലുകൾതന്നെ മാറ്റി അതെന്നെ
താമരപ്പൂവിലോ
ഭാരതമദ്ധ്യത്തിലോ
പ്രതിഷ്ഠിക്കുന്നു"

എന്നു പറയുന്നു. ഇവിടെ ഭാരതമദ്ധ്യം, താമരപ്പൂവ് തുടങ്ങിയ വാക്കുകളിലെ മൊഴിക്കൊള്ള രാഷ്ട്രീയമാണ് എന്നു പറയേണ്ടതില്ല.

'ടച്ച് മി നോട്ട്' എന്ന ഗിരിജാ പാതേക്കരയുടെ കവിതയിലെ തൊട്ടുപോകരുത് എന്ന ജാഗരൂകമായ താക്കീതിന്റെ സ്വരം കാലം ആവശ്യപ്പെട്ടതുതന്നെ.

തൊഴിലിടങ്ങളാണ് ഭാഷയുടെ ഏറ്റവും ചലനാത്മകമായ പണിശാല. ഗണേശ്ദേവി എന്ന ചിന്തകൻ അതിനെക്കുറിച്ച് വിശകലനം ചെയ്തിട്ടുണ്ട്. വ്യവസ്ഥാപിതമായ അർഥത്തിൽ സ്ത്രീ തൊഴിലാളിയല്ല. എന്നാൽ എല്ലാ തൊഴിലിന്റെയും ആധാരമായ, മൂലാധാരമായ തൊഴിലിടം സ്ത്രീയുടെ പണിശാലയാണ്. ഒരുപക്ഷെ ഒരു ഈറ്റില്ലം അല്ലെങ്കിൽ അടുക്കള. അവിടെ അവൾ അനുഭവങ്ങളെ തൊട്ടും വിളിച്ചും ഉണർത്തിയെടുക്കുന്ന ഭാഷയ്ക്ക് ജൈവികതയേറും. എച്ച്മുക്കുട്ടിയുടെ കഥകളിലെ മുലമുട്ട് എന്ന വാക്ക് അങ്ങനെയാണുണ്ടാവുന്നത്. പാൽ നിറഞ്ഞുവിങ്ങി നിന്ന്, വീർപ്പുമുട്ടുന്ന അനുഭവത്തെക്കുറിച്ചുള്ള ഒരു വാക്കായി അത് ഭാഷയിൽ പിറവികൊള്ളുന്നു. അനുഭവത്തിന്റെ തിക്കുമുട്ടൽ പുതിയ വാക്കിന്റെ തുമ്പത്തേക്ക് സ്ത്രീയെ എത്തിച്ചേർക്കുന്നു. ഗീതാഹിരണ്യൻ കഥകളിൽ ഈ വാക്കുതേടൽ കാണാം. വെളുത്തവീടൻ പ്രസിഡന്റ് എന്ന ക്ലിന്റനെ വിളിക്കാനും ക്രഷിൽ പോകാൻ മടിച്ച് 'കീറി'പ്പൊളിക്കുന്ന മകനെ മഹാകവി കീറ്റ്സ് എന്നു വിളിക്കാനും സഹയാത്രികരായ സ്ത്രീകളുടെ ചന്തിതഴുകുന്നയാളെ 'സി.ടി'യെന്നു ചുരുക്കിവിളിക്കാനും വെള്ളിവളയങ്ങൾ കാതിലണിഞ്ഞ പരിഷ്ക്കാരിയെ വെള്ളിക്കിണ്ണമെന്നു വിളിക്കാനും കഴിയുന്നത് അതുകൊണ്ടുതന്നെ. അതുവെറും കുറ്റ(ഇരട്ട)പ്പേരിടലല്ല!

സൈബർലോകത്ത് ഭാഷ കൂടുതൽ അയവുള്ളതും സ്വതന്ത്രവുമാണ്. എങ്കിലും സ്ത്രീവിരുദ്ധതയുടെ കാര്യത്തിൽ അതു പതിവുമട്ടാണ്. സാങ്കേതികശാസ്ത്രം നിഷ്പക്ഷമല്ലാതിരിക്കെ അതിന്റെ ഭാഷ മാത്രം നിഷ്പക്ഷമായിരിക്കുകയില്ല. സാങ്കേതിക സാക്ഷരതയിൽ സ്ത്രീകളുടെ പിന്നാക്കാവസ്ഥയെ പരിഗണിച്ചുകൊണ്ടുകൂടി വേണം സൈബർലോകത്തെ സ്ത്രീപക്ഷ ഭാഷയെക്കുറിച്ചു ചിന്തിക്കാൻ. ഒരർഥത്തിൽ ഭാഷ തന്നെ സാങ്കേതികശാസ്ത്രപരമാണ്. ഭാഷ എക്കാലത്തും ആധിപത്യത്തിന്റെ സാങ്കേതിക രൂപമായാണ് പ്രവർത്തിച്ചതെന്ന് ഡെയ്ൽ സ്പെൻഡറെപ്പോലുള്ളവർ പറയുന്നു. സ്ത്രീയുടെ നിരക്ഷരത നൂറ്റാണ്ടുകളോളം അധികാരത്തിൽ നിന്നു സ്ത്രീയെ അകറ്റിനിർത്തിയതിനെ ക്രിസ്ത്യൻ സഭ ലാറ്റിന്റെ അധികാരത്തിലൂടെ പ്രാദേശികഭാഷകളെ അടിച്ചമർത്തിയതുമാണവർ താരതമ്യം ചെയ്യുന്നത്. ഡോണാ ഹാരവെയും ഡെയ്ൽ സ്പെൻഡറും സ്ത്രീകളുടെ സൈബർ സാക്ഷരതയ്ക്കുവേണ്ടി വാദിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ഇന്ന് സൈബർലോകത്തെ സ്ത്രീകൾ പ്രത്യേകിച്ചും മലയാളികൾ ഈ അവസ്ഥകളെ നേരിട്ട് അഭിസംബോധന ചെയ്യാൻ തയാറാണ്. ഭാഷയിൽ അവർ സ്വാതന്ത്ര്യത്തിന്റെ കുതിരകളെ സജ്ജമാക്കി നിർത്തുന്നു. ദേവസേന, ഡോണാമയൂര, സെറീന, രശ്മി, എച്ച്മുക്കുട്ടി തുടങ്ങിയ നിരവധി എഴുത്തുകാർ ഭാഷയിൽ പണിതുകൊണ്ടുതന്നെ തങ്ങളുടെ രാഷ്ട്രീയത്തെ സൂക്ഷ്മമാക്കുന്നു. ■

(2013ഒക്ടോബർ5ന് എറണാകുളം ലൈബ്രറികൗൺസിൽ ആലുവയിൽ സംഘടിപ്പിച്ച മലയാളപ്പെരുമ എന്ന പരിപാടിയിൽ നടത്തിയ പ്രഭാഷണത്തിലെ ചില ഭാഗങ്ങൾ)

ഡോ. ടി. അനിതകുമാരി

# നിസംഗനിരൂപണം

**ഡോ. എം. ലീലാവതിയെപ്പോലെ മലയാളസാഹിത്യത്തിനൊപ്പം ഇത്ര ദീർഘകാലം സഞ്ചരിച്ച മറ്റൊരു നിരൂപകയുമില്ല**

മലയാള നിരൂപണസാഹിത്യചരിത്രത്തിൽ ഡോ. എം. ലീലാവതിയുടെ സംഭാവന എന്ന മട്ടിലൊരന്വേഷണം നടത്തിയപ്പോൾ അതിശയം തോന്നി! ബൃഹത് രചനകൾ എന്നുതന്നെ പറയാവുന്ന മുപ്പതിലധികം ഗ്രന്ഥങ്ങൾ. സോവിയറ്റ്ലാന്റ് ഹെഹ്റു അവാർഡു മുതൽ പദ്മശ്രീ വരെ. 84 വയസ്സ് പിന്നിട്ടിട്ടും ജാഗരൂകയായ അന്വേഷി. സാത്വിക നിരൂപക മെറ്റാക്രിട്ടിസിസത്തിന് നിരവധി സാധ്യത. പക്ഷെ ഇവിടെ ഡോ. എം. ലീലാവതിയുടെ ജീവിതവും എഴുത്തും സാമാന്യമായി ഒന്നു പരിചയപ്പെടുത്തുന്നതേയുള്ളൂ.

കഴുങ്കമ്പിള്ളി കുഞ്ഞുണ്ണി നമ്പിയുടെയും മുണ്ടനാട് നങ്ങയ്യ മാണ്ടലിന്റെയും മകളായി 1929 സെപ്റ്റംബർ 16 ന് തൃശൂരിലെ ഗുരുവായൂർ കോട്ടപ്പടിയിൽ ജനിച്ച എം. ലീലാവതി എറമാകുളം മഹാരാജാസിൽ നിന്ന് ബി.എയും മദ്രാസ് സർവകലാശാലയിൽ നിന്ന് എം.എയും ഒന്നാം റാങ്കിൽ വിജയിച്ചു. 1972 ൽ കേരളാ സർവകലാശാലയിൽ നിന്നാണ് പി.എച്ച്.ഡി. 1952 ൽ ഗവ. വിക്ടോറിയാ കോളേജിൽ അധ്യാപികയായി ഔദ്യോഗിക ജീവിതം ആരംഭിച്ച അവർ 1983 ൽ ഗവ. ബ്രണ്ണൻ കോളേജിൽ നിന്നും പ്രിൻസിപ്പലായി വിരമിച്ചു. കാലിക്കറ്റ്



സർവകലാശാലയിൽ വിസിറ്റിങ് പ്രൊഫസറായും കുറച്ചുകാലം സേവനമനുഷ്ഠിച്ചു.

എഴുത്തിനുവേണ്ടി ക്രമപ്പെടുത്തിയ ഒരു ദിനചര്യ താൻ കൃത്യമായി പാലിച്ചിരുന്നെന്ന് ഡോ. എം. ലീലാവതി സൂചിപ്പിച്ചിട്ടുണ്ട്. അത്തരമൊരു ക്രമപ്പെടുത്തലില്ലാതെ, ഗഹനവും വൈവിധ്യവുമാർന്ന ഇത്രയേറെ ഗ്രന്ഥങ്ങൾ രചിക്കാൻ സാധിക്കില്ലെന്നു തീർച്ച. ഒരു നിരൂപക മനസ്സിന്റെ കാർക്കശ്യങ്ങളല്ല വൈജ്ഞാനികാന്വേഷിയുടെ നിസംഗനിലപാടുകളാണ് ലീലാവതിയുടെ എഴുത്തിൽ പ്രകടമാകുന്നത്.

പാട്ടുപ്രസ്ഥാനത്തിലാരംഭിച്ച്, പുതുകവിതാപഠനങ്ങളിൽ വരെ എത്തിനിൽക്കുന്ന കവിതയുടേതുമാത്രമായ നിരവധി പഠന ഗ്രന്ഥങ്ങളുണ്ട് ലീലാവതിയുടെ രചനാലോകത്തിൽ. ഒപ്പം വ്യത്യസ്ത വിഷയങ്ങളെ കേന്ദ്രീകരിച്ചു നടത്തിയ മറ്റനേകം പഠനങ്ങളും. മലയാള കവിതാസാഹിത്യചരിത്രം, വർണരാജി, ജി.യുടെ കാവ്യജീവിതം, കവിതാധ്വനി, കവിതയും ശാസ്ത്രവും, സത്യം ശിവം സുന്ദരം, അമൃതമശ്നുതേ, ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ, കണ്ണീരും മഴവില്ലും, ശൃംഗാരചിത്രണം സി.വിയുടെ നോവലുകളിൽ, ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങൾ, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, അപ്പുവിന്റെ അന്വേഷണം, സ്ത്രീസ്വത്വാവിഷ്കാരം ആധുനികമലയാള സാഹിത്യത്തിൽ തുടങ്ങി മുപ്പതിലേറെ ഗ്രന്ഥങ്ങൾ ഡോ. എം. ലീലാവതി രചിച്ചു. ഫ്ളോറൻസ് നൈറ്റിംഗേൽ, മൗലാനാ അബ്ദുൾ കലാം ആസാദ് തുടങ്ങിയ ജീവചരിത്രങ്ങളും ഇതിലുൾപ്പെടുന്നു. മഹാകവി ജി. ശങ്കരക്കുറുപ്പ്, ഇടശ്ശേരി എന്നീ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലാണ് രചിച്ചിട്ടുള്ളത്.

## കവിതാ പഠനങ്ങളിൽ മുഴുകൽ

1976 ൽ 'വിശ്വോത്തരമായ വിപ്ലവേതിഹാസം' എന്ന കൃതിക്ക് സോവിയറ്റ്ലാന്റ് നെഹ്രു അവാർഡ് ലഭിച്ച ലീലാവതി കവിതാ പഠനങ്ങളിലാണ് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത്. ജി. ശങ്കരക്കുറുപ്പിനെപ്പോലെയുള്ള മഹാകവികളുടെ ശിഷ്യയാവാൻ കഴിഞ്ഞ ലീലാവതിക്കു ലഭിച്ചത് ഏറ്റവും നല്ല കാവ്യസൗന്ദര്യശിക്ഷണം തന്നെയായിരുന്നു. രാമചരിതത്തിലാരംഭിക്കുന്ന മലയാളകവിതയുടെ ചരിത്രത്തെ അക്കാദമിക് തലത്തിൽ നിന്നുകൊണ്ടു തരംതിരിക്കാനും വിശദീകരിക്കാനും വിലയിരുത്താനും ലീലാവതി നടത്തിയ ശ്രമമായിരുന്നു മലയാളകവിതാ സാഹിത്യചരിത്രം. അതിനു മുമ്പേതന്നെ പ്രസിദ്ധീകരിച്ച 'വർണരാജി'ക്ക് 1978 ലെ ഓടക്കുഴൽ അവാർഡും 1980 ലെ സാഹിത്യഅക്കാദമി അവാർഡും ലഭിച്ചു.

1980 ൽ പ്രസിദ്ധീകരിച്ച 'ജിയുടെ കാവ്യജീവിതം' എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ 'എവിടെ ഭൂതകാല പ്രഭാവതന്തുക്കൾ ആത്മാവിനെ വീർപ്പുമുട്ടിക്കുന്ന കേടുപാടുകളാകുന്നുവോ അവിടെ അവയെ വിഛേദിക്കുക, എവിടെ അവ ഭൂതിമത്തായ ഭാവി നെയ്യാനുതകത്തക്കവണ്ണം സ്വാതന്ത്ര്യദൃഢമാണോ അവിടെ അവയെ ഊടുംപാവുമായി നിബന്ധിക്കുക; ഇതായിരുന്നു അദ്ദേഹത്തിന്റെ ദർശനം. കാലഘട്ടം അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുത്ത കൃത്യമാണത്' എന്നെഴുതിക്കൊണ്ട് ലീലാവതി തന്റെ കുറുപ്പുമാസ്റ്റർക്ക് ഗുരുദക്ഷിണ നൽകുന്നു.

ലീലാവതി കവിതാ പഠനങ്ങളിലാണ് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത്. ജി. ശങ്കരക്കുറുപ്പിനെപ്പോലെയുള്ള മഹാകവികളുടെ ശിഷ്യയാവാൻ കഴിഞ്ഞ ലീലാവതിക്കു ലഭിച്ചത് ഏറ്റവും നല്ല കാവ്യസൗന്ദര്യശിക്ഷണം തന്നെയായിരുന്നു. രാമചരിതത്തിലാരംഭിക്കുന്ന മലയാളകവിതയുടെ ചരിത്രത്തെ അക്കാദമിക് തലത്തിൽ നിന്നുകൊണ്ടു തരംതിരിക്കാനും വിശദീകരിക്കാനും വിലയിരുത്താനും ലീലാവതി നടത്തിയ ശ്രമമായിരുന്നു മലയാളകവിതാ സാഹിത്യചരിത്രം.

മറ്റൊരു ഗ്രന്ഥമായ 'അമൃതമശ്നുതേ' 1984 ൽ പ്രസിദ്ധീകരിച്ചു. രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ കൃതിയുടെ ഒന്നാം ഭാഗത്ത് മലയാള കവിത കഴിഞ്ഞ അര




നൂറ്റാണ്ട്, ജിയുടെ സാഗരഗീതം, ചങ്ങമ്പുഴയുടെ മനസ്വിനി, വൈലോപ്പിള്ളിയുടെ ജലസേചനം, സാവിത്രി, സഹ്യന്റെ മകൻ, പി.യുടെ ദർശനം എന്നീ ലേഖനങ്ങളാണ്. എഴുത്തച്ഛന്റെ കാവ്യദേവത, ചിന്താവിഷ്ടയായ സീതയും ശുദ്ധവായാടികളും തുടങ്ങിയ നാലു ലേഖനങ്ങളാണ് രണ്ടാം ഭാഗം. 'കവിതാധ്വനി' എന്ന ഗ്രന്ഥത്തിനായിരുന്നു 1987 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്. 1989 ൽ 'സാഹിത്യനിരൂപണവും മനഃശാസ്ത്രവും, യുങിന്റെ മനഃശാസ്ത്രം മലയാള നിരൂപണത്തിൽ തുടങ്ങിയ ലേഖനങ്ങളുള്ള വിമർശനഗ്രന്ഥമായ 'സത്യം ശിവം സുന്ദരം' പ്രസിദ്ധീകരിക്കപ്പെട്ടു.

1994 ലെ നാലപ്പാടൻ അവാർഡും എൻ.വി. കൃഷ്ണവാര്യർ അവാർഡും ലഭിച്ച ഗ്രന്ഥമായിരുന്നു 'ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ'. 'അപഗ്രഥനാത്മക മനോവിജ്ഞാനീയത്തിന്റെ സാങ്കേതികരീതികളുപയോഗിച്ച് സാഹിത്യാദികലകളിൽ ആർക്കിടൈപ്പുകൾ ഉളവാക്കുന്ന പ്രതിഫലനത്തെപ്പറ്റി അന്വേഷിക്കുന്ന ആദ്യകൃതി' എന്ന വിശേഷണത്തോടെയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

## എഴുത്തെന്ന തപസ്സ്

1986 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ എഴുതിയ കവിതാപഠനങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമായിരുന്നു 'കവിതാരതി'. നാരായണീയത്തിലാരംഭിക്കുന്ന ഇതിലെ ലേഖനങ്ങളിൽ നമ്പ്യാർ, ആശാൻ, ചങ്ങമ്പുഴ, വൈലോപ്പിള്ളി, കക്കാട്, സച്ചിദാനന്ദൻ തുടങ്ങി വിജയലക്ഷ്മി വരെയുണ്ട്. ഇതേവർഷം തന്നെ ലീലാവതിയുടെ ഒൻപതു ലേഖനങ്ങൾ സമാഹരിച്ച് 'മൂല്യസംഘർഷങ്ങൾ' എന്ന പേരിൽ കേരള സർവകലാശാല പ്രസിദ്ധീകരിച്ചു. 1999 ലെ ലളിതാംബിക അന്തർജനം അവാർഡ് ലീലാവതിക്കായിരുന്നു. 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ് – ഒരു പഠനം' എന്ന ഗ്രന്ഥവും 1999 ൽ പ്രസിദ്ധീകരിച്ചു. 'ശീർഷകം കൊണ്ട് അത് വില്യം ഗോർഡിങ്ങിന്റെ ലോഡ് ഓഫ് ദ ഫ്ളൈസിനെ, ഓർമിപ്പിക്കുന്നു. ഗോർഡിങ്ങിന് നൊബേൽ സമ്മാനം നേടിക്കൊടുന്നത് കൃതിയേക്കാൾ മികച്ചതാണിത്' എന്നെഴുതാനുള്ള ധീരത ലീലാവതിക്കുണ്ടായി.

999 ഡോ. എം. ലീലാവതിയെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ ആഘാതത്തിന്റെ വർഷമായിരുന്നു. എഴുത്തിന്റെ തപസ്സിന് എന്നും അനുകൂലസാഹചര്യം ഒരുക്കിക്കൊടുത്തിരുന്ന ഭർത്താവ് ഡോ. സി.പി. മേനോന്റെ മരണം 1999 സെപ്റ്റംബർ 20 ന് ആയിരുന്നു. ബോധം നഷ്ടപ്പെടുന്നതിനു തൊട്ടു മുൻപും അദ്ദേഹം തന്റെ പത്നിയിലെ എഴുത്തുകാരിയെ നിർബന്ധപൂർവം ചില ജോലികളേൽപ്പിച്ചു. സി. രാധാകൃഷ്ണന്റെ നോവലുകളെക്കുറിച്ചുള്ള പഠന ഗ്രന്ഥമായ 'അപ്പുവിന്റെ അന്വേഷണ'ത്തിന്റെ മുഖവുരയിൽ അവർ



**അനസ്യൂതമായ പഠനമനനങ്ങൾ : ഡോ. എം. ലീലാവതി**

എഴുതുന്നു "ഭർത്താവ് ഡോ. സി.പി. മേനോന്റെ നിർദേശമാണ് ഇതിനു പ്രേരകമായത്. 1999 സെപ്റ്റംബർ 15 ാം തീയതി വൈകുന്നേരം പെട്ടെന്നൊരു തലചുറ്റലുണ്ടായി ബോധം നഷ്ടപ്പെട്ടു. രാത്രി ആശുപത്രിയിൽ വെച്ച് ബോധം തിരിച്ചുകിട്ടിതിനുശേഷം സി. രാധാകൃഷ്ണന്റെ നോവലുകളെപ്പറ്റി ഒട്ടേറെ സംസാരിച്ചു. തകഴിയെപ്പോലുള്ളവർക്കു കിട്ടിയ അന്താരാഷ്ട്ര പ്രശസ്തിയേക്കാൾ കൂടുതൽ പ്രശസ്തി അർഹിക്കുന്നുണ്ട് രാധാകൃഷ്ണൻ എന്നു പറയുകയുണ്ടായി. 16 ാം തീയതി രാവിലെ ബോധം നഷ്ടപ്പെട്ടു. സെപ്റ്റംബർ 20 ന് നിര്യാതനായി. ഈ നിർദേശവും കരയരുത് എന്ന ഉപദേശവുമാണ് ഒടുവിൽ തന്നത്." ഈ നിർദേശം പാലിക്കാനായി, മലയാളത്തിൽ വിശദ പഠനത്തിന് ആരും തയാറാകാതിരുന്ന സി. രാധാകൃഷ്ണന്റെ ഒൻപതു നോവലുകളെ അവർ പഠനവിധേയമാക്കി. 2001 ലെ പത്മപ്രഭാപുരസ്കാരം സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കായിരുന്നെങ്കിൽ 2002 ലെ വിലാസിനി അവാർഡ്, 2005 ലെ തായാട്ട് അവാർഡ്, 2007 ലെ വയലാർ അവാർഡ് എന്നിവ 'അപ്പുവിന്റെ അന്വേഷണ'ത്തിനായിരുന്നു.

രണ്ടായിരത്തിൽ ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, സാഹിത്യ നിരൂപണത്തിലെ ദിശാബോധം എന്നീ കൃതികൾ പുറത്തുവന്നു. ഫെമിനിസത്തെക്കുറിച്ചുള്ള സൈദ്ധാന്തിക ഗ്രന്ഥത്തിൽ ഫെമിനിസത്തിന്റെ നിർവചനം, ഉദ്ഭവം, വികാസചരിത്രം എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2005 ലെ ബാലാമണിയമ്മ അവാർഡും 2007 ലെ ഗുപ്തൻ നായർ സ്മാരക അവാർഡും നേടിയ ലീലാവതി 2008 ൽ കേരള സാഹിത്യ അക്കാദമിക്കുവേണ്ടി 'സ്ത്രീസ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ' എന്ന ഗ്രന്ഥം തയാറാക്കി. മലയാള സാഹിത്യത്തിനും വിദ്യാഭ്യാസത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് രാഷ്ട്രം 2008 ൽ ഡോ. എം. ലീലാവതിയെ പദ്മശ്രീ നൽകി ആദരിച്ചു. തുടർന്ന് 2010 ൽ സമസ്തകേരള സാഹിത്യപരിഷത്ത് അവാർഡും എഴുത്തച്ഛൻ പുരസ്കാരവും 2012 ലെ മാതൃഭൂമി പുരസ്കാരവും ലീലാവതി നേടി.

വായനയും വിലയിരുത്തലും പരസ്പരപൂരകം പോലെ ലീലാവതിയിൽ സമന്വയിച്ചു. മലയാള കവിതാസാഹിത്യത്തിനു പ്രാമുഖ്യം നൽകിക്കൊണ്ട് നിരൂപണത്തിലേർപ്പെട്ട ലീലാവതി ചില പ്രത്യേക കവികളുടെ രചനാലോകത്തെ ബോധപൂർവം അനുധാവനം ചെയ്തു. അവരെപ്പറ്റി വീണ്ടും വീണ്ടും എഴുതി.

മലയാള സാഹിത്യത്തിനൊപ്പം ഇത്ര ദീർഘകാലം സഞ്ചരിച്ച മറ്റൊരു നിരൂപകയുമില്ല. വായനയും വിലയിരുത്തലും പരസ്പരപൂരകം പോലെ ലീലാവതിയിൽ സമന്വയിച്ചു. മലയാള കവിതാസാഹിത്യത്തിനു പ്രാമുഖ്യം നൽകിക്കൊണ്ട് നിരൂപണത്തിലേർപ്പെട്ട ലീലാവതി ചില പ്രത്യേക കവികളുടെ രചനാലോകത്തെ ബോധപൂർവം അനുധാവനം ചെയ്തു. അവരെപ്പറ്റി വീണ്ടും വീണ്ടും എഴുതി. എന്നാൽ തന്റെ അഭിരുചിക്കിണങ്ങാത്തതും പരിചയസീമയിൽപ്പെടാത്തതുമായ കൃതികളെയും എഴുത്തുകാരെയും ലീലാവതി അവഗണിച്ചിട്ടുണ്ട്. ഇതേപ്പറ്റി പരാമർശങ്ങളുണ്ടായപ്പോൾ മറുപടിയെന്നോണം 'കവിതാരീതി'യുടെ ആമുഖത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു "സമസ്ത സാഹിത്യശാഖകളെയും പഠിച്ചുകൊള്ളാമെന്നും ഒരു ശാഖയിൽത്തന്നെ സമസ്ത രചനകളെയും പഠിക്കാൻ ശ്രമിച്ചുകൊള്ളാമെന്നും എറ്റിട്ട് ഇഹത്തിലെത്തിയവരുണ്ടെന്നു തോന്നുന്നില്ല".

ഗാർഹിക ജീവിതവും ഔദ്യോഗിക ജീവിതവും സൃഷ്ടിക്കുന്ന ക്ലേശങ്ങളെ മറികടക്കാൻ സ്ത്രീകൾ പൊതുവേ പ്രയാസപ്പെടുമ്പോൾ, അതിനൊപ്പം തന്റെ വൈജ്ഞാനിക ജീവിത്തെയും ഉയർത്തിപ്പിടിക്കാൻ സാധിച്ചു എന്നതാണ് ഡോ. എം. ലീലാവതിയുടെ വിജയം. മലയാള സാഹിത്യത്തിനുവേണ്ടി ഇത്രയധികം പ്രവർത്തിക്കാൻ കഴിഞ്ഞ നിരൂപക എന്ന നിലയിൽ ഡോ. എം. ലീലാവതി തലമുറകളുടെ ആദരവിനർഹയാണ്. ■

■ രസ്നിമ കെ.കെ.

# കൊക്കുകൾക്കിടയിലെ രാജഹംസം

**കെ. സരസ്വതിയമ്മയുടെ കഥകളിലെ വിദ്യാസമ്പന്നകളെക്കുറിച്ചുള്ള നിരീക്ഷണം**



കെ. സരസ്വതിയമ്മ

മലയാളത്തിലെ ആദ്യകാല സ്ത്രീപക്ഷ എഴുത്തുകാരിൽ ശ്രദ്ധേയയാണ് കെ. സരസ്വതിയമ്മ. സാമ്പ്രദായിക രീതികളിൽ നിന്നും വ്യതിചലിക്കുന്നവരും തന്റേടികളുമായ സ്ത്രീകളെ സരസ്വതിയമ്മ അവതരിപ്പിച്ചു. അത്തരം തന്റേടികളെ രൂപപ്പെടുത്തുന്ന സവിശേഷ ഘടകമായി സരസ്വതിയമ്മ വിദ്യാഭ്യാസത്തെ പരിഗണിക്കുന്നു. സ്ത്രീസഹജമെന്നു കരുതപ്പെടുന്ന സ്വഭാവ വിശേഷങ്ങളെ മറികടക്കുന്ന വിദ്യാസമ്പന്നരായ സ്ത്രീ കഥാപാത്രങ്ങളെ സരസ്വതിയമ്മയുടെ കഥകളിൽ കാണാം. പ്രണയം, വിവാഹം, ദാമ്പത്യം, കുടുംബം എന്നീ ഘടനകളോടെല്ലാം സ്വതന്ത്രമായ സമീപനം പുലർത്തുന്നവരാണ് അവർ. വിദ്യാഭ്യാസം സൃഷ്ടിക്കുന്ന കർത്തൃത്വങ്ങളും വിഷയികളും സരസ്വതിയമ്മയുടെ കഥകളിൽ ലിംഗഭേദമനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണാം. വിദ്യാസമ്പന്നരായ പുരുഷകഥാപാത്രങ്ങൾ മിക്കപ്പോഴും വിമർശനീയരായോ പരിഹാസ്യരായോ പ്രത്യക്ഷപ്പെടുമ്പോൾ സ്ത്രീ കഥാപാത്രങ്ങൾ ബൗദ്ധികമായി ഉയർന്നുനിൽക്കുന്നവരാണ്. ആധുനിക വിദ്യാഭ്യാസം വ്യക്തിയെ പരിണമിപ്പിക്കുന്നതിന്റെ രീതിഭേദങ്ങൾ സരസ്വതിയമ്മയുടെ കഥകളുടെ സൂക്ഷ്മവായനയിലൂടെ വെളിപ്പെടുന്നു.

അറിവ്, ആത്മബോധം, സാമൂഹിക പദവി തുടങ്ങിയവയെ ബന്ധിപ്പിച്ച് സരസ്വതിയമ്മ സൃഷ്ടിച്ചെടുക്കുന്ന കഥാപാത്രങ്ങളെ മാതൃകയായി സ്വീകരിച്ചുകൊണ്ട് വിദ്യാഭ്യാസത്തെ സംബന്ധിച്ച കൊളോണിയൽ ധാരണകൾ അവരെ എങ്ങനെയെല്ലാമാണ് സ്വാധീനിച്ചതെന്ന് സാമാന്യമായി മനസ്സിലാക്കുകയാണ് ഇവിടെ ലക്ഷ്യം. കൊളോണിയൽ വിദ്യാഭ്യാസത്തെക്കുറിച്ച് സന്ദിഗ്ധമായ നിലപാടുകളാണ് സരസ്വതിയമ്മയ്ക്കുണ്ടായിരുന്നത് എന്ന് കഥാപാത്രങ്ങളുടെ സൂക്ഷ്മവിശകലനത്തിലൂടെ വെളിപ്പെടുന്നുണ്ട്. സ്ത്രീക്ക് പുരുഷൻ കൽപ്പിക്കുന്ന വിദ്യാഭ്യാസവും പരിഷ്കാരവും അതിലെ വൈരുധ്യങ്ങളുമാണ് 'ഇടിവെട്ടുതൈലം', 'ദ്രോഹത്തിന്റെ ഫലം ചെയ്ത സ്നേഹം' എന്നീ കഥകളിൽ വിഷയമാകുന്നത്. ഭാര്യ, ചേട്ടത്തിയമ്മ എന്നീ കർത്തൃത്വങ്ങൾ വഹിക്കുന്ന സ്ത്രീകളാണ് ഈ കഥകളിലുള്ളത്. അവർക്ക് പുരുഷൻ കല്പിക്കുന്ന വിദ്യാഭ്യാസവും പരിഷ്കാരവും ഇത്തരം കർത്തൃത്വങ്ങളുടെ പരിധിയെ വിപുലപ്പെടുത്താൻ സഹായിക്കുന്നില്ല എന്നു കാണാം.

*ഇടിവെട്ടുതൈല*ത്തിൽ കഥാനായിക വിദ്യാഭ്യാസമില്ലാത്തവളാണ്. വിദ്യസമ്പന്നനായ ഭർത്താവ് ഗ്രാമീണയായ തന്റെ ഭാര്യയെ ഇംഗ്ലീഷ് പഠിപ്പിക്കാൻ ശ്രമിക്കുകയും പരാജയപ്പെടുകയുമാണ് ഈ കഥയിൽ. പരിഷ്കൃതമായ ജീവിതത്തെക്കുറിച്ചുള്ള അയാളുടെ സങ്കൽപ്പങ്ങൾ ഇംഗ്ലീഷ് പരിജ്ഞാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹണി, പ്രഷ്യസ് തുടങ്ങിയ ഇംഗ്ലീഷ് സംബന്ധനകൾ ഉൾക്കൊള്ളാനും അതിനനുസരിച്ച് പ്രതികരിക്കാനും പത്രവായനയ്ക്കും കുട്ടികളെ പഠിപ്പിക്കുന്നതിനും മറ്റുമാണ് ഭാര്യ ഇംഗ്ലീഷ് അറിഞ്ഞിരിക്കണമെന്ന് അയാൾ നിർബന്ധം പിടിക്കുന്നത്. വ്യക്തിയുടെ ആന്തരിക വികാസത്തിലല്ല പ്രയോജനപരതയിലാണ് ഇവിടെ വിദ്യാഭ്യാസം ഊന്നുന്നത്. ഭാര്യയെ തനിക്ക് അനുരൂപയാക്കുകയെന്നതാണ് അവരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിലൂടെ ഭർത്താവ് ലക്ഷ്യമാക്കുന്നത്. പക്ഷെ ഒരു വീട്ടുകാരിയാവുകയാണ് തന്റെ ജീവിതലക്ഷ്യമെന്ന് കരുതുന്ന ഭാര്യയ്ക്ക് വിദ്യാഭ്യാസം ഒരു ആവശ്യമായി അനുഭവപ്പെടുന്നേയില്ല. കുടുംബഭരണത്തിനുവേണ്ട അറിവിൽ താൻ ഒട്ടും പിന്നിലല്ലെന്ന് അവൾക്ക് ബോധ്യമുണ്ട്. ഭർത്താവ് ഇംഗ്ലീഷ് പഠിപ്പിക്കാൻ ശ്രമിക്കുമ്പോൾ തന്റെ പരിമിതമായ അറിവുകളിൽ ഊന്നിക്കൊണ്ട് അവൾ അതിന്റെ സാധുതയെ ചോദ്യം ചെയ്യുന്നുണ്ട്.

## പരിഷ്കരണവാദങ്ങളുടെ വിമർശനം

'ദ്രോഹത്തിന്റെ ഫലം ചെയ്ത സ്നേഹം' എന്ന കഥയിൽ പ്രൈമറി സ്കൂൾ അധ്യാപികയായ തന്റെ ചേട്ടത്തിയമ്മയെ പരിഷ്കാരത്തിന്റെ പ്രതീകമായാണ് അനിയൻ കുട്ടപ്പൻ കാണുന്നത്. കാലിൽ ചെരിപ്പും ദേഹത്തിൽ സാരിയും കക്ഷത്തിൽ ലേഡീസമ്പ്രല്ലയുമായി പുറത്തിറങ്ങി

> വിദ്യാസമ്പന്നയായ സ്ത്രീക്ക് ആ വിദ്യാഭ്യാസം ജീവിതത്തിൽ എങ്ങനെയാണ് പ്രയോജനപ്പെടുന്നത് എന്നതിനെക്കുറിച്ച് സരസ്വതിയമ്മ വിമർശനാത്മകമായ നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. സ്ത്രീയുടെ വിദ്യാഭ്യാസം വിനിമയമൂല്യമുള്ള ഒരു ഉത്പന്നം മാത്രമായി പരിണമിക്കുന്ന അവസ്ഥയും അവർ ആവിഷ്കരിക്കുന്നുണ്ട്.

നാലുപേരോടു ഭംഗിയായി – പോരെങ്കിൽ തനി അച്ചടിഭാഷയിൽ – സംസാരിക്കാൻ അറിയാവുന്ന ഒരു സ്ത്രീയെ തന്റെ വീട്ടിലൊരംഗമായിക്കിട്ടുക! (ദ്രോഹത്തിന്റെ ഫലം ചെയ്ത സ്നേഹം) എന്നത് അവന്റെ ഉത്കടമായ ഒരാഗ്രഹമായിരുന്നു. അക്ഷരാഭ്യാസമില്ലാത്ത അമ്മയ്ക്കും പ്രൈമറി പള്ളിക്കൂടം കടന്നിട്ടില്ലാത്ത സഹോദരിമാർക്കുമിടയിൽ 'കൊക്കുകളുടെ നടുവിലൊരു രാജഹംസം പോലെ' ചേട്ടത്തിയമ്മ ശോഭിക്കുമെന്ന് അവൻ കരുതി. അവർക്കു തികയാത്ത പരിഷ്കാരങ്ങൾ എത്തിച്ചുകൊടുക്കാൻ അവൻ ശ്രദ്ധാലുവായി. ചേട്ടത്തിയമ്മയ്ക്കു ചെരിപ്പു വാങ്ങിക്കൊടുത്ത് അത് ധരിച്ചു നടക്കാൻ അവരെ പരിശീലിപ്പിക്കുന്ന കുട്ടപ്പന്റെ പ്രവൃത്തി അമ്മയ്ക്കും ഭർത്താവിനും രസിക്കുന്നില്ല. ഭർത്താവിന്റെയും അമ്മയുടെയും പുച്ഛവും ദേഷ്യവും അവഗണിച്ചുകൊണ്ട് ചെരിപ്പു ധരിച്ചു നടക്കാൻ അവൾ സന്നദ്ധയാകുന്നുണ്ടെങ്കിലും ആ പുതിയ പരിഷ്കാരം കൊണ്ടുണ്ടായ അസ്വാസ്ഥ്യങ്ങളും നാട്ടുകാരുടെ പ്രത്യേക ശ്രദ്ധയിൽ നിന്നു വിമുക്തമായിട്ടില്ലാത്ത പുതുപ്പെണ്ണെന്ന സവിശേഷതയും അവളെ കഷ്ടത്തിലാക്കുന്നു. ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന ഉദ്യോഗത്തിന്റെ നിദാനം മാത്രമാണ് അവൾക്ക് വിദ്യാഭ്യാസം. അത് അവളെ സ്വയം പരിഷ്കൃതയോ വിമോചിതയോ ആക്കി മാറ്റുന്നില്ല. 'ഇടിവെട്ടുതൈലം' എന്ന കഥയിൽ നിന്നു വ്യത്യസ്തമായി ഇവിടെ കഥാനായിക വിദ്യാസമ്പന്നയും ഉദ്യോഗസ്ഥയുമാണ്. ഭാര്യ എന്ന നിലയിൽ അവൾ സ്വീകാര്യയാകുന്നത് അവളുടെ വരുമാനത്തിന്റെ പേരിൽ മാത്രമാണ്. ശമ്പളമുള്ള ഭാര്യയുടെ വരവില്ലാത്ത ഭർത്താവാകുന്നതിൽ കഥയിലെ ഭർത്താവ് യാതൊരാക്ഷേപവും കാണുന്നില്ല. ആൺപിറവിയാകുന്നതിൽക്കവിഞ്ഞൊന്നെങ്കിലും യോഗ്യത ഭർത്താവാകാനാവശ്യമില്ലെന്നായിരുന്നു അയാളുടെ അഭിപ്രായം. എന്നാൽ ഭർത്താവ് ഭാര്യയെ സംരക്ഷിച്ചാലേ പൗരുഷത്തിനർഥമുള്ളൂ എന്ന പക്ഷക്കാരനായിരുന്നു അനിയൻ കുട്ടപ്പൻ. ഈ രണ്ടഭിപ്രായങ്ങളും രൂപപ്പെടുന്നത് പുരുഷ കേന്ദ്രീകൃത മനോഭാവത്തിൽ നിന്നാണ്. ഭർത്താവിനോടുള്ള വിധേയത്വവും ഭർതൃസഹോദരനോടുള്ള വാത്സല്യവും കാരണം അനുഭവപ്പെടുന്ന സംഘർഷത്തെ മറികടക്കാൻ അവൾക്കു കഴിയുന്നില്ല. അവൾ നേടിയ വിദ്യാഭ്യാസവും ഉദ്യോഗവും അതിന് അവളെ പ്രാപ്തയാക്കുന്നില്ല.

“1930 കളിൽ കേരളത്തിലുടനീളം ഉയർന്നുവന്ന പരിഷ്കരണവാദങ്ങളിൽ നിന്നാണ് സരസ്വതിയമ്മയുടെ ചിന്ത ബൗദ്ധികോർജം സംഭരിച്ചതെന്ന്” ജെ. ദേവിക നിരീക്ഷിക്കുന്നുണ്ട്. പുരുഷന്റെ ആദർശാഭിലാഷണങ്ങൾക്കനുസരിച്ച് സ്ത്രീ മാറണമെന്ന ലളിതമായ ആവശ്യത്തിലേക്ക് പരിഷ്കരണവാദ ചിന്ത ചുരുങ്ങുന്നതിന്റെ വിമർശനമായാണ് ദേവിക 'ഇടിവെട്ടുതൈലം, 'ദ്രോഹത്തിന്റെ ഫലം ചെയ്ത സ്നേഹം' എന്നീ കഥകളെ പരിഗണിക്കുന്നത്. (ജെ. ദേവിക, കുലടയ്ക്കും കുലീനയ്ക്കുമപ്പുറം: ലിംഗഭേദവിചാരം സരസ്വതിയമ്മയുടെ കൃതികളിൽ, കെ. സരസ്വതിയമ്മയുടെ സമ്പൂർണ കൃതികൾ) തന്റെ താത്പര്യങ്ങൾക്കതീതമായി തന്നെ പരിഷ്കരിക്കാൻ ശ്രമിക്കുന്ന പുരുഷനെ പ്രതിരോധിക്കുന്നതിൽ വിദ്യാഭ്യാസമില്ലാത്ത ഒരു സ്ത്രീ വിജയിക്കുന്നതും വിദ്യാസമ്പന്ന അത്തരം പരിഷ്കരണ ശ്രമത്തെ തള്ളിക്കളയുന്നതിൽ പരാജയപ്പെടുന്നതുമായ വൈരുധ്യത്തെ ഈ കഥകൾ അനുഭവപ്പെടുത്തുന്നു. ഇവിടെ വിദ്യാഭ്യാസമില്ലാത്തവൾ പുരുഷാധിപത്യത്തിൽ നിന്ന് കുതറിമാറുമ്പോൾ, വിദ്യാസമ്പന്ന അതിനു കീഴ്പ്പെടുകയാണെന്നു കാണാം. ഇതിൽ നിന്നും തികച്ചും ഭിന്നമായ അവസ്ഥ മറ്റു കഥകളിൽ കാണുന്നുണ്ട്. അതുകൊണ്ടു തന്നെ വ്യക്തിയുടെ വിമോചനവും വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സരസ്വതിയമ്മയ്ക്ക് സന്ദിഗ്ധമായ ധാരണകളാണുള്ളതെന്ന് മനസ്സിലാക്കാം.

വിദ്യാസമ്പന്നയായ ഭാര്യയുടെ വ്യക്തിത്വത്തോട് സമരസപ്പെടാൻ ശ്രമിക്കുന്ന ഭർത്താവാണ് 'മഴയ്ക്കുമുമ്പ്' എന്ന കഥയിലുള്ളത്. കോളേജിൽ പഠിച്ചിട്ടുള്ള കഥാനായികയെ അത്രതന്നെ വിദ്യാഭ്യാസമില്ലാത്ത ഒരാളെക്കൊണ്ട് വിവാഹം ചെയ്യിക്കുന്നതും തുടർന്ന് അവരുടെ ദാമ്പത്യത്തിലുണ്ടാകുന്ന പിണക്കങ്ങളും പൊരുത്തപ്പെടലുമാണ് കഥയ്ക്കു വിഷയമാകുന്നത്. “കോളേജിൽ പഠിച്ചിട്ടില്ലെങ്കിലും അവന്റെ പണത്തിനു വിലയില്ലേ?” (മഴയ്ക്കുമമ്പ്) എന്നതാണ് വീട്ടുകാരുടെ ന്യായീകരണം. അവളെ അയാൾക്ക് വിവാഹം ചെയ്തുകൊടുക്കാൻ അവർക്ക് അത് മതിയായ കാരണമായിരുന്നു. അവളെക്കുറിച്ച് അയാളുടെ ചേച്ചി ഇങ്ങനെ അന്വേഷിക്കുന്നു.

“എന്തു പരീക്ഷക്കാരിയാണ്?”

“എം.എ.”

‘‘നീ എങ്ങനെ അവളെ ഭരിക്കും? കുഞ്ഞുങ്ങളുണ്ടായാൽ അതിനെയും ഇട്ടിട്ട് അവൾ കളിക്കാനോടും" (മഴയ്ക്കു മുമ്പ്)

സംഭാഷണത്തിനിടയിൽ തോമസ് ഹാർഡിയെയും ടാഗോറിനെയും ഉദ്ധരിക്കുന്ന, കൗതുകപൂർവം പുസ്തകം വായിച്ചുകൊണ്ടിരിക്കുന്ന നായിക ആധുനിക വിദ്യാഭ്യാസം രൂപപ്പെടുത്തിയ കർത്തൃത്വമാണ്. പ്രശ്നങ്ങളെ ഹാസ്യാത്മകമായി വീക്ഷിക്കാനുള്ള കഴിവ് അവൾക്കുണ്ട്. ഇവിടെ അഭ്യസ്തവിദ്യരായ സ്ത്രീയെ സാമ്പ്രദായികമായ കുടുംബഘടനയ്ക്കുള്ളിൽ ഒതുക്കിനിർത്താനാകുമോ എന്ന് സംശയിക്കുന്നത് ഗൃഹസ്ഥയായ സ്ത്രീയാണ്. ഭാര്യയുടെ പരിഷ്കാരങ്ങളോട് പ്രതിപത്തി കാണിക്കുന്നില്ലെങ്കിലും അവൾ വെറും സാധാരണക്കാരിയല്ലെന്ന ബോധ്യം ഭർത്താവിനുണ്ട്. അതുകൊണ്ടു തന്നെ തന്റെ വ്യക്തിത്വത്തെ അവൾക്ക് അടിച്ചമർത്തേണ്ടിവരുന്നില്ല.

## കുടുംബം, വിദ്യാഭ്യാസം – വൈരുധ്യങ്ങൾ

വിദ്യാസമ്പന്നയായ സ്ത്രീക്ക് ആ വിദ്യാഭ്യാസം ജീവിതത്തിൽ എങ്ങനെയാണ് പ്രയോജനപ്പെടുന്നത് എന്നതിനെക്കുറിച്ച് സരസ്വതിയമ്മ വിമർശനാത്മകമായ നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. സ്ത്രീയുടെ വിദ്യാഭ്യാസം വിനിമയമൂല്യമുള്ള ഒരു ഉത്പന്നം മാത്രമായി പരിണമിക്കുന്ന അവസ്ഥയും അവർ ആവിഷ്കരിക്കുന്നുണ്ട്. ‘അച്ഛനെവിടെ?’ ‘ബഹുമാനപ്പെട്ട അമ്മ’, ‘പെൺബുദ്ധി’ എന്നീ കഥകൾ ഈ അവസ്ഥയുടെ വ്യത്യസ്ത തലങ്ങളെ സ്പർശിക്കുന്നവയാണ്.

‘അമ്മയുടെ പാപം’ എന്ന കഥയിൽ അമ്മയുടെ സദാചാരവിരുദ്ധമായ ജീവിതം കാരണം മകൾ പഴികേൾക്കേണ്ടിവരികയും ഒറ്റപ്പെടുകയും ചെയ്യുന്നു. വിദ്യാലയവും കുടുംബവും സമൂഹവും വ്യക്തിയുടെ പരിവർത്തനത്തിൽ വഹിക്കുന്ന പ്രതികൂലമായ പങ്കാണ് കഥയിൽ ചർച്ചചെയ്യപ്പെടുന്നത്. അറിവിന്റെയും സംസ്കാരത്തിന്റെയും വിനിമയം നടക്കുന്ന ഇടം എന്ന നിലയിൽ വിദ്യാലയത്തിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്ന ധാർമിക പിന്തുണയോ മാർഗദർശനമോ കനകത്തിനു ലഭിക്കുന്നില്ല. ഏറ്റവും സമർഥയായ വിദ്യാർഥിനിയായിരുന്നിട്ടുകൂടി സമൂഹം അതിന്റെ കപടസദാചാരബോധത്തിനനുസരിച്ച് അവളെ രൂപപ്പെടുത്തുമ്പോൾ വിദ്യാലയവും അതിൽ പങ്കുകൊള്ളുന്നു.

**മിക്കപ്പോഴും ആധുനിക വിദ്യാഭ്യാസം നേടിയ പുരുഷന്മാർ ചൂഷകരും അവസരങ്ങൾക്കൊത്ത് മാറുന്നവരുമാകുമ്പോൾ ആധുനിക വിദ്യാഭ്യാസത്തിന് പുറത്തുനിൽക്കുന്ന പുരുഷന്മാർ നിഷ്കളങ്കരും നിസ്വാർഥരുമായി അവതരിപ്പിക്കപ്പെടുന്നു. ആധുനിക വിദ്യാഭ്യാസത്തിലൂടെ ആത്മവികാസം നേടുന്നവർ മിക്കപ്പോഴും സ്ത്രീ കഥാപാത്രങ്ങളാണ്.**



മാർഗരറ്റ് പിയേഴ്സന്റെ വുമൺ റൈറ്റിങ് എ ലെറ്റർ

ഇത്തരത്തിലുള്ള വൈരുധ്യം മറ്റുകഥകളിലും കാണാൻ കഴിയുന്നുണ്ട്. 'വീട്ടിലും പുറത്തും' എന്ന കഥ ഈ വൈരുധ്യത്തെ പ്രത്യക്ഷവത്കരിക്കുന്നുണ്ട്. പുരോഗമനവാദിയും ആദർശശാലിയുമായ ചെറുപ്പക്കാരന്റെ പൊതുജീവിതവും സ്വകാര്യജീവിതവും തമ്മിലുള്ള അന്തരമാണ് ഈ കഥയ്ക്കു വിഷയമാകുന്നത്. ലോകപുരോഗതിയുണ്ടാവണമെങ്കിൽ പുരുഷനോടൊപ്പം സ്ത്രീയും പ്രവൃത്തിരംഗങ്ങളിലിറങ്ങണമെന്ന് തന്റെ പ്രസംഗങ്ങളിലൂടെ അയാൾ ഉദ്ബോധിപ്പിച്ചു. സമുദായ സേവനത്തിൽ മാത്രമല്ല, നാടക-സിനിമാദികലാസേവനങ്ങളിലും പങ്കെടുക്കാൻ ഭർത്താക്കന്മാർ സ്ത്രീകളെ സമ്മതിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണമെന്നു പ്രസംഗിക്കാറുള്ള അയാൾ വീട്ടിനകത്ത് തികച്ചും വിരുദ്ധമായ സമീപനമാണ് സ്വീകരിക്കുന്നത്. പെണ്ണുങ്ങൾ വീട്ടിലിരുന്നാൽ മതിയെന്ന അഭിപ്രായമായിരുന്നു ഭർത്താവെന്ന നിലയിൽ അയാൾ പുലർത്തിയിരുന്നത്. പൊതുമണ്ഡലത്തിൽ ആഡംബര വിമുഖനായി പ്രത്യക്ഷപ്പെടാറുള്ള ആ പരിഷ്കർത്താവിന്റെ ഭാര്യയുടെ ശരീരം ആഭരണം കൊണ്ടു പൊതിഞ്ഞിരുന്നു. സാമൂഹിക കാര്യങ്ങളിൽ ഇടപെടുകയും പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന വ്യക്തി താൻ നേടിയ അറിവിനെ പ്രയോഗവത്കരിക്കുന്നതിൽ പരാജയപ്പെടുകയാണ് ഈ കഥയിൽ.

ആധുനിക വിദ്യാഭ്യാസത്തിനു പുറത്തു നിൽക്കുന്ന വ്യക്തികൾ നിഷ്കളങ്കരും നിസ്വാർഥരും വൈകാരികമായി ചിന്തിക്കുന്നവരുമാണെന്ന ധാരണയുണ്ടാക്കുന്ന കഥകൾ സരസ്വതിയമ്മ എഴുതിയിട്ടുണ്ട്. 'ഒന്നാം സമ്മാനം, 'കീഴ്ജീവനക്കാരി, 'ഇരുപതു വർഷത്തിനുശേഷം' എന്നീ കഥകൾ ഇത്തരമൊരു ധാരണയാണ് മുന്നോട്ടുവെക്കുന്നത്. ആധുനിക വിദ്യാഭ്യാസം നേടിയവർ ഇവിടെ ചൂഷകരായും പ്രത്യക്ഷപ്പെടുന്നു.

### ആന്തരിക വികാസവും സൃഷ്ട്യുന്മുഖതയും

വിദ്യാഭ്യാസത്തിലൂടെ ആന്തരികവികാസം സാധ്യമായ വ്യക്തികളെയും സരസ്വതിയമ്മ അവതരിപ്പിക്കുന്നുണ്ട്. ഇവർ ജീവിതത്തിലെ നിർണായക ഘട്ടങ്ങളിൽ വേറിട്ട തീരുമാനങ്ങളെടുത്ത് വ്യത്യസ്തരാവുന്നു. വിദ്യാഭ്യാസത്തിലൂടെ ആന്തരികവികാസം സിദ്ധിച്ചവർ സൃഷ്ട്യുൻമുഖരായിരിക്കും. ഈ സൃഷ്ട്യുന്മുഖത സഫലീകരിക്കാൻ അവർ വ്യത്യസ്ത മാർഗങ്ങൾ തേടുന്നു. 'പനിനീർപ്പൂവ്', 'ചോലമരങ്ങൾ', 'വിലക്കപ്പെട്ട വഴി' എന്നീ കഥകൾ ഇത്തരം വ്യക്തിത്വങ്ങളെ അവതരിപ്പിക്കുന്നു.

സമുദായനീതി വേർപിരിച്ച രണ്ടു പ്രണയികളുടെ പരിണാമത്തിന്റെ കഥയാണ് 'ചോലമരങ്ങൾ' പറയുന്നത്. ലില്ലിക്കുട്ടിയും മധുസൂദനനും വിദ്യാഭ്യാസത്തിലൂടെ ആന്തരികവികാസം പ്രാപിച്ച വ്യക്തിത്വങ്ങളാണ്.

സ്ത്രീപക്ഷവാദത്തിന്റെ ആദ്യകാല വക്താവായി മലയാള സാഹിത്യം അവരോധിക്കുന്ന എഴുത്തുകാരിയാണ് കെ. സരസ്വതിയമ്മ. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ പ്രതിനിധിയെന്ന നിലയിലും സ്ത്രീപക്ഷ സമീപനം പുലർത്തുന്ന എഴുത്തുകാരിയെന്ന നിലയിലും സരസ്വതിയമ്മയുടെ സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണകൾ നിരീക്ഷിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയത്

അവരുടെ സൃഷ്ട്യുൻമുഖത കുടുംബം എന്ന ചെറിയ ഘടനയിൽ നിന്നും സമൂഹം എന്ന വലിയ ഘടനയിലേക്ക് അവരുടെ കർമ മണ്ഡലത്തെ വികസിപ്പിക്കുന്നു. സന്യാസജീവിതം സ്വീകരിച്ച അവർ സാമൂഹിക നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു. സമൂഹത്തിലെ അശരണരുടെ ദുഃഖം സ്വന്തം ദുഃഖമായി കാണാനുള്ള ആന്തരികവികാസം അവർക്കു സിദ്ധിക്കുന്നുണ്ട്. സ്വതന്ത്രമായ കാഴ്ചപ്പാടുകളും അഭിരുചികളുമുള്ള കഥാപാത്രങ്ങളെ രൂപപ്പെടുത്തുമ്പോൾ കഥാകാരി മിക്കപ്പോഴും അവർക്ക് ഗ്രന്ഥാധിഷ്ഠിതമായ വിജ്ഞാനത്തിന്റെ പിന്തുണ നൽകുന്നുണ്ട്.

സ്ത്രീപക്ഷവാദത്തിന്റെ ആദ്യകാല വക്താവായി മലയാള സാഹിത്യം അവരോധിക്കുന്ന എഴുത്തുകാരിയാണ് കെ. സരസ്വതിയമ്മ. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ പ്രതിനിധിയെന്ന നിലയിലും സ്ത്രീപക്ഷ സമീപനം പുലർത്തുന്ന എഴുത്തുകാരിയെന്ന നിലയിലും സരസ്വതിയമ്മയുടെ സ്ത്രീ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണകൾ നിരീക്ഷിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തിയത്. വ്യക്തിയുടെ ആന്തരിക വികാസം സാധ്യമാക്കുകയെന്നതും ജീവിതത്തിലെ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ഉപകരണമായി വർത്തിക്കുകയെന്നതും വിദ്യാഭ്യാസത്തിന്റെ രണ്ടുതരം ധർമങ്ങളാണ്. ഈ രണ്ടു രീതിയിലും വിദ്യാഭ്യാസത്തെ സ്വാംശീകരിച്ച കഥാപാത്രങ്ങളെ സരസ്വതിയമ്മ അവതരിപ്പിക്കുന്നുണ്ട്. ആധുനികവിദ്യാഭ്യാസം നേടിയ സ്ത്രീകൾ സരസ്വതിയമ്മയുടെ കഥാപ്രപഞ്ചത്തിൽ നിരന്തര സാന്നിധ്യമാണ്. വിദ്യാഭ്യാസത്തിലൂടെ വിമോചിതരാകുന്ന സ്ത്രീ കഥാപാത്രങ്ങൾ മിക്കപ്പോഴും സാമ്പ്രദായിക ഘടനകളെ തിരസ്കരിക്കുന്നവരായിരിക്കും. പരമ്പരാഗതമായ ഘടനകൾ വിദ്യാസമ്പന്നകളായ സ്ത്രീകളെ നിശബ്ദരാക്കുന്നതും കാണാനാവുന്നു. വിദ്യാഭ്യാസം വിമോചനായുധമാണെന്ന ധാരണയ്ക്ക് ഭംഗം വരുത്തുന്നവരാണ് ഇതിലെ ചില കഥാപാത്രങ്ങൾ. കൊളോണിയൽ വിദ്യാഭ്യാസം സ്ത്രീവിമോചനത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് പരസ്പരവിരുദ്ധമായ നിലപാടുകളാണ് കഥകളിൽ അവതരിപ്പിക്കപ്പെടുന്നത്. മിക്കപ്പോഴും സ്ത്രീയുടെ ഉടമയായി നിൽക്കുന്ന പുരുഷൻ അവളുടെ വിദ്യാഭ്യാസത്തെ പരിഷ്കാരവുമായി ബന്ധപ്പെടുത്തിയാണ് കാണുന്നത്. ചിലപ്പോൾ വിദ്യാസമ്പന്നയായ സ്ത്രീയുടെ ഉദ്യോഗത്തിലൂടെ ലഭിക്കുന്ന സാമ്പത്തിക ഭദ്രതയുമായി ബന്ധപ്പെടുത്തിയും പുരുഷൻ സ്ത്രീ വിദ്യാഭ്യാസത്തെ അളക്കുന്നു. മിക്കപ്പോഴും ആധുനിക വിദ്യാഭ്യാസം നേടിയ പുരുഷന്മാർ ചൂഷകരും അവസരങ്ങൾക്കൊത്ത് മാറുന്നവരുമാകുമ്പോൾ ആധുനിക വിദ്യാഭ്യാസത്തിന് പുറത്തുനിൽക്കുന്ന പുരുഷന്മാർ നിഷ്കളങ്കരും നിസ്വാർഥരുമായി അവതരിപ്പിക്കപ്പെടുന്നു. ആധുനിക വിദ്യാഭ്യാസത്തിലൂടെ ആത്മവികാസം നേടുന്നവർ മിക്കപ്പോഴും സ്ത്രീ കഥാപാത്രങ്ങളാണ്. വിരളമായി ഇത്തരം പുരുഷന്മാരെയും സരസ്വതിയമ്മ അവതരിപ്പിക്കുന്നുണ്ട്.

കൊളോണിയൽ വിദ്യാഭ്യാസത്തിനു പുറത്തു നിൽക്കുന്ന ജ്ഞാനമാതൃകകളെക്കുറിച്ച് സരസ്വതിയമ്മയുടെ കഥകൾ സവിശേഷമായി ഒന്നും പറയുന്നില്ല. കൊളോണിയൽ ജ്ഞാനത്തെ മാത്രമേ സരസ്വതിയമ്മ പരിഗണിച്ചിരുന്നുള്ളൂവെന്ന് കാണാം. എന്നാൽ അവർ കൊളോണിയൽ വിദ്യാഭ്യാസത്തെ വിമർശനാത്മകമായി വിലയിരുത്തുന്നുണ്ട്. ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാഗമായ ശാസ്ത്രജ്ഞാനത്തെ അനുകൂലമായും പ്രതികൂലമായും അവർ വീക്ഷിക്കുന്നുണ്ട്. കലാവിദ്യാഭ്യാസത്തെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളെ വിമർശനാത്മകമായി വീക്ഷിക്കുന്ന കഥകളും സരസ്വതിയമ്മയുടെ കഥാലോകത്ത് കാണാം.

ആധുനികവിദ്യാഭ്യാസം രൂപപ്പെടുത്തുന്ന ഭിന്നകർതൃത്വങ്ങളെ അവതരിപ്പിക്കുകയാണ് സരസ്വതിയമ്മ. കൊളോണിയൽ ജ്ഞാനം സ്ത്രീയെ വിമോചിതയാക്കുന്നു എന്ന ഏകപക്ഷീയമായ ധാരണ അവർക്കില്ലായിരുന്നു. സ്ത്രീ വിദ്യാഭ്യാസം എന്ന കൊളോണിയൽ ആശയം ഒരെഴുത്തുകാരിയുടെ സർഗചേതനയിലൂടെ കടന്നുപോയപ്പോൾ അതിന് സംഭവിച്ച പ്രകീർണനമാണ് സരസ്വതിയമ്മയുടെ കഥാപ്രപഞ്ചം. ഭാവനയുടെ ചരിത്രബന്ധങ്ങൾ ഏറെ സങ്കീർണമാണെന്ന് ഈ കഥകൾ ഒരിക്കൽക്കൂടി നമ്മെ ഓർമിപ്പിക്കുന്നു. ■


എം. ശ്രീനാഥൻ

# പെൺ കർത്തൃത്വം മലയാളത്തിൽ

**പെൺ കർത്തൃത്വത്തെ അത്ര താത്പര്യത്തോടെ അംഗീകരിക്കാൻ മലയാളിക്കാകുന്നില്ല. അതുകൊണ്ടാണ് പെണ്ണുങ്ങളുടെ വേഷത്തെക്കുറിച്ച് മലയാളിക്കിപ്പോഴും ആവലാതികളുള്ളത്.**

മനുഷ്യകർത്തൃത്വത്തെക്കുറിച്ചുള്ള സാമൂഹികവും ചരിത്രപരവുമായ ഒട്ടേറെ അന്വേഷണങ്ങൾ ആധുനികതയും ആധുനികോത്തരതയും പശ്ചാത്തലമായി ഉണ്ടായിട്ടുണ്ട്. പൊതുവായുള്ള ഈ 'മനുഷ്യ കർത്തൃത്വ' ചിന്തയിൽ പെൺ കർത്തൃത്വത്തിന് വേണ്ടത്ര പ്രാധാന്യം നൽകാറില്ല. എന്നാലവ ആൺ കർത്തൃത്വത്തെ മാത്രം ഉദ്ദേശിക്കുന്നുള്ളുവെന്ന് വ്യക്തമാക്കാറുമില്ല. യാഥാർഥ്യത്തിൽ 'മനുഷ്യ കർത്തൃത്വം' ഉൾക്കൊള്ളുന്നത് ആൺ/ പെൺ കർത്തൃത്വങ്ങളെയാണെന്ന് വിശ്വസിപ്പിക്കുകയാണ് ചെയ്യുന്നത്. സൂക്ഷ്മാർഥത്തിൽ ഈ ചിന്ത ആൺ കർത്തൃകേന്ദ്രിതമാണെന്നു കാണാം. മനുഷ്യ കർത്തൃത്വത്തെ സംബന്ധിക്കുന്ന രണ്ടു പ്രധാന വീക്ഷണങ്ങളാണിവിടെ പരാമർശവിധേയമാക്കുന്നത്. അവയുടെ വിശകലനത്തിലൂടെ ആൺ/പെൺ കർത്തൃത്വങ്ങളുടെ സമഗ്രതയല്ല മനുഷ്യകർത്തൃത്വം ഉൾക്കൊള്ളുന്നതെന്ന് ഈ പഠനം വ്യക്തമാക്കുന്നു.

ചരിത്രം സൃഷ്ടിക്കുകയും തിരുത്തിക്കുറിക്കുകയും ചെയ്യുന്ന സജീവ കർത്തൃത്വമായി മനുഷ്യരെ വിലയിരുത്തുന്നതാണിവയിൽ ആദ്യത്തേത്. ഇവിടെ, മനുഷ്യർ തന്നെയാണ് കർത്തൃത്വ സ്രഷ്ടാക്കൾ. എന്നാലിതിന് വിരുദ്ധമാണ് രണ്ടാമത്തേത്. കമ്പോളം വിഭാവന ചെയ്യുന്ന, പ്രത്യയശാസ്ത്ര ശിക്ഷണത്തിലൂടെ മനുഷ്യർ വെറും കാഴ്ചക്കാരായി നിർജീവ കർത്തൃ





ത്വമായി മാറുന്ന കാഴ്ച. ഇവിടെ കർത്തൃത്വ സ്രഷ്ടാക്കൾ മനുഷ്യരല്ല. അവർക്കതീതവും ദുർഗ്രാഹ്യവുമായ അദൃശ്യ ഏജൻസിയാണ് മനുഷ്യരുടെ വർത്തമാന കർത്തൃത്വ നിർമിതിക്കു പിന്നിലുള്ളത്. ചല കർത്തൃത്വത്തിൽ നിന്നും സ്ഥിര കർത്തൃത്വത്തിലേക്കുള്ള മനുഷ്യരുടെ അവസ്ഥയും അതിന്റെ പ്രേരകഘടകങ്ങളും ഏജൻസികളുടെ പ്രത്യയ ശാസ്ത്ര പ്രകൃതവുമൊക്കെ നിരീക്ഷണവിധേയമായിട്ടുണ്ട്. മനുഷ്യകേന്ദ്രിതവും ഏജൻസി കേന്ദ്രിതവുമായി നിലയുറപ്പിക്കുന്ന മനുഷ്യ കർത്തൃത്വത്തിന്റെ വ്യത്യാസം അടയാളപ്പെടുത്തുകയില്ലിവിടെ. മറിച്ച് മനുഷ്യ വീക്ഷണങ്ങളിലൂടെ മുക്കിക്കളയുന്ന പെൺവിരുദ്ധ സമീപനത്തെ പുറത്തുകൊണ്ടുവരുകയാണിവിടെ ലക്ഷ്യമിടുന്നത്.

ഇവിടെ പരാമർശിച്ച രണ്ടു വീക്ഷണങ്ങളിലും 'മനുഷ്യർ' എന്ന ബഹുവചന രൂപം കാണാം. ആൺ/പെൺ വിഭാഗങ്ങളെ ഈ രൂപം ഉൾക്കൊള്ളുന്നുണ്ട്. എന്നാലിതുവഴി ആൺ/പെൺ സ്വത്വങ്ങൾ സമാനമാണെന്ന് ധരിക്കുന്നതിൽ അപാകതയുണ്ട്. പെൺ കർത്തൃത്വത്തിന്റെ നീചാവസ്ഥയ്ക്ക് ഊന്നൽ നൽകാതെ മനുഷ്യകർത്തൃത്വമെന്ന പൊതു അവസ്ഥ സൃഷ്ടിക്കുന്നത് ഒരു തരത്തിൽ പ്രത്യയശാസ്ത്ര മറയുണ്ടാക്കലാണ്. 'മനുഷ്യ കർത്തൃത്വം' ലിംഗപക്ഷപാതിത്വം നിലനിറുത്തുന്നില്ലെന്ന ധാരണയുടെ മറവിലാണ് 'പെൺ കർത്തൃത്വ നിരാസം ഇവിടെ പ്രാവർത്തികമാകുന്നത്. ചുരുക്കത്തിൽ പുരോഗമനപരമെന്നും ജനാധിപത്യപരമെന്നും തോന്നുന്ന ആദ്യത്തെ വീക്ഷണത്തിലെ മനുഷ്യകർത്തൃത്വം പുരുഷകർത്തൃത്വത്തെയും രണ്ടാമത്തെതിലേത് പുരുഷകേന്ദ്രിതവും കമ്പോളാധിഷ്ഠിതവുമായ കർത്തൃത്വത്തെയും പ്രതിനിധീകരിക്കുന്നുവെന്നു പറയാം. മേല്പറഞ്ഞ രണ്ടു വീക്ഷണങ്ങളും സ്ത്രീപക്ഷനിലപാടുകളല്ല അതുകൊണ്ട്, സ്ത്രീപക്ഷത്തു നിന്നുകൊണ്ട് ഈ വീക്ഷണങ്ങളുടെ കേരളീയ സാംഗത്യം വിലയിരുത്തപ്പെടേണ്ടതാണ്.

മുൻപ് പരാമർശിച്ച രണ്ടാമത്തെ വീക്ഷണത്തിലുള്ള പ്രത്യയശാസ്ത്രശിക്ഷണമെന്നത് കമ്പോള താത്പര്യങ്ങൾക്കനുസൃതമായ കർത്തൃത്വനിർമാണമാണെന്ന നിലപാടും പരിശോധനയർഹിക്കുന്നു. രണ്ടാം വീക്ഷണം മാത്രമേ പ്രത്യയശാസ്ത്രശിക്ഷണം ഉറപ്പുവരുത്തുന്നുള്ളു. എന്നാൽ, സ്ത്രീപക്ഷ വായനയിൽ ഈ രണ്ടു വീക്ഷണങ്ങളിലും പ്രത്യയശാസ്ത്ര ശിക്ഷണം ഉള്ളതായി കാണാം. ഒപ്പം അത് പെൺവിരുദ്ധമാണെന്നും. ഇത് തെളിയിക്കാനായി, മലയാളത്തിലെ കർത്തൃത്വനിർമിതി പരിശോധിച്ചാൽ മതിയാകും.

### എന്താണ് മലയാളി കർത്തൃത്വം

മലയാളി കർത്തൃത്വ നിർമിതിയിൽ മേൽപ്പറഞ്ഞ രണ്ടു വീക്ഷണങ്ങളും ലിംഗ പക്ഷപാതിത്വത്തെ പിൻതാങ്ങുന്നില്ല. 'മനുഷ്യ' സംജ്ഞയ്ക്കുപകരമായി ഇവിടെ മലയാളി കർത്തൃത്വമാരോപിച്ചാൽ, ആദ്യത്തെ വീക്ഷണപ്രകാരം മലയാളി കർത്തൃത്വം സജീവവും മലയാളി നിർമിതവും രണ്ടാമത്തേതിന്റെ അടിസ്ഥാനത്തിൽ വർത്തമാന മലയാളി കർത്തൃത്വം ഏജൻസി സൃഷ്ടിയുമാണ്. പ്രത്യയശാസ്ത്ര ശിക്ഷണത്തിലൂടെ കമ്പോളാനുസൃത കർത്തൃത്വമാണ് വർത്തമാന മലയാളി കർത്തൃത്വമെന്ന് രണ്ടാം വീക്ഷണ പ്രകാരം പറയാം. ആദ്യ വീക്ഷണത്തിൽ പ്രത്യയശാസ്ത്രശിക്ഷണം നിർബന്ധമല്ല. ചുരുക്കത്തിൽ ഇവ രണ്ടും മലയാളി കർത്തൃത്വത്തിന്റെ രണ്ടതിരുകൾ അടയാളപ്പെടുത്തുന്നുവെന്നു മാത്രമല്ല ആൺ-പെൺ കർത്തൃത്വങ്ങൾ സമത്വസ്വത്വങ്ങളാണെന്ന് അടിവരയിട്ടുറപ്പിക്കുന്നു. അതായത് മനുഷ്യ കർത്തൃത്വത്തിന്റെ പ്രത്യയശാസ്ത്രപ്പൊരുൾ മലയാളികർത്തൃത്വത്തിലും ഉൾച്ചേർന്ന് പെൺവിരുദ്ധത വെളിവാക്കുന്നു.

മലയാളി എന്നതുകൊണ്ട് മലയാളം സംസാരിക്കുന്ന ഭാഷാജനതയാണുദ്ദേശിക്കുന്നത്. മലയാളികളായ ആണും പെണ്ണും ചേർന്ന് കൂട്ടായ്മ. എന്നാൽ ഈ ഭാഷാ കൂട്ടായ്മയിൽ ആൺ-പെൺ സമത്വമില്ല. സദാ ആൺകോയ്മ ഭാഷയിൽ അധീശത്വം പുലർത്തുന്നുണ്ട്. ഈ സാഹചര്യത്തിലാണ് മലയാളത്തിലെ പെൺ കർത്തൃത്വ നിർമിതി എന്താണെന്ന അന്വേഷണത്തിന്റെ പ്രസക്തി. നാട്ടുനടപ്പനുസരിച്ച് ആൺ വീക്ഷണത്തിലെ പെണ്ണ് എന്താണെന്നതാണ് മലയാള ഭാഷയിലെ പെൺ കർത്തൃത്വത്തിന്റെ പൊരുൾ. പെണ്ണിന് സ്വന്തം കർത്തൃത്വ സൃഷ്ടിയിൽ പങ്കില്ല. എല്ലായിടത്തും സ്ത്രീ പ്രതിനിധീകരിക്കപ്പെടുന്നു. ഭാഷയിലും സാഹിത്യത്തിലുമെല്ലാം പ്രതിനിധീകരിക്കപ്പെടുന്നു സ്ത്രീസ്വത്വം. പെൺ കർത്തൃത്വത്തിന്റെ ഇത്തരം സാധൂകരണം പൂർത്തിയാകുന്നത് കൃത്യമായ പ്രത്യയശാസ്ത്രശിക്ഷണത്തിലൂടെയാണ്. പെണ്ണ് എന്തായിരിക്കണമെന്നും എങ്ങനെയായിരിക്കണമെന്നും എങ്ങനെ ആകരുതെന്നും ഒക്കെയുള്ള സദാചാരമാതൃകകൾ ഭാഷയിലും സംസ്കാരത്തിലും അന്തർലീനമാണ്. ഇതൊന്നും സ്ത്രീകൾ അവർക്കായി സൃഷ്ടിച്ചതല്ല. അവരുടെ കർത്തൃത്വം അന്യരാൽ സൃഷ്ടിക്കപ്പെട്ടതാണ്. സുശീലയും സുഭാഷിണിയും അടക്കവും ഒതുക്കവുമുള്ള പെണ്ണിനെയാണ് ഈ മാതൃകകൾ സൃഷ്ടിക്കുന്നത്. സർവം സഹയായ, കാരുണ്യവതിയായ, ലാവണ്യം തുളുമ്പുന്ന തരുണികൾക്ക് മലയാളത്തിൽ പ്രചാരമേറെയാണ്. പൈതൃകസ്വഭാവം കൈവന്നിരിക്കുന്ന ഇത്തരം കർത്തൃത്വങ്ങൾ മലയാളി കർത്തൃത്വമായി വിശേഷിപ്പിക്കുമ്പോൾ പെൺകർത്തൃത്വങ്ങളുടെ പുരുഷ കേന്ദ്രിതമായ ഇത്തരം സദാചാര സ്വത്വമുദ്രകളാണ് ആഘോഷിക്കപ്പെടുന്നത്. ഇവിടെ കർത്തൃത്വനിർമിതിയിൽ സ്ത്രീക്ക് സ്ഥാനമില്ല. ഒന്നാം വീക്ഷണം പെൺസ്വത്വങ്ങളെ വാർപ്പുമാതൃകയിൽ ഉൾക്കൊള്ളുന്നുവെന്നതുകൊണ്ട് പെൺ കർത്തൃത്വം അവരാൽ സൃഷ്ടിക്കപ്പെട്ടുവെന്നു കരുതാനാവില്ല. ആ നിലയ്ക്ക് മലയാളി കർത്തൃത്വം പുരുഷകേന്ദ്രിതമാണെന്നതിൽ സംശയമില്ല. പെൺ മലയാളത്തിന്റെയും പെണ്ണെഴുത്തിന്റെയും പ്രസക്തി, നിലവിലുള്ള നാട്ടുനടപ്പിനെ ചോദ്യം ചെയ്യുകമാത്രമല്ല പെൺകർത്തൃത്വത്തെ നിർവചിക്കലും കൂടിയാണ്. നിലവിലുള്ള സ്ത്രീവിരുദ്ധ മലയാളത്തിൽ നിന്ന് പെണ്ണിനെ മോചിപ്പിക്കുകയും സ്വന്തം കർത്തൃത്വപ്രതിധാനം ഉറപ്പുവരുത്തലുമാണ്.

മലയാളി എന്നതുകൊണ്ട് മലയാളം സംസാരിക്കുന്ന ഭാഷാജനതയാണുദ്ദേശിക്കുന്നത്. മലയാളികളായ ആണും പെണ്ണും ചേർന്ന് കൂട്ടായ്മ. എന്നാൽ ഈ ഭാഷാ കൂട്ടായ്മയിൽ ആൺ-പെൺ സമത്വമില്ല. സദാ ആൺകോയ്മ ഭാഷയിൽ അധീശത്വം പുലർത്തുന്നുണ്ട്. ഈ സാഹചര്യത്തിലാണ് മലയാളത്തിലെ പെൺ കർത്തൃത്വ നിർമിതി എന്താണെന്ന അന്വേഷണത്തിന്റെ പ്രസക്തി.



ഭാഷ എങ്ങനെയാണ് പ്രത്യയശാസ്ത്ര ശിക്ഷണം ഉറപ്പുവരുത്തുകയെന്നത് മനസ്സിലാക്കേണ്ടതുണ്ട്. സ്ത്രീകളെ സൂചിപ്പിക്കുന്ന പദങ്ങളെല്ലാം അവരെക്കുറിച്ചുള്ള പുരുഷകാഴ്ചപ്പാട് വ്യക്തമാകുന്നതാണ്. കന്യകയ്ക്കും പതിവ്രതയ്ക്കുമൊന്നും പുരുഷരൂപങ്ങൾ സൃഷ്ടിക്കാതെ സദാചാരവ്യവസ്ഥകൾ പാലിക്കാൻ നിർബന്ധിതയാകുന്ന സ്ത്രീ, അംഗലാവണ്യ ചിത്രീകരണങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുന്ന സ്ത്രീശരീരം തുടങ്ങിയവ ഇവിടെ ഉദാഹരിക്കാം. നാട്ടുനടപ്പിന്റെയും പൈതൃകത്തിന്റെയും മൂടുപടമാണിത്. പെൺകർത്തൃത്വ നിർമിതി പുരുഷജന്യമാകുന്ന കാഴ്ചകളാണ് ഭാഷയിലാകെ. പ്രത്യക്ഷത്തിൽ സ്ത്രീയെ പ്രതിനിധീകരിക്കുന്ന പദങ്ങളല്ലെങ്കിൽപ്പോലും വിശേഷണങ്ങളായ രണ്ടു പദങ്ങളിവിടെ പരിശോധിക്കാം. നല്ല–ചീത്ത എന്നീ വിശേഷണങ്ങൾ എങ്ങനെയാണ് പെൺകർത്തൃത്വ നിർമിതിയിൽ പങ്കുചേരുന്നതെന്നു നോക്കാം.

## സ്ത്രീവിരുദ്ധമായ വീക്ഷണങ്ങൾ

ഒരു കുഞ്ഞിനെ വിശേഷിപ്പിക്കുന്ന സന്ദർഭത്തിൽ 'നല്ല കുഞ്ഞ്' എന്നത് ആരോഗ്യം, പ്രസരിപ്പ്, സൗന്ദര്യം, നിറം തുടങ്ങിയുള്ള ഘടകങ്ങളെയാണ് പ്രകടിപ്പിക്കുന്നത്. ഈ സന്ദർഭത്തിൽ 'ചീത്ത' വിശേഷണം ഒഴിവാക്കുകയാണ് പതിവ്. പഠിക്കുന്ന ഒരു കുട്ടിയെ വിശേഷിപ്പിക്കുമ്പോൾ, നല്ല കുട്ടിയെന്നത് നന്നായി പഠിക്കുന്ന നന്നായി പെരുമാറുന്ന, അച്ചടക്കമുള്ള മിടുക്കനും മിടുക്കിയുമാണ്. പെരുമാറ്റ ദൂഷ്യമുള്ള, പഠിക്കാത്ത, അച്ചടക്കമില്ലാത്തതാണ് ചീത്ത കുട്ടി. കൗമാരത്തോടെ നല്ല/ചീത്ത വിശേഷണം പെൺകർത്തൃത്വത്തിന്റെ ആൺ സദാചാര നിർമിതിയിലേക്കുള്ള സൂചനകളാകുന്നു. കന്യകയെ വിശേഷിപ്പിക്കുമ്പോൾ സൗന്ദര്യമുള്ള, പെരുമാറ്റദൂഷ്യമില്ലാത്ത, അടക്കവും ഒതുക്കവുമുള്ള, ഭയഭക്തിബഹുമാനത്തോടെ ജീവിക്കുന്ന സദാചാര സംരക്ഷകയാണ് നല്ല കുട്ടി/നല്ല പെണ്ണ്. നല്ല പെണ്ണിന് സ്വീകാര്യതയേറുന്നു. ഈ സന്ദർഭത്തിലെ ചീത്ത വിശേഷണം കന്യകയുടെ ഭാവിക്കുതന്നെ വെല്ലുവിളിയാകുന്നു. സ്വഭാവം, സദാചാരമൂല്യങ്ങൾ, ഭർത്തൃഹിതം തുടങ്ങി പല ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് നല്ല ഭാര്യയെ മലയാളി കാണുന്നത്. നിർണീത ഭാര്യാധർമം നിർവഹിക്കാത്തതു മാത്രമല്ല സദാചാരമൂല്യങ്ങൾ പാലിക്കപ്പെടുന്നില്ല. എന്ന സംശയവും 'ചീത്തഭാര്യ'യെ സൃഷ്ടിക്കും. നല്ല അമ്മ, നല്ല മരുമകൾ, നല്ല അമ്മായിയമ്മ എന്നിങ്ങനെ വിവിധ നിലകളിൽ സ്ത്രീ കർത്തൃത്വം നിർവചിക്കപ്പെടുന്നു. മറ്റുള്ളവരുടെ പ്രതീക്ഷയ്ക്കനുസരിച്ച്, ആവശ്യത്തിനനുസരിച്ച് ജീവിക്കേണ്ടവളാണ് സ്ത്രീയെന്ന് കീഴ്വഴക്കം. പ്രത്യയശാസ്ത്ര ശിക്ഷണം നിർബന്ധമല്ലെന്നു തോന്നിക്കുന്ന ഒന്നാം വീക്ഷണത്തിലും കൃത്യമായ പ്രത്യയശാസ്ത്ര ശിക്ഷണം ഉണ്ടെന്നാണ് വ്യക്തമാകുന്നത്. തന്നെയുമല്ല, സ്ത്രീവിരുദ്ധതയിലാണ് ഈ മനുഷ്യ വീക്ഷണം ഉയർന്നുവന്നിരിക്കുന്നതും.

രണ്ടാമത്തെ വീക്ഷണത്തിൽ, ചൂഷണത്തിന്റെതായ ഒരു തലമുണ്ട്. ഏജൻസി നിർമിതമായ കർത്തൃത്വത്തെക്കുറിച്ചുള്ള ഈ വീക്ഷണത്തിൽ, സ്ത്രീപക്ഷത്തു നിന്നു നോക്കുമ്പോൾ വിമോചനത്തിന്റെ ഒരു അടരുണ്ട്. അതായത്, ശാലീന സുന്ദരി ബിംബത്തിൽ നിന്നും ആധുനിക പെണ്ണിലേക്കുള്ള മാറ്റം ദൃശ്യമാണ്. പാരമ്പര്യത്തിന്റെയും കീഴ്വഴക്കത്തിന്റെയും അടിമത്തത്തിൽ നിന്നും കമ്പോളം മലയാളി പെണ്ണിനെ വിമോചിപ്പിക്കുന്നു. പുതിയ പെണ്ണാക്കുന്നു. തീർച്ചയായും കമ്പോളത്തിന്റെ താത്പര്യം പെണ്ണിന്റെ വിമോചനമല്ല പകരം ലാഭേച്ഛ മാത്രമാണ്. എങ്കിലും ഒരു ഇടപെടൽ ചില ഘടനകളെ അഴിച്ചുപണിയുന്നു. അതിനു തെളിവാണ് 'ജീൻസിട്ട' മലയാളി പെണ്ണ്. പരമ്പരാഗത പെൺകർത്തൃത്വത്തിൽ നിന്നുള്ള മാറ്റമാണിത്. ഇത് അംഗീകരിക്കാൻ പലപ്പോഴും മലയാളിയുടെ ആൺ പൈതൃകധാർഷ്ട്യം അനുവദിക്കുന്നില്ല. കമ്പോളം എല്ലാ അർഥത്തിലും പുതിയ മലയാളി കർത്തൃത്വം സൃഷ്ടിക്കുമ്പോഴും, പെൺ കർത്തൃത്വത്തെ അത്ര താത്പര്യത്തോടെ അംഗീകരിക്കാൻ മലയാളിക്കാകുന്നില്ല. അതുകൊണ്ടാണ് പെണ്ണുങ്ങളുടെ വേഷത്തെക്കുറിച്ച് മലയാളിക്കിപ്പോഴും ആവലാതികളുള്ളത്. കമ്പോളം പ്രതിനിധീകരിക്കുന്ന സ്ത്രീ, പഴയ സ്വത്വത്തിൽ നിന്നുള്ള വിമോചനം അടയാളപ്പെടുത്തുമെങ്കിലും അതും അവരാൽ സൃഷ്ടിക്കപ്പെട്ടതല്ല. മലയാളി പെൺ കർത്തൃത്വം കമ്പോളാധിഷ്ഠിതമായി സൃഷ്ടിക്കപ്പെടുന്നതോടെ, പെൺകർത്തൃത്വം നിർവചിക്കപ്പെട്ടു എന്ന ചിന്തയും തെറ്റാണ്. അപ്പോഴും അവർ പ്രതിനിധാനം ചെയ്യപ്പെടുകയാണ്. ഈ സന്ദർഭത്തിൽ, മലയാളി പെൺ കർത്തൃത്വത്തെക്കുറിച്ച് ആഴത്തിലുള്ള അന്വേഷണങ്ങൾ ആവശ്യമായിരിക്കുന്നു.

പെണ്ണെഴുത്ത്, ശക്തമായ പെൺ കർത്തൃത്വം സൃഷ്ടിക്കാനുള്ള ശ്രമങ്ങളാകുമെന്ന പെൺമലയാള ചിന്ത തികഞ്ഞ അർഥത്തിൽ പുരുഷനിഷ്ഠ അർഥമണ്ഡലങ്ങൾക്ക് നേരെയുള്ള ഭാഷാപ്രയോഗമാകുമെന്നും കരുതാം. ■





# ചരിത്രത്തിലിടം നേടിയ ദിനങ്ങൾ

കെട്ടിടനിർമാണ തൊഴിലാളിയായിരുന്ന അനിലിന്റെ ജീവിതത്തെ തകിടം മറിച്ച വീഴ്ചയായിരുന്നു കഴിഞ്ഞ ജനുവരിയിലുണ്ടായത്. പണിസ്ഥലത്തുണ്ടായ അപകടത്തിൽ നട്ടെല്ല് തകർന്നുപോയ അനിലിന് തുടർന്നുള്ള ജീവിതം ദുസ്സഹമായി. അനിലിന്റെ 13-കാരിയായ മകളുടെ അർബുദബാധ കൂടിയായപ്പോൾ ആ കുടുംബത്തിന്റെ ജീവിതം പാടെ തളർന്നു. മകളുടെ ചികിത്സയ്ക്കും വീടുപണിയുന്നതിനുമായി എടുത്ത മൂന്നുലക്ഷം രൂപയുടെ കടബാധ്യത താങ്ങാനാവാത്ത ഭാരമായപ്പോഴാണ് ഈ കുടുംബം ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയെ കാണാനെത്തിയത്. അനിലിന്റെ കുടുംബത്തിന്റെ ദുരവസ്ഥ കണ്ടറിഞ്ഞ മുഖ്യമന്ത്രി ഒരുലക്ഷം രൂപ ധന സഹായം നൽകിയതോടൊപ്പം കുടുംബത്തിന്റെ എപിഎൽ റേഷൻ കാർഡ് ബിപിഎൽ ആക്കാൻ ഉത്തരവിട്ടു. അനിലിന് പെൻഷൻ അനുവദിക്കുന്ന കാര്യവും വായ്പ അടച്ചുതീർക്കുന്നതിന് ധനസഹായം പരിഗണിക്കാനും തീരുമാനിച്ചു.

ഒക്ടോബർ 18-ന് തിരുവനന്തപുരത്തും 26ന് എറണാകുളത്തും നടന്ന ജനസമ്പർക്ക പരിപാടി അനിലിനെന്നപോലെ ആലംബമറ്റ ആയിരങ്ങൾക്കാണ് സാന്ത്വനസ്പർശമായത്. പാതിരാവോളം നീളുന്ന വൻജനപങ്കാളിത്തവും അതിവേഗമുള്ള സമാശ്വസ തീരുമാനങ്ങളുംകൊണ്ട് ശ്രദ്ധേയമായ രണ്ടുദിനങ്ങളുടെ ദൃശ്യങ്ങൾ.













## അനുവദിച്ച തുകയും മറ്റ് സഹായങ്ങളും
### (തിരുവനന്തപുരം)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-1643 അപേക്ഷകൾ. വിതരണം ചെയ്തത്-1,53,02,000 രൂപ. വൈകുന്നേരം 6.30 വരെ 159 പേർക്ക് ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ച തുക-48 ലക്ഷം രൂപ. ബിപിഎൽ കാർഡ്-97, സ്ഥലം അനുവദിച്ചത്-13, മുച്ചക്രവാഹനം-എട്ട്. ഉച്ചയ്ക്ക് ഒരുമണി മുതൽ രണ്ടുമണിവരെ മുഖ്യമന്ത്രി സ്വീകരിച്ച അപേക്ഷ-5385. വൈകുന്നേരം 4.30 വരെ 148 അപേക്ഷകളിൽ 40,06,000 രൂപ ധനസഹായം അനുവദിച്ചു.






ഭൂരഹിതരുടെയും ഭവന രഹിതരുടെയും പ്രയാസങ്ങളോടാണ് **എറണാകുളത്തും** മുഖ്യമന്ത്രി മനസ്സു ചേർത്തത്. തുടർച്ചയായി പതിനഞ്ചു മണിക്കൂറുകളാണ് അദ്ദേഹം ജനമധ്യത്തിൽ ചെലവഴിച്ചത്. ആകെ 14248 അപേക്ഷകളാണ് ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലേക്ക് ലഭിച്ചത്. അന്നു രജിസ്റ്റർ ചെയ്തത് 4799 അപേക്ഷകളാണ്. പരിപാടി സമാപിച്ച ശേഷവും ഏതാനും അപേക്ഷകളെത്തിയത് മുഖ്യമന്ത്രി സ്വീകരിച്ചിരുന്നു. വേദിയിൽ മുഖ്യമന്ത്രി തീർപ്പാക്കിയത് 1981 അപേക്ഷകൾ. നേരത്തെ ഉദ്യോഗസ്ഥതലത്തിലും മന്ത്രിമാർ പങ്കെടുത്ത സ്ക്രീനിങ് കമ്മിറ്റിയിലും തീർപ്പാക്കിയ അയ്യായിരത്തോളം പരാതികൾക്കു പുറമെയാണിത്. വിവിധ ഇനങ്ങളിലുള്ള ധനസഹായമായി അനുവദിച്ച 2,14,79,000 രൂപ. ഇതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 924 പേർക്കായി നൽകിയ സഹായം 2,02,39,000 രൂപ. നാഷണൽ ഫാമിലി ബനിഫിറ്റി സ്കീമിൽ നിന്നും 62 പേർക്ക് ലഭിച്ചത് 12,40,000 രൂപ. ഇതിന് പുറമെ 40 പേർക്ക് യന്ത്രവത്കൃത മുച്ചക്ര വാഹനങ്ങളും മുഖ്യമന്ത്രി അനുവദിച്ചു. സമീപകാലത്ത് ജില്ല ദർശിച്ച ഏറ്റവും വലിയ തീരുമാനമായി 323 പട്ടയങ്ങൾ. രാമേശ്വലം കോളനിയിലെ താമസക്കാരും എടക്കാട്ടുവയൽ പഞ്ചായത്തിലെ പട്ടികവർഗ കുടുംബങ്ങളുമാണ് ഈ തീരുമാനത്തിന്റെ ഗുണഭോക്താക്കൾ.


















Textiles

എൻ. സുസ്മിത

# വാർത്തയിലെ സ്ത്രീ




**വാർത്തയുടെ വിഷയം സ്ത്രീയാണെങ്കിൽ പരമ്പരാഗത വാർപ്പുമാതൃകകൾ ഭാഷയിലും കടന്നുകൂടുന്നതിന് ഉദാഹരണങ്ങൾ നിരവധി. ഏതു പദവിയിലുള്ള സ്ത്രീയാണെങ്കിലും വിശേഷണങ്ങൾ മിക്കവാറും നിറം, സൗന്ദര്യം മുതലായവയെ ആശ്രയിച്ചായിരിക്കും. കുടുംബിനി എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ചശേഷമാണ് അവർ മറ്റ് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതെന്ന പരാമർശവും ഉറപ്പ്.**

ഭാഷ മാധ്യമപ്രവർത്തകരുടെ കയ്യിലെ പ്രധാന ആയുധമാണ്. ആശയവിനിമയമാണ് മാധ്യമപ്രവർത്തനത്തിന്റെ അടിസ്ഥാനം. ഭാഷ അതിനുള്ള പ്രധാന ഉപകരണവും. മാധ്യമങ്ങളിൽ ഉപയോഗിക്കുന്ന ഭാഷയാണ് ജനങ്ങൾ എല്ലാ ദിവസവും വായിക്കുകയും കേൾക്കുകയും ചെയ്യുന്നത്. ഓരോ സമൂഹത്തിലും ഭാഷയുടെ ഉപയോഗവും മനോഭാവവും നിർണയിക്കുന്നതിൽ മാധ്യമങ്ങൾക്ക് പ്രധാന പങ്കുണ്ട്. മാധ്യമഭാഷയിലെ തെറ്റുകളും ശരികളും ഭാഷയുടെ ഭാവി തന്നെ നിർണയിക്കുന്നു. അതുകൊണ്ടുതന്നെ സംസ്കാരം, രാഷ്ട്രീയം, സാമൂഹിക ജീവിതം എന്നിവയെപ്പോലെ ഭാഷയിലും മാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം വലുതാണ്. അവയെക്കുറിച്ചാകെ പരിശോധിക്കുക ശ്രമകരമായിരിക്കും.വാർത്തകളിൽ സ്ത്രീയെ ചിത്രീകരിക്കാൻ ഉപയോഗിക്കുന്ന ഭാഷയും അതിൽ വന്നിട്ടുള്ള മാറ്റങ്ങളും മാത്രമേ ഇവിടെ പരിശോധനാ വിഷയമാക്കുന്നുള്ളൂ.

ഭാഷയെ സംബന്ധിച്ച സ്ത്രീപക്ഷ പഠനത്തിന്റെ പ്രധാന വിഷയം അത് എങ്ങനെ വിവേചനപരമാവുന്നു എന്നതാണ്. മാധ്യമങ്ങളിലെ ഭാഷയെപ്പറ്റി ഇത്തരമൊരു വിലയിരുത്തൽ നടത്തിയാൽ പല തരത്തിലുള്ള വിവേചനങ്ങളും കണ്ടെത്താനാവും. ലിംഗപദവി പ്രസക്തമേയല്ലാത്ത ചിലയിടത്ത് അത് കടന്നുവരുന്നത് വിവേചനത്തിന്റെ ലക്ഷണമാണ്. വാർത്തകളിൽ നിന്ന് സ്ത്രീ അപ്രത്യക്ഷയാകുന്നത് മറ്റൊരുതരം വിവേചനമാണ്. സ്ത്രീയെ പരമ്പരാഗത വാർപ്പുമാതൃകകളുടെ ഉള്ളിൽ നിർത്തുന്ന പദപ്രയോഗങ്ങൾ, അപമാനകരമായ പരാമർശങ്ങൾ, ലളിതവത്കരണം എന്നു തുടങ്ങി പല തരത്തിലുള്ള വിവേചനങ്ങൾ നമ്മുടെ മാധ്യമഭാഷയിൽ അറിഞ്ഞോ അറിയാതെയോ കടന്നുകൂടുന്നുണ്ട്.

### കാണപ്പെടാത്ത സ്ത്രീ

പല പദപ്രയോഗങ്ങളിലും സ്ത്രീ അദൃശ്യയാണ്. എതിർലിംഗപദങ്ങളില്ലാത്ത നിരവധി വാക്കുകൾ നമ്മുടെ ഭാഷയിലുണ്ട്. അപ്പോഴും ഈ വേർതിരിവ് വിവേചനപരവുമാണ്. എഴുതുന്ന/പറയുന്നയാളുടെ വിവേചനം മാത്രമല്ല,

വായനക്കാരന്റെ/കേൾവിക്കാരന്റെ വിവേചനവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഒരു വാർത്തയിൽ ഡ്രൈവർ എന്നോ ഡോക്ടർ എന്നോ കണ്ടാൽ അതൊരു സ്ത്രീയാവാം എന്നു വായിക്കപ്പെടാനുള്ള സാധ്യത വിരളമാണ്. വിവേചന രഹിതമെന്ന ധാരണയിൽ ഉപയോഗിച്ചു തുടങ്ങുന്ന പല പദങ്ങളും പിന്നീട് വിവേചനപരമായി മാറുന്ന കാഴ്ചയും നമുക്ക് കാണാം. അധ്യക്ഷസ്ഥാനത്തിരിക്കുന്ന വ്യക്തി എന്നാണ് ചെയർപേഴ്സൺ എന്ന വാക്കിന്റെ അർഥമെങ്കിലും കേരളത്തിലിപ്പോൾ സ്ത്രീകളെ മാത്രം ഉദ്ദേശിച്ചുള്ള പദപ്രയോഗമാണിത്. മുനിസിപ്പാലിറ്റിയുടെ അധ്യക്ഷൻ പുരുഷനാണെങ്കിൽ ചെയർമാനും സ്ത്രീയാണെങ്കിൽ ചെയർപേഴ്സണുമാകുന്ന അപൂർവ പ്രതിഭാസം ഇവിടെ മാത്രമേ കാണൂ.

## ആവശ്യത്തിലേറെയായാലും

ചിലപ്പോഴൊക്കെ വ്യക്തിയുടെ ലിംഗം, വംശം, വർണം, ദേശീയത എന്നിവയൊക്കെ ആവശ്യത്തിലധികം പരാമർശിക്കപ്പെടുന്നതും വിവേചനമാകാം. 'കൈക്കൂലി കേസിൽ വനിതാ ഓഫീസർ അറസ്റ്റിൽ', 'ചികിത്സയിലെ പിഴവിന് വനിതാ ഡോക്ടർക്ക് ശിക്ഷ' തുടങ്ങിയ തലക്കെട്ടുകൾ പല വാർത്തകളിലും കാണാം. സ്ത്രീയോ പുരുഷനോ എന്ന അവസ്ഥ കൊണ്ടല്ല, അവർ അർഹിക്കുന്ന പദവിയുടെ സവിശേഷത കൊണ്ടാണ് ഇവിടെ അവർ വാർത്തയുടെ വിഷയമാകുന്നത്. എങ്കിലും പ്രതി സ്ത്രീയാണെങ്കിൽ അത് തലക്കെട്ടിൽ തന്നെ പറഞ്ഞാലേ മാധ്യമങ്ങൾക്ക് തൃപ്തിയാകൂ. 'കൈക്കൂലി കേസിൽ പുരുഷ ഓഫീസർ അറസ്റ്റിൽ' എന്നൊരു തലക്കെട്ട് എവിടെയെങ്കിലും കണ്ടിട്ടുണ്ടോ.

## വാർപ്പുമാതൃകകൾ

വാർത്തയുടെ വിഷയം സ്ത്രീയാണെങ്കിൽ പരമ്പരാഗത വാർപ്പുമാതൃകകൾ ഭാഷയിലും കടന്നുകൂടുന്നതിന് ഉദാഹരണങ്ങൾ നിരവധി. ഏതു പദവിയിലുള്ള സ്ത്രീയാണെങ്കിലും വിശേഷണങ്ങൾ മിക്കവാറും നിറം, സൗന്ദര്യം മുതലായവയെ ആശ്രയിച്ചായിരിക്കും. കുടുംബിനി എന്ന നിലയിലുള്ള തന്റെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവഹിച്ചശേഷമാണ് അവർ മറ്റ് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതെന്ന പരാമർശവും ഉറപ്പ്. സ്ത്രീയെ സംബന്ധിച്ച് ഏറ്റവും പ്രധാനം കുടുംബം നോക്കലാണെന്നും മറ്റെല്ലാത്തിനും രണ്ടാമത്തെ പ്രാധാന്യമേ ഉള്ളൂവെന്നുമുള്ള ധാരണ ഇതിലൂടെ വീണ്ടും അരക്കിട്ടുറപ്പിക്കുന്നു. കനിവ്, ക്ഷമ, സ്നേഹം, സഹനം തുടങ്ങി പരമ്പരാഗതമായി സ്ത്രീകൾക്ക് കൽപ്പിച്ചു നൽകിയിരിക്കുന്ന 'ഗുണ'ങ്ങൾ മാധ്യമങ്ങളിലെ ഭാഷയിലും തലനീട്ടുന്നു. അതേസമയം വിഷയം പുരുഷനാണെങ്കിൽ ശൗര്യവും ആണത്തവും ധൈര്യവുമൊക്കെയാവും ഗുണങ്ങൾ. ഇര, ദുർബല, ശക്തിഹീന എന്നു തുടങ്ങിയ വിശേഷണങ്ങളും സ്ത്രീകൾക്ക് സ്വന്തം. വിവാഹത്തട്ടിപ്പു വീരൻ എന്ന് ഒരാളെ മാധ്യമങ്ങൾ വിളിച്ചാൽ എന്താണ് മനസ്സിലാക്കേണ്ടത്? – വിവാഹത്തട്ടിപ്പ് ഒരു വീരകൃത്യമാണെന്നോ.

## അപമാനകരമായ പരാമർശങ്ങൾ

വ്യക്തിയുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന പരാമർശങ്ങൾ മാധ്യമഭാഷയിൽ പാടില്ലാത്തതാണ്. എന്നാൽ, ഈ തത്വം പലപ്പോഴും ലംഘിക്കപ്പെടുന്നു. സ്ത്രീകളുടെ കാര്യത്തിൽ വിശേഷിച്ചും. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകളെ സംബന്ധിച്ച വാർത്തകളിൽ ഇത് അധികമായി കാണാം. ദ്വയാർഥ പ്രയോഗങ്ങളും അനുചിതമായ വിശേഷണങ്ങളും അനാവശ്യ വർണനകളും കൊണ്ട് നിറഞ്ഞതായിരിക്കും അത്തരം പല വാർത്തകളും. നമ്മുടെ നാട്ടിലെ സാഹചര്യത്തിൽ അവരാരും പരാതിപ്പെടാനോ മാനനഷ്ടക്കേസ് കൊടുക്കാനോ മാധ്യമങ്ങൾക്കെതിരെ ശബ്ദമുയർത്താനോ മുതിരില്ലെന്ന് എല്ലാവർക്കുമറിയാം. സാധാരണഗതിയിൽ നിരുപദ്രവകരമായ പദങ്ങൾ പോലും പ്രയോഗം കൊണ്ട് വിവേചനപരമായി മാറുന്ന സന്ദർഭങ്ങളുമുണ്ട്. (ഉദാഹരണത്തിന് പെൺസുഹൃത്ത്)

## ലളിതവത്കരണം

വാർത്തകൾ സെൻസേഷനലാകുന്നതിന്റെ പ്രധാന ലക്ഷണമാണ് അവയുടെ ലളിതവത്കരണം. ഭാഷയിലുമുണ്ട് ഈ പ്രവണത. പൊതുസ്ഥലങ്ങളിൽ സ്ത്രീകളെ ശല്യപ്പെടുത്തുകയും അവരുടെ സഞ്ചാരസ്വാതന്ത്ര്യം തന്നെ നിഷേധിക്കുകയും ചെയ്യുന്നവരെ പൂവാലന്മാർ എന്നു വിശേഷിപ്പിക്കുന്നതു തന്നെ നോക്കൂ. പൊതുസ്ഥലത്തെ ശല്യം കേവലമൊരു തമാശയാണെന്ന മുൻധാരണയാണ് ഈ പദപ്രയോഗത്തിന് പിന്നിൽ. എന്നാൽ, അനുഭവിക്കുന്ന സ്ത്രീകൾക്ക് എത്ര അസഹ്യമാണതെന്ന് പറയാതെ വയ്യ.

## തിരുത്താൻ ശ്രമങ്ങൾ

മാധ്യമഭാഷയിലെ വിവേചനം ചൂണ്ടിക്കാണിക്കുന്നതോടൊപ്പം അത് ഒഴിവാക്കാൻ നടക്കുന്ന ശ്രമങ്ങളെയും പരാമർശിക്കാതെ വയ്യ. ദശാബ്ദങ്ങളായി ഭാഷയിൽ അടിഞ്ഞുകിടന്ന പല വിവേചനങ്ങളും നീക്കാൻ മാധ്യമഭാഷ പ്രയോജനപ്പെട്ടിട്ടുണ്ടെന്നതും അംഗീകരിച്ചേ പറ്റൂ. ജനാധിപത്യം, സമത്വം, സത്യം തുടങ്ങി ദേശീയപ്രസ്ഥാനം പ്രസരിപ്പിച്ച പല ആശയങ്ങളും നമ്മുടെ മാധ്യമങ്ങളെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ത്രീ വിമോചനത്തെയും ശാക്തീകരണത്തെയും കുറിച്ചുള്ള പുതിയ തിരിച്ചറിവുകൾകൂടി ചേരുമ്പോൾ മാറ്റത്തിനുള്ള വഴിമരുന്നാകുന്നു. മാധ്യമപ്രവർത്തകരും സ്ത്രീപക്ഷ പ്രവർത്തകരും ഒത്തു ചേർന്നു നടത്തിയിട്ടുള്ള നിരവധി പരിശ്രമങ്ങൾ ഇക്കാര്യങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സഹായകമായിട്ടുണ്ട്. എങ്കിലും ശ്രമങ്ങൾ നിർത്താൻ സമയമായിട്ടില്ലെന്നും നിതാന്ത ജാഗ്രത ആവശ്യമാണെന്നും ഓർമിപ്പിക്കുകയാണ് ഓരോ ദിവസത്തെയും വാക്കുകൾ. ■



ശ്രീദേവി പിള്ള

# തത്സമയ കല്ലുകടികൾ അഥവാ ടെലിവിഷൻ മലയാളം

ടെലിവിഷൻ ജേർണലിസ്റ്റുകൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വാക്കാണ്, Ofcourse എന്നതിന് പകരമായോ, അത് തന്നെയായോ, തീർച്ചയായും എന്നത്. റിപ്പോർട്ടർ പറഞ്ഞു തുടങ്ങുന്നതുതന്നെ തീർച്ചയായും എന്ന് പ്രയോഗിച്ചുകൊണ്ടാവും. പലപ്പോഴും ഈ വാക്ക് ആവശ്യമില്ല, ചിലപ്പോൾ അസ്ഥാനത്താണ് ഇത് പറയുക, മിക്കപ്പോഴും തീർച്ചയായും ആവശ്യമില്ലാത്തപ്പോഴും! ടെലിവിഷൻ മലയാളത്തിന്റെ ഒരു ഉദാഹരണമാണിത്.

ഒരുപക്ഷെ ഏറ്റവും വിമർശിക്കപ്പെടുന്ന കാര്യങ്ങളിലൊന്ന് മാധ്യമങ്ങളിലെ, പ്രത്യേകിച്ച് ടെലിവിഷനിലെ മലയാളമാണ്. ഇവർ എങ്ങനെയൊക്കെ ഭാഷ ഉപയോഗിക്കുന്നു എന്ന് നോക്കൂ. വികലം, അപൂർണം, തീർന്നില്ല അപ്പടി വ്യാകരണ തെറ്റുകൾ... ഇങ്ങനെ പറയാത്ത ഭാഷാവിദഗ്ധർ, അധ്യാപകർ കുറവാണ്. മലയാളവും ഇംഗ്ലീഷും കലർത്തിയ മംഗ്ലീഷ് പറയുന്ന മാധ്യമ




പ്രവർത്തകരെ നാടുകടത്തണമെന്ന അഭിപ്രായവും ശക്തമായി പറയുന്നവരുണ്ട്. സംഗതി ശരിയാണ്. നല്ല മലയാളം കേൾക്കുമ്പോൾ, ഒ.എൻ.വി. സാറിന്റെയോ ലീലാവതി ടീച്ചറിന്റെയോ പ്രസംഗം കേട്ടാൽ മതി നമ്മളിൽ പലരും പിന്നെ മൈക്ക് കയ്യിലെടുത്ത് മലയാളത്തിൽ റിപ്പോർട്ട് ചെയ്യാനും ആങ്കർ ചെയ്യാനും ഭയക്കും. ഇവരും നമ്മളും പറയുന്നത് ഒരേ ഭാഷതന്നെയാണോ എന്ന് അമ്പരക്കുകയും ചെയ്യും. ഗുരുക്കന്മാരുടെ തഴക്കവും വഴക്കവും ഒന്നും ഇല്ലാത്തവരും നമ്മെക്കാൾ നല്ല ഭാഷ പറയുന്നു എന്ന് സമ്മതിച്ചേ മതിയാകൂ. ഇവരും നമ്മുടെ പ്രേക്ഷകരിൽ ഉൾപ്പെടുന്നു. മാധ്യമങ്ങളിലൂടെ കേൾക്കുന്ന ഓരോ വാക്കും ഓരോ വാർത്താശകലവും ശ്രദ്ധയോടെയും ഗൗരവത്തോടും സമീപിക്കുന്ന കാഴ്ചക്കാരെ ഓർത്താൽ തന്നെ താനെ ഭാഷയും ആശയവിനിമയവും നേരെയാകും.

തുടർച്ചയായ വായന, നല്ല ഭാഷ സംസാരിക്കുന്നതും പ്രയോഗിക്കുന്നതും കേൾക്കുക, നല്ല കൃതികൾ ഉറച്ച് വായിക്കുക ഇവ ഏതു ഭാഷ പ്രയോഗിക്കാനുമുള്ള കഴിവ് നേടാനുള്ള ആദ്യപാഠങ്ങളിലൊന്നാണ്. ഇത് ഒഴിവാക്കിക്കൊണ്ട് നല്ല മലയാളം സ്വായത്തമാക്കാൻ വേറെ കുറുക്കുവഴിയില്ല. എഴുത്തും വേണം. ഒരു മിനിറ്റുള്ള സ്ക്രിപ്റ്റാണ് എഴുത്തെന്ന് ധരിക്കുന്നവരാണ് നമ്മളിൽ പലരും. പത്രങ്ങളിലെ ജേർണലിസ്റ്റുകൾ ടെലിവിഷനെ അപേക്ഷിച്ച് ആശയവ്യക്തതയോടെ, നല്ല ഭാഷയിൽ നേരെ ചൊവ്വെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന്റെ രഹസ്യം അവർ നന്നായി എഴുതാൻ പരിശീലിക്കുന്നു, എഴുത്തിലൂടെ സംവദിക്കുന്നു എന്നതുതന്നെയാണ്. ടെലിവിഷൻ പ്രവർത്തകരാകട്ടെ എഴുത്തിനും പറച്ചിലിനുമിടയിലെ ഒരു 'നോമാൻസ് ലാൻഡിൽ' നിൽക്കുകയാണ്. അതുകൊണ്ട് അപ്പുറത്തുള്ള പ്രേക്ഷകന്റെയും ഇപ്പുറത്തുള്ള അച്ചടി മാധ്യമ സഹപ്രവർത്തകരുടെയും വെടിയുണ്ടകൾ സ്വാഭാവികമായും നമ്മെ തേടിയെത്തും.

സമൂഹത്തിൽ ഇന്ന് കാണുന്നതെല്ലാം, നല്ലതും ചീത്തയും കാണേണ്ടതും കാണേണ്ടാത്തതുമാണ് തത്സമയം ടെലിവിഷൻ പകർത്തുന്നത്. ഇത് തന്നെയാണ് ഭാഷയുടെ കാര്യത്തിലും. മലയാളത്തെ, മലയാളി എത്ര വിലകുറഞ്ഞ്, ലാഘവമായി കൈകാര്യം ചെയ്യുന്നുവോ, അതിന്റെ നേർ ഉദാഹരണമാണ് കേരളത്തിലെ ടെലിവിഷൻ മലയാളവും. ഇംഗ്ലീഷിൽ പഠിച്ച്, ചിന്തിച്ച്, എഴുതി, വിവർത്തനം ചെയ്യുന്ന ഏറെപ്പേരുണ്ട്. ഭാഷയുടെ തനിമ ഇവിടെ നഷ്ടപ്പെട്ടുപോകും. വികലമായ പലതും കൂട്ടിക്കലർത്തി, നിറവും മണവും ഗുണവും നഷ്ടപ്പെടുത്തിയ സംസാരഭാഷ, തെരുവുഭാഷ എന്ന് പറയുന്ന സാധനം, ഒരു മടിയുമില്ലാതെ ടെലിവിഷന്റെ ഔദ്യോഗിക ശൈലിയായി നമ്മളിൽ ഏറെപ്പേരും സ്വീകരിച്ചുകഴിഞ്ഞു.

അച്ചടി ഭാഷയിലൊന്നും പറയേണ്ട, അത് ടെലിവിഷന് യോജിക്കുകയുമില്ല. എന്നാൽ കേൾക്കാൻ ഇമ്പമുള്ള വാക്കുകൾ, ചെറിയ വാചകങ്ങൾ, ആശയ വ്യക്തത ഇത്രയുമെങ്കിലുമായാൽ പകുതി ജയിച്ചു. സാധാരണ ടെലിവിഷൻ ജേർണലിസ്റ്റ് 100 ൽ താഴെ വാക്കുകളുടെ ശേഖരം മാത്രമുപയോഗിച്ചാണ് സൂര്യനു കീഴിലുള്ള എല്ലാത്തിനെയുംകുറിച്ച് തത്സമയം തട്ടിവിടുന്നത്! ധൈര്യത്തിൽ ഞങ്ങളെ തോൽപ്പിക്കാൻ അധികമാർക്കുമാവില്ല. കാക്കത്തൊള്ളായിരം അഭിമുഖങ്ങളും ഇങ്ങനെ നടത്തും. വിദ്യഭ്യാസം, അദ്യാപഹൻ എന്നൊക്കെ പറയാതെ വൃത്തിയായും വ്യക്തമായും സംസാരിച്ചാൽ തന്നെ പ്രേക്ഷകന് ആശ്വാസം കിട്ടും. അൽപ്പം കൂടി ശ്രമിച്ചാൽ കുറച്ചുകൂടി നല്ല വാക്കുകൾ പദശേഖരത്തിൽ ചേർക്കാം. ആഴ്ചയിൽ നല്ല രണ്ടു പേജ് മലയാളം വായിച്ചാൽ മികച്ച പുരോഗതിയായി! ഇതൊന്നും ചെയ്യാൻ സമയം കിട്ടാത്ത നമുക്ക് ഇതിനൊക്കെ ശ്രമിച്ചേ മതിയാകൂ. ശ്രേഷ്ഠഭാഷയായതുകൊണ്ടല്ല, മാതൃഭാഷയായതുകൊണ്ട് മലയാളത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. അല്ലെങ്കിൽ തത്സമയം കല്ലുകടികൾ തുടരും, അനസ്യൂതം, അനർഗളം. ■

■ കെ.എസ്. രവികുമാർ

**അമ്മമൊഴിക്കായി ഒരു ജീവിതം മുഴുവൻ സമർപ്പിച്ചതിന്റെ കഥയാണ് ശബ്ദതാരാവലീകാരനായ ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയുടേത്. മുപ്പത്തിനാലു വർഷത്തെ നിരന്തരതപസ്യയുടെ ഫലമായ ശബ്ദതാരാവലിയുടെ നവതിവർഷമാണിത്. 2014 ശ്രീകണ്ഠേശ്വരത്തിന്റെ 150-ാം ജന്മവാർഷികവും.**



# അനശ്വര ശബ്ദതാരാവലി

"സുഖം എന്ന പദത്തിന്റെ അർഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നു വരികിലും പരമാർഥത്തിൽ അതെങ്ങനെയിരിക്കുമെന്നു ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവനല്ല. എന്റെ കുടുംബക്കാരും ബന്ധുക്കളും സ്നേഹിതന്മാരും അതിനു സാക്ഷികളാകുന്നു." മുപ്പത്തിനാലു കൊല്ലത്തെ നിരന്തരമായ നിഘണ്ടുനിർമാണ പരിശ്രമത്തിനുശേഷം ശബ്ദതാരാവലിയുടെ രണ്ടാമത്തെ പരിഷ്കരിച്ച പതിപ്പിന്റെ ആമുഖത്തിൽ 1930 ഒക്ടോബർ 20 ാം തീയതി ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള (1864-1946) എഴുതിയതാണിത്. അത്രമാത്രം ക്ലേശപൂർണവും മറ്റാരുടെയും സഹായമില്ലാത്തതുമായ ഒരു മഹാപരിശ്രമത്തിലൂടെയാണ് അദ്ദേഹം ശബ്ദതാരാവലിക്ക് രൂപം കൊടുത്തത്. പിന്നെയും ഏതാണ്ട് ഒരു പതിറ്റാണ്ടുകൂടി അതിന്റെ പരിഷ്കരണത്തിനും പൂർത്തീകരണത്തിനുമായി അദ്ദേഹം ചെലവഴിച്ചു.

ഇന്ന് മലയാളത്തെ സംബന്ധിച്ചിടത്തോളം ശബ്ദതാരാവലി എന്ന ഗ്രന്ഥനാമം നിഘണ്ടു എന്നതിന്റെ പര്യായം തന്നെയായി മാറിയിട്ടുണ്ട്. അത്രമാത്രം പ്രശസ്തിയും പ്രചാരവും നേടിയ മലയാളത്തിലെ ഏകഭാഷാനിഘണ്ടുവാണത്. മലയാളത്തിലെ വാക്കുകൾക്ക് (മലയാളം സ്വീകരിച്ച അന്യഭാഷാപദങ്ങളും ഉൾപ്പെടും) മലയാളത്തിൽ തന്നെ അർഥവും അനുബന്ധവിവരണങ്ങളും ഉദ്ധരണികളിലൂടെ പ്രയോഗരീതികളുമൊക്കെ നൽകുന്ന ഒരു വിജ്ഞാനകോശ സ്വഭാവമുള്ള നിഘണ്ടുവാണത്. നിഘണ്ടു നിർമാണ ഘട്ടംവരെയുണ്ടായിരുന്ന മലയാള ഭാഷയുടെയും കേരള സംസ്കാരത്തിന്റെയും മിക്കവാറും ഈടിരിപ്പുകളെല്ലാം അതിൽ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. 'കേരളപാണിനീയ'ത്തിന് മലയാള വ്യാകരണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ എത്രമാത്രം പ്രാധാന്യമാണോ ഉള്ളത്, തത്തുല്യമായ പ്രാധാന്യമാണ് മലയാള നിഘണ്ടുക്കളുടെ കാര്യത്തിൽ ശബ്ദതാരാവലിക്കുള്ളത്. രണ്ടിനും ചില പരിമിതികൾ ചൂണ്ടിക്കാണിക്കാൻ കഴിയും. എന്നാൽ അവയെക്കാൾ മേന്മയുള്ള ഗ്രന്ഥങ്ങൾ അതതു മേഖലകളിൽ ഇന്നോളം വേറെയുണ്ടായിട്ടില്ല എന്നതാണ് വസ്തുത.

## മിഷനറിമാരുടെ ആദ്യപാത

മിഷനറിമാരുടെ പ്രവർത്തനഫലമായാണ് മലയാളത്തിൽ നിഘണ്ടുക്കൾ ഉണ്ടായത്. ആദ്യഘട്ടത്തിൽ വിദേശ മിഷനറിമാർക്കും മറ്റും മലയാള ഭാഷാപരിജ്ഞാനം നേടാനുള്ള ഉപാധികൾ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായാണ് അവർ വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും നിർമിച്ചത്. 17 ാം നൂറ്റാണ്ടിൽത്തന്നെ വരാപ്പുഴയിലെ വൈദികരും അർണോസ്പാതിരിയുമൊക്കെ (1681-1732) അത്തരം പരിശ്രമങ്ങൾ നടത്തിയിരുന്നു. 18 ാം നൂറ്റാണ്ടിന്റെ ആരംഭ


ശ്രീകണ്ഠേശ്വരം ഛായാചിത്രം


ത്തിൽ അർണോസുപാതിരി തയാറാക്കിയ മലയാളം പോർച്ചുഗീസ് നിഘണ്ടു 1988 ൽ കേരള സാഹിത്യ അക്കാദമി പ്രസിദ്ധപ്പെടുത്തുന്നതുവരെ അതിനെക്കുറിച്ച് പറഞ്ഞുകേട്ട അറിവുകളേയുണ്ടായിരുന്നുള്ളൂ.

ഇംഗ്ലീഷുകാരനായ ബഞ്ചമിൻ ബെയ്‌ലി (1791-1871) കോട്ടയം സി.എം.എസ്. സെമിനാരി കേന്ദ്രീകരിച്ചു നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി രണ്ടു നിഘണ്ടുക്കൾ പുറത്തുവന്നു; മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും (1846) ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും (1849). അവയ്ക്ക് മലയാളത്തിലെ നിഘണ്ടു നിർമാണചരിത്രത്തിൽ ഏറെ പ്രാധാന്യമുണ്ട്. Dictionary of high and colloquial Malayalam and English എന്ന പേരിലുള്ള മലയാളം-ഇംഗ്ലീഷ് നിഘണ്ടുവിന്റെ കാര്യത്തിലും പാശ്ചാത്യദേശക്കാർക്കും മറ്റും മലയാളഭാഷയിൽ അറിവു നേടാനുള്ള ഒരു ഗ്രന്ഥം തയാറാക്കുകയാണ് താൻ ചെയ്തതെന്ന് ബെയ്‌ലി പറയുന്നുണ്ട്.

1855 മുതൽ സി.എം.എസ്. കോളേജ് പ്രിൻസിപ്പലായിരുന്ന റിച്ചാർഡ് കോളിൻസ് ആണ് ആദ്യത്തെ മലയാളം -മലയാളം നിഘണ്ടു നിർമിച്ചത്. പ്രാദേശിക പണ്ഡിതന്മാരുടെ സഹായത്തോടെയാണ് അത് അദ്ദേഹം തയാറാക്കിയത്. എന്നാൽ മലയാളത്തിലെ നിഘണ്ടുക്കളുടെ ചരിത്രത്തിലെ ഗണനീയമായ ഒരു സംഭാവന നൽകിയത് ഹെർമൻ ഗുണ്ടർട്ട് (1814-1893) ആണ്. ശബ്ദതാരാവലിക്കു മുൻപുള്ള നിഘണ്ടുക്കളിൽ ഗുണമേന്മകൊണ്ട് ഏറ്റവും മികച്ചു നിൽക്കുന്നത് ഗുണ്ടർട്ടിന്റെ നിഘണ്ടുവാണ്.

ഗുണ്ടർട്ടിന്റെ നിഘണ്ടുവിന് (1873) പല മേന്മകളുമുണ്ടായിരുന്നു; അത് വേഗം തന്നെ പ്രശസ്തിനേടുകയും ചെയ്തു. എങ്കിലും ഒരു വിദേശിനടത്തിയ പരിശ്രമത്തിന്റെ പരിമിതികൾ അതിനുണ്ടായിരുന്നു. ഈ പശ്ചാത്തലത്തിലാണ് വിശദവും വിപുലവുമായ ഒരു മലയാള നിഘണ്ടുവിന്റെ ആവശ്യകത ഭാഷാ സ്നേഹികൾക്ക് ബോധ്യപ്പെട്ടത്. ഭാഷാപോഷിണി സഭയിലും മറ്റും അത്തരം ഒരു നിഘണ്ടു നിർമിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രമേയങ്ങളും പ്രസംഗങ്ങളും പലപ്പോഴുമുണ്ടായി. അതിനുവേണ്ടി ചില സംഘടിത ശ്രമങ്ങളും നടന്നു. അതൊന്നും ഫലപ്രാപ്തിയിലെത്തിയില്ല. ഈ പശ്ചാത്തലത്തിലാണ് ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള ശബ്ദതാരാവലിയുടെ നിർമാണം ആരംഭിച്ചത്.

മലയാളത്തിലെ ആദ്യത്തെ ഭാഷാചരിത്രത്തിന്റെ കർത്താവായ സർവാധികാര്യക്കാർ പി. ഗോവിന്ദപിള്ളയുടെ ഭാഗിനേയനായ ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള തിരുവനന്തപുരം ശ്രീകണ്ഠേശ്വരത്ത് കുളവറവിളാകത്തു വീട്ടിലാണ് ജനിച്ചത്. ചെറുപ്പത്തിൽ സംസ്കൃതവും പിന്നീട് ആയുർവേദവും പഠിച്ച പത്മനാഭപിള്ള സ്കൂളിൽ ചേർന്നുവെങ്കിലും മെട്രിക്കുലേഷൻ പരീക്ഷ വിജയിച്ചില്ല. എന്നാൽ നിരന്തരമായ വായനയിലൂടെയും പഠനത്തിലൂടെയും ഭാഷാപരിജ്ഞാനത്തിന്റെ ഉയർന്ന പടവുകളിൽ എത്തിച്ചേരാൻ അദ്ദേഹത്തിനു കഴിഞ്ഞു. പിൽക്കാലത്ത് വക്കീൽ പരീക്ഷ ജയിച്ച് കുറേക്കാലം അദ്ദേഹം അഭിഭാഷകവൃത്തിനടത്തി.



651 കേരളി

കേമമാവുക; ഏതുപ്രകാരമെങ്കിലും വലുതാകുക; തടിക്കുക; കൊഴുക്കുക; ആരോഗ്യത്തോടുകൂടിയിരിക്കുക.
കേമുകം—[കേമുക] തിങ്ങളരി (ഒരു ശാകം).
കേമ്പിരി—[Cambric] ഒരുതരം തുണി.
കേംബുകം=കേമുകം.
കേയപ്പെരുമാൾ—പെരുമാക്കന്മാരിൽ ഒരാൾ; കേരളത്തെ രക്ഷിക്കാനായി പരശുരാമൻ പരദേശത്തുനിന്ന് ആദ്യം കൊണ്ടുവന്ന രാജാവ്. (കലി ...). ഇദ്ദേഹത്തിന്റെ പേര് ആദിത്യവമ്മ. (ഭാനുവിക്രമന്റെ അനന്തരവൻ).
കേയി—കൂരൻ.
കേയൂരം—[കേയൂര] (കൈ+ഊരുക) ...തോൾവള (കേ യാതി, ബാഹുശിരസ്സിൽ ഗമിക്കുന്നത്, കൈയുടെ ശിരസ്സിൽക്കൂടി ചേരുന്നത്). പര്യാ:—അംഗദം ('തോൾവള' നോക്കുക) വ. ഒരു രതിബന്ധം.
കേയൂരി—[കേയൂരിന്] വി. കേയൂരം ധരിച്ചിട്ടുള്ള.
കേര—ചേരനാട്ടിലുള്ള. 'കേരവൃക്ഷം'.
കേരകല്പം—[കേര-കല്പ] പുരാതനകാലത്തെ ദേഹണ്ഡവിലനിരക്ക്.
കേരം—[കേര] തെങ്ങ്, നാളികേരം (ചേരനാട്ടിലെ പ്രധാനവൃക്ഷം). 'കേരമരി ചലവണാദികളരിയും തരികിൽ പോരും മമ ഭൂപതേ' (നള. ആ.).
കേരല—[കേരലാ] വിഴാൽ.
കേരവം—[കേ-രവ] അരയന്നം (കേ രൗതി, ജലത്തിൽ ശബ്ദിക്കുന്നത് എന്നർത്ഥം).
കേരളൻ—... കേരളത്തിലെ രാജാവ് (സ. ത്രി. കേരളൻ). വ. കേരളം ജന്മദേശമായിട്ടുള്ളവൻ; മലയാളി. സ്ത്രീ. ഇന്ദ്രപുത്രനായ ജയന്തന്റെ പുത്രൻ.
കേരളപഴമ—കൊല്ലം ...ാമാണ്ടിടയ്ക്കു പറങ്കികൾ കേരളത്തിൽ ഉറച്ചതിനുശേഷം നടന്നിട്ടുള്ള സംഭവങ്ങൾക്ക് അവർ വച്ചിരുന്ന ഡയറിക്കുറിപ്പുകളുടെ സമാഹാരം (ബറോസ്).
കേരളം—[ചേര(ല)] മലയാളനാട്; സപ്തകൊങ്കണങ്ങളിലൊന്ന്; കാണ്ഡചതുഷ്ടയത്തിലൊന്ന്; ചേരരാജ്യം; ഭാർഗ്ഗവക്ഷേത്രം (കർമ്മഭൂമി); ഗോകർണ്ണംമുതൽ കന്യാകുമാരിവരെയുള്ള ...ന്നാം കാതം ഭൂമി (കേരവൃക്ഷങ്ങളുടെ ധാരാളതകൊണ്ട് അഥവാ കേരളൻ എന്ന രാജാവു പാലിച്ചതുകൊണ്ട് ഈ പേർ). 'ചേരല്' (ചേച്ച്) എന്ന പദത്തോടു സ്ഥലവാചിയായ 'അകം' ചേർന്നുണ്ടായ സംസ്കൃതപദമാണ് 'ചേരലം'; അതു സംസ്കൃതീഭവിച്ചതാണ് 'കേരളം' (ഉള്ളൂർ) [cf. ചേരളം—ചേരനാട്ടിലെ അളം, ചതുപ്പുനിലം]. കേരളത്തിന്റെ വിസ്തീർണ്ണം ...,000 ച. മൈൽ; ജനസംഖ്യ ...,00,000 (പരശുരാമൻ മഴുവെറിഞ്ഞ് സമുദ്രത്തിൽനിന്നു വീണ്ടെടുത്തതാണ് കേരളം എന്ന് ഐതിഹ്യം. അതിനാൽ പരശുരാമക്ഷേത്രം എന്നു പേർ വന്നു) കേരളം എന്ന ചേരരാജ്യത്തിനുണ്ടായിരുന്ന വിഭാഗങ്ങൾ ൭: വേണാട്, പുഴിനാട്, കക്കനാട്, ചിതനാട്, കുട്ടനാട്, കടനാട്, മലയനാട് എന്നിവ. (കലി ...ാം—നുശേഷം കേരളം ൪ ഖണ്ഡമായി ഭാഗിക്കപ്പെട്ടു—പെരിഞ്ചല്ലൂർ, പയ്യന്നൂർ, പാപ്പൂർ, ചെങ്ങന്നൂർ).
കേരളമാഹാത്മ്യം—കേരളത്തെപ്പററിയുള്ള ഒരു പുരാതനകൃതി.
കേരളവ്യാസൻ—കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.
കേരളി—[കേരളീ] ... കേരളീയസ്ത്രീ. വ. ജ്യോതിഷം. ന. ഹോര (മണിക്കൂർ). ര്. ഒരു വൃത്തം. (ജ ത ത എന്ന

## തുള്ളൽപ്പാട്ടുകൾ നൽകിയ പദപരിചയം

ചെറുപ്പത്തിൽ പത്മനാഭപിള്ള തുള്ളൽപ്പാട്ടുകൾ വായിച്ചു പഠിക്കുന്നതിലും ഹൃദിസ്ഥമാക്കുന്നതിലും അതീവതത്പരനായിരുന്നു. പദസമ്പത്തിന്റെ കാര്യത്തിൽ ഏറെ ഉയരത്തിൽ നിൽക്കുന്ന കവിയായ കുഞ്ചൻ നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളിൽ ഉണ്ടായ അവഗാഹം പിൽക്കാലത്ത് നിഘണ്ടുനിർമാണത്തിൽ

പത്മനാഭപിള്ളയ്ക്ക് ഏറെ സഹായകമായി. ക്രമേണ അദ്ദേഹത്തിന്റെ സാഹിത്യാഭിമുഖ്യം ആട്ടക്കഥകളിലേക്ക് മുന്നേറി. 21ാം വയസ്സിൽ 'ധർമഗുപ്തവിജയം' എന്ന ഒരു ആട്ടക്കഥ എഴുതുവാൻ പാകത്തിൽ ആ ആഭിമുഖ്യം വികസിച്ചു.

പലവിഭാഗങ്ങളിലായി അറുപതോളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചെങ്കിലും അവയൊന്നും പിൽക്കാലത്ത് ഗണനീയമായില്ല. എന്നാൽ ശബ്ദതാരാവലിയുടെ നിർമാണത്തിലൂടെ മലയാളഭാഷാപഠനത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു അടിസ്ഥാന ഗ്രന്ഥം നിർമിക്കുകയായിരുന്നു അദ്ദേഹം.

ശ്രീകണ്ഠേശ്വരം 1897 ൽ ശബ്ദതാരാവലിയുടെ രചന ആരംഭിച്ചു. അതിനും മുമ്പുതന്നെ അദ്ദേഹം പദശേഖരണ സംരംഭം തുടങ്ങിക്കഴിഞ്ഞിരുന്നു. വായിക്കുന്ന കൃതികളിൽ നിന്നും കേൾക്കുന്ന പ്രസംഗങ്ങളിൽ നിന്നും പദങ്ങൾ കുറിച്ചുവെക്കുന്ന ശീലം അദ്ദേഹത്തിന് നേരത്തെ തന്നെ ഉണ്ടായിരുന്നു. വഴിയോരത്തും പറമ്പുകളിലും കാണുന്ന പേരറിയാത്ത ചെടികൾ പിഴുതെടുത്ത് പ്രായമായവരോട് ആരാഞ്ഞ് അവയുടെ പേരും പ്രത്യേകതകളും രേഖപ്പെടുത്തുന്ന ശീലവും അദ്ദേഹത്തിനുണ്ടായിരുന്നു. സർക്കാർ സർവീസിൽ ഉണ്ടായിരുന്ന ചെറിയ ജോലി ഉപേക്ഷിച്ച് പൂർണമായും നിഘണ്ടു നിർമാണത്തിന് അദ്ദേഹം സ്വയം സമർപ്പിച്ചു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും നിഘണ്ടു പൂർത്തീകരിക്കാനായില്ല. ആ ഘട്ടത്തിലാണ് ശേഖരിച്ച പദങ്ങളിൽ നിന്ന് തിരഞ്ഞെടുത്തവ ചേർത്ത് 'കീശാനിഘണ്ടു' എന്ന പേരിൽ 1904 ൽ ഒരു ലഘു നിഘണ്ടു പ്രസിദ്ധീകരിച്ചത്. അതിന് നല്ല സ്വീകാര്യത ലഭിച്ചു. അതോടെ അദ്ദേഹം ശബ്ദതാരാവലിയുടെ രചന വീണ്ടും സജീവമായി തുടർന്നു.

## ജന്മദീർഘമായ യജ്ഞം

നിഘണ്ടു പൂർത്തിയായപ്പോൾ പ്രസാധകനെ കിട്ടാതെ പത്മനാഭപിള്ള വിഷമത്തിലായി. അദ്ദേഹം അതിനും വഴികണ്ടു. നിഘണ്ടു സഞ്ചികകളായി പുറത്തിറക്കാൻ തീരുമാനിച്ചു. ശബ്ദതാരാവലിയുടെ ആദ്യ സഞ്ചിക 1917 നവംബറിൽ പുറത്തുവന്നു. 1923 മാർച്ചിൽ അവസാന ലക്കവും പ്രസിദ്ധീകൃതമായി. ആ നിലയിൽ ശബ്ദതാരാവലിയുടെ ആദ്യപതിപ്പ് പൂർണമായി പുറത്തുവന്നത് 1923 ൽ ആണ്. എന്നാൽ അതോടെ അദ്ദേഹം നിഘണ്ടു നിർമാണ പ്രവർത്തനത്തിൽ നിന്ന് പിൻവാങ്ങിയില്ല. ഒന്നാം പതിപ്പിന്റെ പരിഷ്കരണപ്രവർത്തനങ്ങളിൽ മുഴുകി. 1930 ഒക്ടോബറിൽ പരിഷ്കരിച്ച രണ്ടാം പതിപ്പ് സഞ്ചികകളായി പുറത്തിറക്കിത്തുടങ്ങി. അതിന്റെ പൂർത്തീകരണത്തെത്തുടർന്ന് വീണ്ടും പരിഷ്കരണയജ്ഞം പുനരാരംഭിച്ചു. അങ്ങനെ നവീകരിച്ച ശബ്ദതാരാവലിയുടെ മൂന്നാം പതിപ്പ് 1938 ഡിസംബറിൽ പുറത്തിറക്കി. പിന്നീട് 1940 ൽ ഒരു അനുബന്ധവും പ്രസിദ്ധീകരിച്ചു. അങ്ങനെ ജന്മദീർഘമായ ഒരു യജ്ഞമായിരുന്നു ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ളയുടെ ശബ്ദതാരാവലി നിർമാണം.

സാധാരണഗതിയിൽ വാക്കുകളുടെ അർഥവും പ്രയോഗസവിശേഷതകളും മാത്രം വിവരിച്ചുപോകുന്ന ഒരു നിഘണ്ടു മാത്രമല്ല ശബ്ദതാരാവലി. അതിന് ഒരു ജീവചരിത്രകോശത്തിന്റെയും സംസ്കാരചരിത്ര നിഘണ്ടുവിന്റെയും സ്വഭാവമുണ്ട്. ചരിത്രത്തിലെയും ഐതിഹ്യത്തിലെയും സാഹിത്യശാസ്ത്രത്തിലെയും ആയുർവേദത്തിലെയും ജ്യോതിഷത്തിലെയും ഒക്കെ സംജ്ഞകൾ വിശദവിവരണങ്ങളോടെ ശബ്ദതാരാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥകാരൻ ആയുർവേദം പഠിച്ചതിന്റെ ഗുണം ശബ്ദതാരാവലിയിൽ ഏറെ പ്രകടമാണ്. ഇതിഹാസപുരാണ കഥാപാത്രവിവരണം മറ്റൊരു പ്രത്യേകതയാണ്.

ശ്രീകണ്ഠേശ്വരത്തിന്റെ ചരമാനന്തരം അദ്ദേഹത്തിന്റെ പുത്രൻ പി. ദാമോദരൻ നായർ പരിഷ്കരിച്ച പതിപ്പുകളാണ് സാഹിത്യപ്രവർത്തകസഹകരണ സംഘം പുറത്തിറക്കിയത്. പിന്നീട് പലരും പരിഷ്കരിച്ച പതിപ്പുകൾ സംഘവും മറ്റു പ്രസാധകരും പുറത്തിറക്കി. ഇന്നും മലയാളത്തിൽ ഏറ്റവും വിശ്വാസ്യതയും അംഗീകാരവും പ്രചാരവുമുള്ള മലയാളം – മലയാളം നിഘണ്ടു ശബ്ദതാരാവലിതന്നെ.

ജീവിതത്തിന്റെ മുക്കാൽ പങ്കും ശബ്ദതാരാവലിയുടെ നിർമാണത്തിന് സമർപ്പിച്ച് അതിന്റെ മാനസികവും ഭൗതികവുമായ ക്ലേശങ്ങൾ അനുഭവിച്ച് ശ്രീകണ്ഠേശ്വരം നടത്തിയ നിസ്തന്ദ്രയജ്ഞത്തിന്റെ ഫലമാണ് ആ വിശിഷ്ട ഗ്രന്ഥം. ■

# ചെപ്പടിവിദ്യയല്ല നിഘണ്ടു നിർമാണം

'ശബ്ദതാരാവലി' എന്ന ഈ മലയാള നിഘണ്ടുവിന്റെ ഒന്നാം പതിപ്പ് പുറത്തായി രണ്ടു കൊല്ലം കഴിഞ്ഞ ശേഷം ആവശ്യക്കാർക്ക് പുസ്തകം കൊടുക്കാനില്ലാതെ വന്നതുനിമിത്തം ഈ രണ്ടാം പതിപ്പ് ആരംഭിക്കുകയും ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി മുഴുപ്പിക്കയും ചെയ്തിട്ടുള്ളതാകുന്നു. ഇതിൽ ഞാൻ യഥാശക്തി വേണ്ട പരിഷ്കാരം ചെയ്തിട്ടുണ്ട്. കേരളത്തിൽ എന്നല്ല, ഭാരതഖണ്ഡത്തിലും അതിനു പുറമെയും ഈ ഗ്രന്ഥം ചെലവായിക്കൊണ്ടിരിക്കുന്നതു നോക്കുമ്പോൾ പൊതുജനങ്ങൾ എന്നെ വേണ്ടുവോളം പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് പ്രസ്പഷ്ടമാകുന്നു. അവരുടെ അനുഗ്രഹം എനിക്ക് നിരന്തരം അത്യന്തം ചാരിതാർത്ഥ്യജനകമാണ്; എന്റെ പ്രയത്നത്തിന്റെ പ്രതിഫലവും അതുതന്നെ എന്നു ഞാൻ സർവ്വാത്മനാ സമ്മതിച്ചുകൊള്ളുന്നു. ഈ നിഘണ്ടു അപൂർണ്ണമാണെന്ന് അപൂർവ്വം ചിലർ അഭിപ്രായപ്പെടുന്നതായി കേൾക്കുന്നുണ്ട്. നിഘണ്ടു ഒരിക്കലും പൂർണ്ണമാകുന്ന ഗ്രന്ഥമല്ല. 'പൂർണ്ണമായ നിഘണ്ടു' എന്ന് ഒരു നിഘണ്ടുകാരൻ പറയുമെന്ന് എനിക്കു തോന്നുന്നില്ല. 'ശബ്ദതാരാവലി' പുറപ്പെട്ടതുമുതൽ 'നിഘണ്ടുനിർമ്മാണനിർഗ്ഘോഷം' ഉച്ചൈസ്തരമായിരിക്കുന്നു. ചുവരുണ്ടായാൽ ചിത്രമെഴുതാമല്ലോ. 'ശബ്ദതാരാവലി'യേക്കാൾ മെച്ചമായ ഒരു നിഘണ്ടു ഉണ്ടാകുന്നത് വാസ്തവത്തിൽ എനിക്കും അത്യധികം സന്തോഷം തന്നെ. എന്നാൽ നിർമ്മത്സരന്മാരും കൃതമുഖന്മാരും പ്രതീക്ഷ്യന്മാരുമായ ഏതാനും വിപശ്ചിദ്വര്യന്മാർ ഒത്തൊരുമിച്ച് ഇരുപതോളം സംവത്സരം വേലചെയ്താലേ അതു സാധിപ്പാൻ തരമുള്ളൂ. അതല്ല, രണ്ടു മൂന്നു കൊല്ലം കൊണ്ട് ആരെങ്കിലും ഒരു നിഘണ്ടു എഴുതി പുറപ്പെടുവിക്കുന്ന പക്ഷം അത് 'ശബ്ദതാരാവലി'യുടെ പകർപ്പായിരിപ്പാനേ എളുപ്പമുള്ളൂ. സൗഭിക സമ്പ്രദായംകൊണ്ട് നിഘണ്ടു നിർമ്മിക്കാവുന്നതല്ല. 'സുഖം' എന്ന പദത്തിന്റെ അർത്ഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നുവരികിലും പരമാർത്ഥത്തിൽ അതെങ്ങനെയിരിക്കുമെന്നു ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവനല്ല. എന്റെ കുടുംബക്കാരും ബന്ധുക്കളും സ്നേഹിതന്മാരും അതിനു സാക്ഷികളാകുന്നു. 'താരാവലി'യെ മുദ്രണം ചെയ്ത വാണിജ്യയിൽ സമധികമായ ലാഭത്തെ സമ്പാദിക്കണമെന്നു വിചാരിക്കാതെ 'കൂലങ്കഷമായ ഭാഷാസാഹിത്യപരിചയത്തിനു പര്യാപ്ത'മാകണമെന്നുമാത്രം ഉദ്ദേശിച്ച് 1072 മുതൽ 1106 വരെ 34 സംവത്സരം 'ശബ്ദതാരാവലി'ക്കു ചെലവാക്കിയതിന്റെ ശേഷവും അതിനെപ്പറ്റി എന്റെ ഹൃദയത്തിനുതന്നെ തൃപ്തിവന്നിട്ടില്ലെന്നുള്ളതും 'പെട്ടെന്ന് ഒരു നിഘണ്ടു പുറപ്പെടുവിച്ചുകളയാം' എന്നു വിചാരിക്കുന്നവർ ഓർമ്മിക്കേണ്ടതാകുന്നു. നിഘണ്ടു പതിപ്പുതോറും പരിഷ്കരിക്കണമെന്നുള്ളതും അതിന്റെ പ്രസാധകന്റെയും പിൻഗാമികളുടെയും ചുമതലയാണ്.

*(1930 ഒക്ടോബർ 20 ാം തീയതി ശ്രീകണ്ഠേശ്വരം എഴുതിയ മുഖവുരയിൽ നിന്ന് : നിഘണ്ടുരചന 'സൗഭിക സമ്പ്രദായ'മല്ലെന്ന് (ചെപ്പടിവിദ്യ) മുഖവുരയിൽ അദ്ദേഹം ഓർമിപ്പിക്കുന്നു)*



പ്രവാസി മലയാളി സെൻസസ് 2013 റിപ്പോർട്ട് പ്രവാസികാര്യ മന്ത്രി കെ.സി. ജോസഫ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയ്ക്ക് കൈമാറുന്നു

# കേരളത്തിന്റെ പ്രവാസികൾ

വിദേശത്ത് ജോലിചെയ്യുന്ന മലയാളികളെക്കുറിച്ചുള്ള കൃത്യമായ കണക്കുകൾ നാളിതുവരെ ലഭ്യമായിരുന്നില്ല. എത്ര ലക്ഷം മലയാളികളാണ് വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്നതെന്ന് കണക്കുകൾ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ആറാമത് സാമ്പത്തിക സെൻസസിനൊപ്പം പ്രവാസി മലയാളി സെൻസസ് നടത്താൻ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെ ചുമതലപ്പെടുത്തുകയുമായിരുന്നു. കേരളത്തിൽ പ്രവാസികളെ ആശ്രയിച്ച് എത്ര കുടുംബങ്ങൾ ഉണ്ടെന്നുള്ള കണക്ക് ലഭ്യമാക്കേണ്ടത് പ്രവാസി മലയാളികളുടെ ക്ഷേമപ്രവർത്തനത്തിനും അവർക്കായുള്ള ഇതര പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അത്യന്താപേക്ഷിതമാണ്.

### സെൻസസിൽ നിന്നുള്ള ശ്രദ്ധേയമായ വിവരങ്ങൾ

- 1625653 പ്രവാസി മലയാളികളിൽ 1426853 പേർ വിവിധ ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർ.
- കേരളത്തിൽ ഏകദേശം 50 ലക്ഷം പേർ പ്രവാസി മലയാളിയെ ആശ്രയിക്കുന്നവർ.
- തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളിൽ 78 ശതമാനം പേരും യുവാക്കൾ.
- ആകെയുള്ള പ്രവാസികളിൽ 90 ശതമാനം പേരും ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവർ.
- ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ഉള്ള രാജ്യം യു.എ.ഇ. (35 ശതമാനം). രണ്ടാം സ്ഥാനത്ത് സൗദി അറേബ്യ (28 ശതമാനം).

- യു.കെ.യിലുള്ള പ്രവാസികളിൽ 70 ശതമാനം പേരും കുടുംബമായി താമസിക്കുന്നവർ. യു.എസ്.എ.യിൽ 61 ശതമാനം.
- ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളിൽ 39 ശതമാനം പേരും യു.എ.ഇ.യിൽ. 33 ശതമാനം പേർ സൗദി അറേബ്യയിൽ.
- സൗദി അറേബ്യയിലെ പ്രവാസി മലയാളികളിൽ 96 ശതമാനം പേരും പുരുഷന്മാർ. കുവൈറ്റിൽ 13 ശതമാനം സ്ത്രീകൾ.
- പ്രവാസി മലയാളി പുരുഷന്മാരിൽ 58 ശതമാനം പേരും സാധാരണ തൊഴിലാളികൾ.
- പ്രവാസി മലയാളി ഡോക്ടർമാരിൽ 25 ശതമാനം പേർ യു.എസ്.എയിലും 20 ശതമാനം പേർ യു.എ.ഇ.യിലും.
- പ്രവാസി ഡോക്ടർമാരിൽ 41 ശതമാനം പേരും 35 വയസിനും 44 വയസിനും ഇടയിൽ പ്രായമുള്ളവർ.
- ജോലിയുള്ള പ്രവാസി മലയാളികളിൽ ഏഴു ശതമാനം സ്ത്രീകൾ 93 ശതമാനം പുരുഷന്മാർ.
- 46 ശതമാനം പേർ 35 വയസ്സിൽ താഴെ പ്രായമുള്ളവർ. 55 വയസ്സിന് മുകളിൽ പ്രായമുള്ളവർ അഞ്ചു ശതമാനത്തിൽ താഴെ മാത്രം.
- നേഴ്സുമാരായ പ്രവാസി പുരുഷന്മാരിൽ 30 ശതമാനം പേർ യു.എസ്.എയിൽ, എട്ടു ശതമാനം പേർ യു.കെയിൽ.
- ഡ്രൈവർമാരിൽ 39 ശതമാനം പേരും സൗദി അറേബ്യയിൽ

## മുന്നിൽ മലപ്പുറവും മാടായിയും

പ്രവാസി മലയാളികൾ ഏറ്റവും കൂടുതലുള്ളത് മലപ്പുറം (18 ശതമാനം). കുറവ് ഇടുക്കിയിൽ (ഒരു ശതമാനം). ഏറ്റവും കൂടുതൽ കുടുംബങ്ങളിൽ നിന്നും പ്രവാസികളുള്ളത് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ബ്ലോക്കിലെ മുനിയൂർ പഞ്ചായത്ത്. പ്രവാസി ഡ്രൈവർമാരിൽ 27 ശതമാനം പേരും മലപ്പുറം ജില്ലക്കാർ. 10 വർഷത്തിനുമുകളിൽ പ്രവാസ ജീവിതം നയിച്ചിട്ടുള്ളവരിൽ 24 ശതമാനം പേരും മലപ്പുറം ജില്ലയിൽ നിന്നുള്ളവർ.

ഏറ്റവും കൂടുതൽ പ്രവാസികളുള്ളത് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ബ്ലോക്കിൽ മാടായി പഞ്ചായത്ത്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള മുനിസിപ്പാലിറ്റി കോട്ടയം. സംസ്ഥാനത്ത് ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തൊഴികെ എല്ലാ പഞ്ചായത്തിലും പ്രവാസി മലയാളികൾ.

കേരളത്തിൽ നിന്നുള്ള പ്രവാസി അധ്യാപകരിൽ 17 ശതമാനം പേർ പത്തനം തിട്ടയിൽ നിന്നും 16 ശതമാനം പേർ ആലപ്പുഴ ജില്ലയിൽ നിന്നും ഉള്ളവർ.

# വനിതാ പ്രവാസികൾ

തൊഴിൽ തേടി വിദേശത്തുപോയിട്ടുള്ള വനിതകൾ ഏഴു ശതമാനത്തിൽ താഴെ മാത്രം. സംസ്ഥാനത്തെ ജില്ലകളിൽ വനിതാ പ്രവാസി മലയാളി പ്രാതിനിധ്യത്തിൽ മുന്നിൽ ഇടുക്കിയും (33 ശതമാനം) കോട്ടയവും (32 ശതമാനം). പ്രവാസി മലയാളി വനിതകളിൽ 59 ശതമാനം പേരും നേഴ്സുമാർ. നേഴ്സുമാരായ പ്രവാസി വനിതകൾ 20 ശതമാനം പേർ സൗദി അറേബ്യയിലും 13 ശതമാനം പേർ യു.കെയിലും. വനിതാ പ്രവാസി മലയാളികളിൽ കൂടുതൽ പേരും കോട്ടയം (33 ശതമാനം) ജില്ലയിൽ നിന്ന്. കോട്ടയം ജില്ലയിൽ നിന്നും തൊഴിൽ തേടി വിദേശരാജ്യങ്ങളിൽ പോയവരിൽ 30 ശതമാനം പേരും നേഴ്സുമാർ. കുറവ് കാസർകോട് (ഒരു ശതമാനം) ജില്ലയിൽ. കുടുംബത്തോടെ അല്ലാതെ വിദേശത്തു താമസിച്ച് ജോലി ചെയ്യുന്ന പ്രവാസികളിൽ മൂന്നു ശതമാനം പേർ വനിതകൾ. ഗൾഫിലെ പ്രവാസി അധ്യാപകരിൽ 46 ശതമാനം പേർ വനിതകൾ. പ്രവാസി മലയാളികളിൽ വനിതാപ്രാതിനിധ്യം കൂടുതലുള്ള രാജ്യം ന്യൂസിലന്റ് (37 ശതമാനം), യു.കെ. (34 ശതമാനം). ജോലിയുള്ള പ്രവാസികളിൽ സ്ത്രീപുരുഷ അനുപാതം ഏറ്റവും കൂടുതൽ ന്യൂസിലന്റിൽ (37:63).

### പ്രവാസികളുടെ എണ്ണം ജില്ല തിരിച്ച്

| ക്രമ.നം | ജില്ലയുടെ പേര് | പ്രവാസികൾ ഉള്ള വീടുകളുടെ എണ്ണം | ജോലി ഉള്ളവർ | ജോലി ഉള്ളവരുടെ കൂടെ താമസിക്കുന്നവർ | ആകെ പ്രവാസികൾ |
|---|---|---|---|---|---|
| 1 | കാസർഗോഡ് | 46235 | 60570 | 4639 | 65209 |
| 2 | കണ്ണൂർ | 107822 | 143688 | 18826 | 162514 |
| 3 | വയനാട് | 13442 | 15660 | 1453 | 17113 |
| 4 | കോഴിക്കോട് | 124448 | 147996 | 13240 | 161236 |
| 5 | മലപ്പുറം | 228706 | 278396 | 14357 | 292753 |
| 6 | പാലക്കാട് | 69745 | 83777 | 7737 | 91514 |
| 7 | തൃശ്ശൂർ | 125702 | 149814 | 24633 | 174447 |
| 8 | എറണാകുളം | 62718 | 79526 | 24982 | 104508 |
| 9 | ഇടുക്കി | 8154 | 10959 | 3616 | 14575 |
| 10 | കോട്ടയം | 48989 | 71299 | 29326 | 100625 |
| 11 | ആലപ്പുഴ | 66954 | 80480 | 13674 | 94154 |
| 12 | പത്തനംതിട്ട | 60185 | 77802 | 20552 | 98354 |
| 13 | കൊല്ലം | 102667 | 116466 | 9880 | 126346 |
| 14 | തിരുവനന്തപുരം | 95539 | 110420 | 11885 | 122305 |
| | **ആകെ** | **1161306** | **1426853** | **198800** | **1625653** |

### ജോലിചെയ്യുന്ന പ്രവാസികളുടെ എണ്ണം (ആൺ-പെൺ തിരിച്ച്)

| ക്രമ.നം | ജില്ലയുടെ പേര് | പെൺ | ആൺ | ആകെ |
|---|---|---|---|---|
| 1 | കാസർഗോഡ് | 1240 | 59330 | 60570 |
| 2 | കണ്ണൂർ | 4419 | 139269 | 143688 |
| 3 | വയനാട് | 1332 | 14328 | 15660 |
| 4 | കോഴിക്കോട് | 3413 | 144583 | 147996 |
| 5 | മലപ്പുറം | 1751 | 276645 | 278396 |
| 6 | പാലക്കാട് | 2169 | 81608 | 83777 |
| 7 | തൃശ്ശൂർ | 6433 | 143381 | 149814 |
| 8 | എറണാകുളം | 16322 | 63204 | 79526 |
| 9 | ഇടുക്കി | 3598 | 7361 | 10959 |
| 10 | കോട്ടയം | 22585 | 48714 | 71299 |
| 11 | ആലപ്പുഴ | 8731 | 71749 | 80480 |
| 12 | പത്തനംതിട്ട | 14395 | 63407 | 77802 |
| 13 | കൊല്ലം | 6871 | 109595 | 116466 |
| 14 | തിരുവനന്തപുരം | 6067 | 104353 | 110420 |
| | **ആകെ** | **99326** | **1327527** | **1426853** |

■ ശ്രീദേവി എസ്. കർത്ത



# നൃത്തം ചെയ്യുന്ന പെൺകുട്ടിയുടെ വീട്

**നൂറ്റാണ്ടുകളുടെ ചരിത്രപാരമ്പര്യമുള്ള മനോഹരശിൽപ്പങ്ങളാണ് അവർ മെനയുന്നത്. പക്ഷെ ശിൽപ്പികളുടെ ജീവിതമാകട്ടെ കൊടിയ ദാരിദ്ര്യത്തിന്റെയും ഗതികേടിന്റെയുമാണ്. ബംഗാളിലെ ദോക്രാശില്പികളുടെ ഗ്രാമത്തിലൂടെ ഒരു യാത്ര.**

വളരെ തണുപ്പുള്ള ഒരു പൗഷ മാസത്തിലാണ് ഞാനും എന്റെ ജീവിതത്തിലെ സഹയാത്രികനായ സജിത്തും ശാന്തിനികേതനിലെത്തിയത്. സജിത്തിന്റെ (സജിത്ത് അന്ന് തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽ ചിത്രകലാ അധ്യാപകനാണ്) രണ്ടുമാസത്തെ ഔദ്യോഗിക ആവശ്യവുമായി ബന്ധപ്പെട്ട ഒരു യാത്ര. ടാഗോറിന്റെ ആ സ്വച്ഛഭൂമി അവിസ്മരണീയമായ അനേകം അനുഭവങ്ങളെ സൂക്ഷിച്ചുവെച്ചിരിക്കുന്നു. വംഗഭൂമിയുടെ നിഗൂഢവശ്യ പ്രകൃതിയെക്കുറിച്ചും ബിഭൂതിഭൂഷണും ടാഗോറും ആശാപൂർണ ദേവിയും ജിബനാനന്ദദാസും റേയും ഘട്ടക്കും സൃഷ്ടിച്ച തീവ്ര വാങ്മയങ്ങൾ എത്ര യാഥാർഥ്യമായിരുന്നു എന്നാണ് ഞാനവിടെ കണ്ടത്. അതുകൊണ്ടുതന്നെ ഉരുളൻ കല്ലുകൾ നിറഞ്ഞ വഴികൾ, നിശ്ചല തടാകങ്ങൾ, ഭൂതബാധിതരെപ്പോലെ ആടിയുലയുന്ന മുളങ്കാടുകൾ, വിശാല ഗംഭീരമായ മൈതാനങ്ങൾ, ഉറവിടമറിയാതെ പെട്ടെന്ന് കേട്ടുതുടങ്ങുന്ന വന്യമായ പാട്ടുകൾ, ഒറ്റപ്പെട്ട മനുഷ്യർ എല്ലാം വളരെ പരിചിതവും അതിപ്രിയവുമായി തോന്നി. കണ്ടുമുട്ടുന്ന മനുഷ്യരെല്ലാം വായിച്ചറിഞ്ഞ കഥാപാത്രങ്ങൾ പോലെ ആത്മബന്ധുക്കൾ.

ശാന്തിനികേതനിലെത്തുന്ന ഏതൊരു സഞ്ചാരിയും പോകുന്ന ഇടങ്ങളിലെല്ലാം ഞങ്ങൾ പലവട്ടം സഞ്ചരിച്ചു. മഞ്ഞ പൂക്കൾ വഴിനീളെ വീണുകിടക്കുന്ന അമർ കുടീരിലേക്കുള്ള വഴിയിലൂടെ സൈക്കിൾ യാത്ര, കൊപ്പായി നദിക്കരയിലെ സൂര്യാസ്തമയം, ടാഗോറിന്റെ വീട്, സന്താൾ ഗ്രാമത്തിലെ രാത്രിയും അവരുടെ തനത് സത്ക്കാരവും നൃത്തവും ബാവുലുകളുടെ കൂടെ സംഗീതത്തിൽ നിന്നും സംഗീതത്തിലേക്ക് ചോർന്നുപോകുന്ന രാപകലുകൾ, കരിങ്കൽ ശിൽപ്പങ്ങൾ നിറഞ്ഞ താന്ത്രിക ക്ഷേത്രങ്ങൾ, ബിഷ്ണുപൂരിലെ ടെറാക്കോട്ടാ ക്ഷേത്രം, നിറങ്ങളുടെ, രുചിയുടെ പൗഷ് മേള, എല്ലാം പലവട്ടം തൊട്ടനുഭവിച്ചുകഴിഞ്ഞിരുന്നു. ജനുവരി തണുപ്പ് ഇരവും പകലും നായക്കുട്ടിയെപ്പോലെ ഉരുമ്മിയും ഉമ്മവെച്ചും കൂടെയുണ്ടായിരുന്നു. അങ്ങനെ ഒരു പ്രഭാതത്തിൽ ബിഷ്ണുപൂരിലെ ടെറാക്കോട്ടാ ക്ഷേത്രത്തിൽ നിന്നും മടങ്ങിവരുമ്പോൾ അതിനടുത്തായി ദോക്രാ എന്ന പാരമ്പര്യ കലാരൂപങ്ങളുണ്ടാക്കുന്ന ശിൽപ്പികളുടെ ഒരു ഗ്രാമമുണ്ടെന്നറിഞ്ഞു. ദോക്രാ എന്നത് അതിപുരാതനമായ ഒരു കലാശിൽപ്പ പാരമ്പര്യമാണ്. ഏകദേശം നാലായിരം വർഷം പഴക്കമുള്ള പുരാതനമായ

ഒരു സംസ്കാരത്തിന്റെ ഉണ്മ ഒട്ടും ചോർന്നുപോകാത്ത ലാവണ്യാനുഭവമാണ്. ശാന്തിനികേതനിൽ വഴിവക്കിൽ എന്നും അതിസുന്ദരങ്ങളായ വെങ്കല ആഭരണങ്ങളും ദോക്രാ ശിൽപ്പങ്ങളും വിൽപ്പനയ്ക്കു കാണുകയും അതിന്റെ ഭംഗിയിൽ മതിമറന്ന് ഓരോ തവണയും പേഴ്സ് കാലിയാക്കുകയും ചെയ്തു പോകാറുണ്ട്. ഇടയ്ക്ക് ഒരു ദിവസം വിൽപ്പനക്കാരനോട് ഞാൻ ചോദിച്ചു: "ഇതൊക്ക എവിടെയാണ് ഉണ്ടാക്കുന്നത്?" അയാൾ പുറകിലുള്ള വഴിയുടെ വിദൂരതയിലേക്ക് വിരൽ ചൂണ്ടി. വിജനമായ ഒരു വഴിത്താരയും വലതുവശത്തായി പുൽമേടിനാൽ ചുറ്റപ്പെട്ട ഒരു കുളവും മാത്രമാണ് ഞാൻ കണ്ടത്. അതുകൊണ്ടാണ് ദോക്ര ശിൽപ്പികളുടെ ഗ്രാമത്തിലേക്ക് അൽപ്പം അന്വേഷണ ബുദ്ധിയോടെ ഞങ്ങൾ പുറപ്പെട്ടത്.

## ലാവണ്യരൂപങ്ങൾ സൃഷ്ടിക്കുന്ന ദുരിതമൂർത്തികൾ

കുറേ അലച്ചിലിനൊടുവിൽ ഞങ്ങൾ ശിൽപ്പികളുടെ ആ ഗ്രാമത്തിലെത്തി. ഒരു വളച്ചുകെട്ടിനെയാണ് ഗ്രാമം എന്നു വിളിക്കുന്നത്. അതിനകത്ത് കാലെടുത്തു വെച്ച മാത്രയിൽ ഞാൻ അനങ്ങാനാകാതെ നിന്നുപോയി. അടുത്ത ക്ഷണത്തിൽ തിരിച്ചുപോകാൻ പറ്റുമെങ്കിൽ പറന്നുപോകാൻ ഞാൻ ശക്തിയായി ആഗ്രഹിച്ചു. അത്ര മാത്രം ദുസ്സഹമായിരുന്നു വളച്ചുകെട്ടി പുറംലോകത്തുനിന്നും വേർതിരിച്ചു നിർത്തിയിരുന്ന കുടിലുകളുടെ സ്ഥിതി. അത്ര കൊടിയ ദാരിദ്ര്യത്തിന്റെ, ദുർഭിക്ഷതയുടെ, വേദിയുടെ, ഗതികേടിന്റെ ഒരിടം ഞാനെന്റെ ഏറ്റവും കെട്ട സ്വപ്നങ്ങളിൽ പോലും കാണാൻ ധൈര്യപ്പെടില്ല. ശൂന്യമായ ഒരിടത്ത് അത്യന്തം ശൂന്യമായ കുടിലുകൾ. അതിനുമുന്നിൽ അൻപതോളം ദുരിത രൂപങ്ങൾ. അവർ കുനിഞ്ഞിരുന്നു പണിയുകയാണ്. എല്ലും തോലുമായ

**ദോക്രാ എന്നത് അതിപുരാതനമായ ഒരു കലാശിൽപ്പ പാരമ്പര്യമാണ്. ഏകദേശം നാലായിരം വർഷം പഴക്കമുള്ള പുരാതനമായ ഒരു സംസ്കാരത്തിന്റെ ഉണ്മ ഒട്ടും ചോർന്നുപോകാത്ത ലാവണ്യാനുഭവമാണ്. ശാന്തിനികേതനിൽ വഴിവക്കിൽ എന്നും അതിസുന്ദരങ്ങളായ വെങ്കല ആഭരണങ്ങളും ദോക്രാ ശിൽപ്പങ്ങളും വിൽപ്പനയ്ക്കു കാണുകയും അതിന്റെ ഭംഗിയിൽ മതിമറന്ന് ഓരോ തവണയും പേഴ്സ് കാലിയാക്കുകയും ചെയ്തു പോകാറുണ്ട്.**

സ്ത്രീകൾ, പുരുഷന്മാർ. ശ്വസിക്കുന്നുണ്ടോയെന്നു നോക്കാൻ ധൈര്യം തോന്നാത്തരീതിയിൽ പരിക്ഷീണിതരായ കുഞ്ഞുങ്ങൾ. അതിഥികൾ വന്നുവെന്നറിഞ്ഞിട്ടും ആർക്കും ഒരു ഉത്സാഹവുമില്ല. ശിൽപ്പങ്ങളെപ്പോലെയുള്ള കാഴ്ചവസ്തുക്കൾ. അകത്തേക്ക് കയറിയാൽ കൂടുതലെന്താകും കാണുകയെന്നു ചിന്തിച്ച് അതിദ്രുതം പ്രാണൻ പിടഞ്ഞുകൊണ്ടിരുന്നു. എല്ലാ കുടിലുകൾക്കു മുൻപിലിരുന്നും മെലിഞ്ഞുണങ്ങിയ മനുഷ്യർ അവരേക്കാൾ മെലിഞ്ഞുണങ്ങിയ ചില രൂപങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ ആ രൂപങ്ങളൊന്നും അതിന്റെ സ്രഷ്ടാക്കളെപ്പോലെ കൊടിയ സങ്കടങ്ങൾ സഹിച്ച് ഭീകരമായ നിസ്വത മുഖമായി തീർന്നവരല്ല. ആ സൃഷ്ടികളിലെല്ലാം ആഹ്ലാദവും സംതൃപ്തിയും രതിയും പ്രണയവും വാത്സല്യവും ശാന്തിയും നിറഞ്ഞിരിക്കുന്നു. അവരെല്ലാം പ്രാക്തനമായ ഏതോ പൂർവസ്ഥലികളിൽ കുടികൊള്ളുന്നു. അവർ കുട്ടികളെ പാലൂട്ടി, വേട്ടയ്ക്കു പോയി വലിയ നരിയെ പിടിച്ചു, കുഴലൂതി, ആനന്ദംകൊണ്ട് നൃത്തം ചെയ്തു, മൃഗങ്ങളെ ഓമനിച്ചു, പ്രകൃതിയിൽ നിന്ന് ഒട്ടുമകലെയല്ലാത്തതുകൊണ്ട് നൈസർഗികമായ ആനന്ദത്തിനുടമകളായി. എന്നാൽ ശിൽപ്പികളുടെ മുഖത്ത് ചെറിയ ചിരിപോലുമില്ല. അവർ യന്ത്രങ്ങൾ പോലെ ലോകം വിലമതിക്കുന്ന, പല കലാസ്നേഹികളും സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഭാരതത്തിന്റെ അഭിമാനമായ ഒരു തനതു കലാരൂപത്തിന് കാവലാളുകളായി


ദോക്രാശിൽപ്പങ്ങൾ വില്പനയ്ക്ക്



ബ്രഹ്മവൃത്തിചെയ്യുകയാണ്. ഈ ദൃശ്യത്തിന് പശ്ചാത്തല സംഗീതം പോലെ ഒരു ചെറിയ കുട്ടി ഒരു പിടി ചോറിനൊപ്പം കഴിക്കാൻ അമ്മയോട് ഒരു പച്ചമുളക് ചോദിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നു. അമ്മ അവനെ വല്ലാതെ ശകാരിച്ചു. അച്ഛൻ ഒന്നും ശ്രദ്ധിക്കുന്നില്ല. അയാൾ ഒരു നർത്തകനെ മെനയുകയാണ്. അയാൾ ഉപയോഗിക്കുന്ന ലോസ്റ്റ് വാക്സ് കാസ്റ്റിങ് എന്ന കലാസാങ്കേതികതയ്ക്ക് നാലായിരം വർഷത്തെ പാരമ്പര്യമുണ്ട്. ആ സാങ്കേതികതയെക്കുറിച്ച് ചോദിച്ച സജിത്തിനോട് അവർ അതെങ്ങനെയാണ് ചെയ്തതെന്ന് അയാൾ ഒരു അധ്യാപകന്റെ ആധികാരികതയോടെ, ആത്മാർഥതയോടെ വിശദീകരിച്ചുതന്നു. എല്ലാ ചോദ്യങ്ങൾക്കും സൗമ്യമായി ക്ഷമയോടെ മറുപടി പറഞ്ഞു. എല്ലാ കുട്ടികളുടെയും മുമ്പിൽനിന്ന് പുതിയ സുന്ദര ശിൽപ്പങ്ങൾ, ആഭരണങ്ങൾ എല്ലാം പിറവിയെടുക്കുന്നു. ഉപാസനയുടെ അവധാനതയോടെ നിശബ്ദരായി ആണും പെണ്ണും പണിയുകയാണ്. ദുരിതമൂർത്തികൾ പണിയുന്ന ലാവണ്യരൂപങ്ങൾ അവയുടെ വെങ്കല മിഴികൾ ഉയർത്തി തങ്ങളുടെ സ്രഷ്ടാവിനെ ശ്രദ്ധിച്ചു കാണുന്നുണ്ട്. ഇടനിലക്കാരാൽ അങ്ങേയറ്റം ചൂഷണം ചെയ്യപ്പെട്ട ഒരു സമൂഹം. മോഹൻജദാരോവിൽ നിന്നും കണ്ടെടുത്ത ഡാൻസിങ് ഗേൾ എന്ന മനുഷ്യാഭിമാനത്തിന്റെ സംസ്കാരത്തിന്റെ പ്രതീകമായ ശിൽപ്പത്തിന്റെ സ്രഷ്ടാവിന്റെ പിൻമുറക്കാർ. അവരുടെ ഈ സൃഷ്ടികൾ എത്ര വമ്പൻ സമുച്ചയങ്ങൾ അലങ്കരിക്കുന്നു.

## ദീദീ എനിക്ക് പൈസവേണ്ട

പറയാൻപറ്റാത്ത വേദനയോടെ അവർ പണിയുന്നത് ഞങ്ങൾ കണ്ടുകൊണ്ടിരുന്നു. കയ്യിലുള്ള പൈസയ്ക്ക് മുഴുവൻ ശിൽപ്പങ്ങൾ വാങ്ങാൻ തീരുമാനിച്ചു. അതുമാത്രമേ നമുക്ക് ചെയ്യാൻ കഴിയൂ. ഒരു സുന്ദരിയായ സ്ത്രീയുടെ ശിൽപ്പത്തിന് ഞാൻ വില ചോദിച്ചു. വളരെ മടിയോടെ പേടിച്ച് എന്തോ ക്രൂരകൃത്യം ചെയ്യുന്നതുപോലെ ശിൽപ്പി വില പറഞ്ഞു. "ദീദി 30 രൂപ" ഞങ്ങൾ ഞെട്ടിപ്പോയി. ഇത്രയും തന്നെയുള്ള ഒരു ശിൽപ്പം മൂന്നു വർഷം മുൻപ് ഒരു പ്രദർശനത്തിന് വാങ്ങിയത് വീട്ടിലിരിപ്പുണ്ട്. അന്ന് അതിനുകൊടുത്തത് 2700 രൂപ. എനിക്ക് എന്തുപറയണമെന്ന് അറിയാതെയായി. ഇവരുടെ ഈ ദയനീയാവസ്ഥയുടെ മുഴുവൻ കാരണവും ഞാനാണെന്നമട്ടിൽ വല്ലാത്ത ഒരു ഭാരം എന്നെവന്നു മൂടി. എന്തെങ്കിലും പറയാൻ തുടങ്ങുന്നതിനുമുമ്പ് പൊടുന്നനെ പുറകിൽ നിന്ന് ഒരു സ്ത്രീ ശബ്ദം കേട്ടു. "ഭയ്യാ 12 രൂപയ്ക്ക് തരുമോ?" ഞാൻ തിരിഞ്ഞുനോക്കി. സജിത്തിന്റെ അതേ ഔദ്യോഗിക ആവശ്യത്തിന് ശാന്തിനികേതനിലെത്തിയ ചിത്രകലാ അധ്യാപിക. ഡൽഹിയിലെ ഏറ്റവും പ്രശസ്തമായ ഫൈൻ ആർട്സ് കോളേജിലെ പ്രൊഫസർ. അവർ പൊരിഞ്ഞ വിലപേശൽ തുടർന്നു. "12 രൂപ തന്നെ കൂടുതലാണ്. നിങ്ങൾക്ക് ഇവിടെയിരുന്ന് വിറ്റാൽ പോരെ. ഇതൊരു കുടിൽ വ്യവസായമല്ലേ? കമ്പനിയൊന്നുമല്ലല്ലോ? പ്രദർശനമല്ലല്ലോ?" അവർ വാദിച്ചു മുന്നേറുകയാണ്. ശിൽപ്പിയുടെ കണ്ണുകൾ കത്തുന്നു. അപമാനം കൊണ്ടോ അവജ്ഞകൊണ്ടോ നിസ്സഹായതകൊണ്ടോ എന്നറിയില്ല. അയാൾ പറഞ്ഞു: "ദീദി ഇത് നിങ്ങൾ എടുത്തോളൂ. എനിക്ക് പൈസ വേണ്ട." "എനിക്ക് വെറുതെയൊന്നും വേണ്ട. ഇതാ 12 രൂപ. ബാക്കി തരൂ" അവർ 20 രൂപയുടെ നോട്ട് നീട്ടി. അയാൾ ചിരിച്ചു. ഒന്നും പറഞ്ഞില്ല. ആ ശിൽപ്പം ഒരു കടലാസ്സിൽ പൊതിഞ്ഞ് അവർക്ക് നൽകി. വിലവാങ്ങാൻ അയാളുടെ കരം പൊങ്ങിയില്ല. കുനിഞ്ഞ് തന്റെ ജോലി തുടർന്നു. ചിത്രകലാ അധ്യാപിക വിജയഭാവത്തിൽ ഞങ്ങളെ നോക്കി പറഞ്ഞു "എന്റെ മകൾക്ക് ദോക്രാ ആർട് പീസിന്റെ വലിയ കളക്ഷനുണ്ട്. അവൾക്ക് കൊടുക്കും. ഹാപ്പിയാകും". എനിക്ക് ഭയങ്കരമായി മനംപുരട്ടി. അതടക്കാൻ ശ്രമിച്ചത് ചിരിയാണെന്നവർ ധരിച്ചുകാണും.

വാങ്ങാൻ കഴിയുന്നത്ര ശിൽപ്പങ്ങൾ വാങ്ങി പുറത്തുകടന്നപ്പോൾ ഞാനൊരു കാഴ്ചകൂടി കണ്ടു. വളരെ അവശയായ ഒരു പെൺകുട്ടി കുടിലിൽ നിന്ന് പുറത്തേക്കു വരുന്നു. വൃത്തികെട്ട ഒരു സാരി ചുറ്റിയിരിക്കുന്നു. അവൾ നേരെ വന്ന് അച്ഛന്റെ അടുത്തിരുന്ന് ഒരു ശിൽപ്പത്തിന്റെ മുടിയുണ്ടാക്കാൻ തുടങ്ങി. അപ്പോൾ അവളുടെ അമ്മ പറഞ്ഞു "അകത്തു പോ, ഇപ്പോൾ ഒന്നും ചെയ്യണ്ട" അവളൊന്നും പറഞ്ഞില്ല. പണി തുടങ്ങി. അമ്മ എന്നോട് പറഞ്ഞു. അവൾക്ക് രണ്ടു ദിവസം പ്രായമായ കുഞ്ഞുണ്ട്. പിന്നീട് അവരും തന്റെ ശിൽപ്പം പൂർത്തിയാക്കാൻ തുടങ്ങി. കുട്ടികൾ കരയുന്ന ശബ്ദം. പിന്നെ ശിൽപ്പികളുടെ, ശിൽപ്പങ്ങളുടെ, പ്രേതമൗനം.

പിന്നീട് ഈ ഗ്രാമം അതിന്റെ എല്ലാ ദുരിതക്കാഴ്ചകളോടെയും ഓർമിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ചില അഭൗമ സുന്ദരമായ ദൃശ്യങ്ങൾ കണ്ടശേഷം പിന്നീട് ഓർക്കുമ്പോൾ അത് ഭൂമിയിൽ നിന്ന് പത്തടി മുകളിൽ നിൽക്കുന്ന ഒരിടമാണെന്ന് തോന്നും. ഈ സ്ഥലവും അങ്ങനെതന്നെയാണ് ഓർമയിൽ. കറുത്ത കഷ്ടതകൊണ്ട് ഭൂമിക്ക് പതിനഞ്ചടി മുകളിലെവിടെയോ തന്നെയാവണം സുന്ദര ശിൽപ്പങ്ങൾ ജനിക്കുന്ന ഈ നരകവും ഉള്ളത്. ■

■ പി.കെ. ശങ്കരൻകുട്ടി

# സിവിൽ സർവീസ് അക്കാദമി ഉത്തുംഗ ശ്രേണികളിലേക്കൊരു ചവിട്ടുപടി




തിരുവനന്തപുരത്തെ സിവിൽസർവീസ് അക്കാദമി കാമ്പസ്

അഖിലേന്ത്യാതലത്തിൽ സിവിൽ സർവീസ് പരീക്ഷാവിജയികളിൽ കേരളത്തിന്റെ പ്രാതിനിധ്യം തീരെ കുറഞ്ഞുവന്ന സാഹചര്യത്തിലായിരുന്നു 2005 ൽ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യുക്കേഷന്റെ കീഴിൽ തിരുവനന്തപുരത്ത് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി പ്രവർത്തനം തുടങ്ങിയത്. തുടക്കത്തിൽ തന്നെ ഏഴു പേരെ സിവിൽ സർവീസിലെത്തിച്ച ഈ സ്ഥാപനം വർഷം തോറും വിജയികളുടെ എണ്ണം ഗണ്യമായി വർധിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ മികച്ച സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിലൊന്നായി മാറിയിരിക്കുന്നു.

2010-11 ൽ വിജയികളുടെ എണ്ണം 33 ആയിരുന്നത് 2011-12 ൽ 36 ആയി ഉയർന്നു. 2012-13 ലെ വിജയികളുടെ എണ്ണം 41 ആണ്. അക്കാദമിയുടെ ആരംഭത്തിന് തുടക്കം കുറിച്ചത് ഡോ. കെ. മോഹൻദാസ് ഐ.എ.എസ്. ആണ്. ഡോ. ഡി. ബാബുപോൾ മെന്റർ എമിററ്റസായി ആദ്യം മുതലേ ഈ സ്ഥാപനത്തിലുണ്ട്. അദ്ദേഹത്തിന്റെ ഉപദേശവും മേൽനോട്ടവും അക്കാദമിക്കു ലഭിച്ചുവരുന്നു.

ഇവിടെ പഠിച്ച് പ്രിലിമിനറി പരീക്ഷ ജയിക്കുന്നവർക്കും ഇതര സ്ഥാപനങ്ങളിൽ പഠിച്ച് പ്രിലിമിനറി ജയിച്ചുവരുന്ന എല്ലാ മലയാളികൾക്കും തുടർ പഠനം സൗജന്യമാണ്. മെയിൻ പരീക്ഷയ്ക്കും തുടർന്നുവരുന്ന കോച്ചിങ്ങിനും അവർ ഫീസ് നൽകേണ്ടതില്ല. സമഗ്രമായ രീതിയിലാണ് ഇന്റർവ്യൂ പരിശീലനം സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിലും സിവിൽ സർവീസ് അക്കാദമിയിലുമായി നടക്കുന്ന മാതൃകാ അഭിമുഖ മേളയിൽ സിവിൽ സർവീസിൽ സേവനമനുഷ്ഠിക്കുന്നവരും റിട്ടയർ ചെയ്തവരുമായ ഉന്നത വ്യക്തികൾക്കൊപ്പം വിദ്യാഭ്യാസവിചക്ഷണരും

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായ പ്രശസ്ത വ്യക്തികളാണ് പങ്കെടുക്കുന്നത്. മെയിൻ പരീക്ഷയിൽ വിജയം കൈവരിച്ച എല്ലാ സിവിൽ സർവീസ് കാംക്ഷികൾക്കും ആഴ്ചകൾ നീളുന്ന മാതൃകാ അഭിമുഖ പരിശീലനം നടത്തിവരുന്നു. വിദ്യാർഥികളെ ഒരുമിച്ചിരുത്തിയും മാതൃകാ അഭിമുഖം നടത്തുന്നുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള ചോദ്യങ്ങൾ എല്ലാവർക്കും ശ്രദ്ധിക്കാൻ കഴിയുന്നതും തങ്ങളുടെ ന്യൂനതകൾ സ്വയം മനസ്സിലാക്കി തിരുത്താൻ കഴിയുന്നതും ഇതുമൂലമുണ്ടാകുന്ന ഒരു നേട്ടമാണ്. ഇന്റർവ്യൂവിലൂടെ ലഭിച്ച വിജ്ഞാനവും അനുഭവസമ്പത്തും നിർഭയത്വവും തിളക്കമാർന്ന വിജയത്തിന് ഹേതുവായിട്ടുണ്ട്. അക്കാദമിയുടെ അഡോപ്ഷൻ സ്കീം അനുസരിച്ച് ഇന്റർവ്യൂവിനും അനുബന്ധകാര്യങ്ങളിലും മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ഡൽഹിയിലേക്കും തിരിച്ചുമുള്ള യാത്രാസൗജന്യം, ഡൽഹിയിൽ കേരളാ ഹൗസിലെ താമസം, സൗജന്യ ഭക്ഷണം തുടങ്ങിയവയൊക്കെ നൽകുന്നുണ്ട്. 2014 മുതൽ ഇന്റർവ്യൂവിന് പങ്കെടുക്കാൻ ഡൽഹിയിലേക്കും തിരിച്ചുമുള്ള യാത്രവിമാനത്തിൽ സൗജന്യമാക്കിയിട്ടുമുണ്ട്.

എയർ കണ്ടീഷൻ സൗകര്യമുള്ള മികച്ച ഡിജിറ്റൽ ലൈബ്രറി ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. രാവിലെ എട്ടു മണി മുതൽ രാത്രി എട്ടു മണിവരെ ഇത് പ്രവർത്തിക്കും. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള അനവധി പത്രങ്ങൾ കൂടാതെ നാൽപ്പതോളം ആനുകാലികങ്ങളും ഇവിടെ വരുന്നുണ്ട്. അക്കാദമി സ്ഥിതിചെയ്യുന്ന ഒന്നേകാൽ ഏക്കറിലധികം വിസ്തൃതിവരുന്ന പ്രദേശത്ത് ആവശ്യത്തിന് കെട്ടിടങ്ങളില്ലായെന്നത് ഒരു ന്യൂനതയാണ്. ഇവിടെ എല്ലാ സൗകര്യങ്ങളോടും കൂടിയ അഞ്ച് നിലയുള്ള കെട്ടിടം പണിയാനുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി ആറു കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പട്ടത്ത് ചാരാച്ചിറയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇതര ജില്ലകളിൽ നിന്നും വരുന്ന വിദ്യാർഥികൾക്ക് പുതിയ കെട്ടിടത്തിൽ താമസസൗകര്യം കൂടി ലഭ്യമാക്കാൻ പരിപാടിയുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ ഒരു ഉപസ്ഥാപനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച് എന്ന പേരിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ഈശ്വരമംഗലത്ത് 2010 ൽ പ്രവർത്തനമാരംഭിച്ചു. ഇവിടെയും സിവിൽ സർവീസ് പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. ഇവിടുത്തെ ആകെ സീറ്റുകളിൽ 50 ശതമാനം മുസ്ലീം വിദ്യാർഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. അവർക്ക് കോഴ്സ് ഫീസും സൗജന്യമാണ്. മലബാർ മേഖലയിൽ നിന്നുള്ള ഉദ്യോഗാർഥികൾക്ക് സഹായകമാകുമാറ് പാലക്കാട് വിക്ടോറിയ കോളേജ് കാമ്പസിൽ അക്കാദമിയുടെ ഒരു പ്രാദേശിക കേന്ദ്രം കൂടി ഉടനെ പ്രവർത്തനമാരംഭിക്കുന്നുണ്ട്.

ഓരോ വർഷവും രണ്ട് ഘട്ടങ്ങളായാണ് പ്രിലിമിനറി പരീക്ഷയ്ക്കുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ജൂൺ ബാച്ചും നവംബർ ബാച്ചും. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ആറു മാസം നീണ്ടുനിൽക്കുന്ന റെഗുലർ ബാച്ചും ഒരു വർഷം നീണ്ടുനിൽക്കുന്ന വാരാന്ത്യ ബാച്ചുമുണ്ട്. വാരാന്ത്യ ബാച്ചിന്റെ തെരഞ്ഞെടുപ്പ് ജൂണിൽ മാത്രമേ നടത്തുകയുള്ളു. റഗുലർ ബാച്ചിൽ പഠിക്കുന്നവർക്ക് തിങ്കൾ മുതൽ വെള്ളിവരെയാണ് ക്ലാസ്സുകൾ. വീക്ക് എൻഡ് ബാച്ച് ശനി, ഞായർ ദിവസങ്ങളിൽ രാവിലെ ഒൻപതു മുതൽ വൈകുന്നേരം നാലുവരെയാണ്. ഇവ കൂടാതെ രണ്ടാം വർഷ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും മൂന്നാം വർഷ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുമായി രണ്ടു വർഷം നീണ്ടുനിൽക്കുന്ന ദ്വിവത്സര സിവിൽ സർവീസ് കോഴ്സും' നിലവിലുണ്ട്. ഈ പരിശീലന പരിപാടിയിൽ എല്ലാ ഞായറാഴ്ചകളിലും രണ്ടാമത് ശനിയാഴ്ചകളിലും 9.15 മുതൽ 4.15 വരെയാണ് ക്ലാസ്സ്. പ്രിലിമിനറി പരീക്ഷയിൽ വിജയികളാവുന്നവർക്ക് ജനറൽ സ്റ്റഡീസിൽ മെയിൻ പരീക്ഷയ്ക്കുള്ള റഗുലർ ക്ലാസ്സും കൂടാതെ ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതം ഐച്ഛിക വിഷയങ്ങൾക്കായി പ്രത്യേകം ക്ലാസ്സും സംഘടിപ്പിച്ചുവരുന്നു. കൂടാതെ 2013 അധ്യയന വർഷം മുതൽ ഏപ്രിൽ-മേയ് മാസങ്ങളിൽ സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയ്ക്കുള്ള ക്രാഷ് കോച്ചിങ് പരിപാടിയും കൂടാതെ ഒരു വർഷം നീണ്ടുനിൽക്കുന്ന സായാഹ്ന ക്ലാസുകളും നിലവിലുണ്ട്.



കുട്ടികളെ ഭാവിയിൽ സിവിൽ സർവീസിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് അവരുടെ സർവതോന്മുഖമായ ശേഷി വികസനത്തിനുവേണ്ടി ചില സമാന്തര കോഴ്സുകളും തിരുവനന്തപുരത്തെ സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യുക്കേഷനിലും പൊന്നാനിയിലെ ഉപകേന്ദ്രത്തിലും നടത്തിവരുന്നു. ഹൈസ്കൂൾ വിദ്യാർഥികൾക്കായി ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്, പ്ലസ് വൺ, പ്ലസ് ടു, ബിരുദതല വിദ്യാർഥികൾക്കായി സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് എന്നിവയാണവ. ഇവ കൂടാതെ പത്താം ക്ലാസ്സിലെ കുട്ടികൾക്ക് അഖിലേന്ത്യാതലത്തിലുള്ള സ്കോളർഷിപ്പ് പരീക്ഷയെഴുതാൻവേണ്ടിയുള്ള നാഷണൽ ടാലന്റ് സേർച്ച് എക്സാമിനേഷന്റെ പ്രിലിമിനറി പരീക്ഷയ്ക്കും മെയിൻ പരീക്ഷയ്ക്കുമുള്ള കോച്ചിങ് ക്ലാസ്സുകളുമുണ്ട്. വർഷം തോറും എൻജിനീയറിങ്, മെഡിക്കൽ പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷകളുടെ ഹ്രസ്വകാല ക്രാഷ് പരിശീലനവും നൽകിവരുന്നു. കൂടാതെ ബാങ്കിങ് സർവീസ് മേഖലയിലെ ക്ലർക്ക്, പ്രൊബേഷനറി ഓഫീസർ തുടങ്ങിയ തസ്തികകൾക്കും ഇവിടെ കോച്ചിങ് ക്ലാസ്സുകൾ നിലവിലുണ്ട്. സർവീസിലുള്ളവരും വിരമിച്ചവരുമായ മികച്ച കോളേജ് അധ്യാപകരും സിവിൽ സർവീസിലെ ഉയർന്ന ബ്യൂറോക്രാറ്റുകളും വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ പ്രഗത്ഭരുമാണ് വിവിധ വിഷയങ്ങളിൽ ഇവിടെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്.

അഖിലേന്ത്യ സിവിൽ സർവീസ് പരീക്ഷയിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉന്നതവിജയമാണ് കേരള സിവിൽ സർവീസ് അക്കാദമി ഇപ്പോൾ നേടിക്കൊണ്ടിരിക്കുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ധാരാളം വിദ്യാർഥികൾ ഇവിടെ പഠിക്കുന്നുണ്ട്.

എല്ലാ പേർക്കും സിവിൽ സർവീസ് ലഭിച്ചില്ലെങ്കിൽ കൂടി സായുധ സേനകളിലെ കമ്മിഷൻഡ് ഓഫീസർ, ഇൻകം ടാക്സ് ഓഫീസർ, സെയിൽടാക്സ് ഓഫീസർ, ഡെപ്യൂട്ടി കളക്ടർ, ബാങ്ക് പ്രൊബേഷനറി ഓഫീസർ, സി.ബി.ഐ. ഇൻസ്പെക്ടർ തുടങ്ങിയ ഉന്നത ശ്രേണികളിൽ ഇവിടെ പഠനം പൂർത്തിയാക്കിയവർക്ക് നിരന്തരം ജോലി ലഭിക്കുന്നുണ്ട്. ബാങ്ക് ക്ലർക്ക്, സെക്രട്ടറിയേറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട്, അഡ്വ. ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ അസിസ്റ്റന്റ് തസ്തികകൾ തുടങ്ങിയവയിലും ഇതര മേഖലകളിലും ഇവിടെ നിന്നും സമാഹരിക്കുന്ന ശേഷിയിലൂടെ ഉദ്യോഗാർഥികൾക്ക് ജോലി ലഭിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ■

# ഗാന്ധിജി വന്ന വഴിയിലൂടെ പുതുതലമുറ

മഹാത്മജി വെടിയേറ്റുവീണ സ്ഥലത്തെ രക്തപങ്കിലമായ മണ്ണ്, അദ്ദേഹം അന്തിയുറങ്ങിയ മുറി, ചമ്രംപടിഞ്ഞിരുന്ന മേശ, ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും സന്ദർശനത്തിന് സാക്ഷിയായ വീട്, ഗാന്ധിജിക്ക് ആട്ടിൻപാൽ പകർന്ന് നൽകിയ മുറ്റം. പാഠപുസ്തകങ്ങളിലൂടെ മാത്രം അറിഞ്ഞ ദൃശ്യങ്ങൾ നേരിൽ ദർശിച്ച സ്കൂൾ വിദ്യാർഥികൾക്കത് ജീവിതത്തിലെ അപൂർവ സൗഭാഗ്യമായി. അവരിൽ ചിലർ ഗാന്ധിജിയുടെ സന്ദർശന സാക്ഷികളായ സ്ഥലങ്ങൾ ഉചിതമായി സംരക്ഷിക്കപ്പെടാത്തതിന്റെ രോഷവും പ്രകടിപ്പിച്ചു. കോഴിക്കോട്ടെ ഗാന്ധിജിയുടെ സന്ദർശന സ്ഥലങ്ങളും സ്ഥാപനങ്ങളും വീണ്ടും കാണാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ 'ഗാന്ധിജിയെ കണ്ടെത്തൽ' യാത്രയായിരുന്നു കുട്ടികൾക്ക് ധന്യനിമിഷമായി മാറിയത്.

1920 ലും 1934 ലും ഗാന്ധിജി കോഴിക്കോട്ടെത്തിയപ്പോൾ തങ്ങിയ വെള്ളിമാട്കുന്ന് ജുവനൈൽ ഹോം അങ്കണത്തിലെ സേഠ് നാഗ്ജിയുടെ വസതിയിൽ നിന്നായിരുന്നു യാത്രയുടെ തുടക്കം. ഗാന്ധിജിയെ നേരിൽ കണ്ടവരിൽ ഇന്ന് ജീവിച്ചിരിക്കുന്ന അപൂർവം പേരിലൊരാളായ മുൻമന്ത്രി എം. കമലമാണ് യാത്ര ഫ്ളാഗ് ഓഫ് ചെയ്തത്. എം.കെ. രാഘവൻ എം.പി. ഉദ്ഘാടനം ചെയ്ത യാത്രാമംഗളയോഗത്തിൽ ജില്ലാ കളക്ടർ സി. ലത അധ്യക്ഷത വഹിച്ചു. എം. കമലത്തെ ഷാൾ അണിയിച്ച് ആദരിച്ചു.

ഗാന്ധിജിയുടെ മൂന്നാം സന്ദർശനം നടന്ന 1934 ൽ അദ്ദേഹമെത്തിയ മലാപ്പറമ്പിലെ ഗാന്ധി ആശ്രമത്തിലേക്കായിരുന്നു യാത്രാസംഘം പിന്നീട് പോയത്. ഇവിടെയൊരുക്കിയ ഗാന്ധിജിയുടെ ജീവിതത്തിലെ അപൂർവ നിമിഷങ്ങളുടെ ഫോട്ടോ പ്രദർശനം, ഗാന്ധിയൻ സാഹിത്യമേള, ചർക്ക എന്നിവ കുട്ടികളെ ഏറെ ആകർഷിച്ചു. പി.ഇ. സദാനന്ദനും ഡോ. ആർസുവും ഗാന്ധിജി ആശ്രമത്തിലെത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു.

അയിത്തോച്ചാടനത്തെക്കുറിച്ച് തന്റെ മൂന്നാം കോഴിക്കോട് യാത്രയിൽ മഹാത്മജി വിദ്യാർഥികളോട് സംസാരിച്ച മലബാർ ക്രിസ്ത്യൻ കോളേജിലെത്തിയ സംഘം അവിടെവെച്ച് ഗാന്ധി പ്രതിമയെ സാക്ഷിയാക്കി സാഹോദര്യ പ്രതിജ്ഞയെടുത്തു. പ്രിൻസിപ്പൽ ഡോ. പാവമണി മേരി ഗ്ലാഡിസ്, മാനേജർ രാഘവയ്യ, പ്രൊഫ. എം.സി. വസിഷ്ഠ് എന്നിവർ കുട്ടികളോട് സംസാരിച്ചു.

മാതൃഭൂമി പത്രമോഫീസിൽ സൂക്ഷിച്ച ഗാന്ധിജിയുടെ രക്തംപുരണ്ട മണ്ണ് കുട്ടികൾക്ക് വിസ്മയക്കാഴ്ചയായി. ഇവിടെ നടന്ന സ്വീകരണ യോഗത്തിൽ മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ, മാനേജിങ് എഡിറ്റർ പി.വി. ചന്ദ്രൻ, എഡിറ്റർ എം. കേശവമേനോൻ തുടങ്ങിയവർ സംസാരിച്ചു.

മലയാള പ്രദേശ് കോൺഗ്രസ് കമ്മിറ്റി ആസ്ഥാനമായിരുന്ന ചാലപ്പുറത്തെ വേർക്കോട്ട് ഹൗസിലെത്തിയ കുട്ടികളോട് യാത്രാസംഘത്തിലുണ്ടായിരുന്ന പി. ദാമോദരൻ ഒരുകാലത്ത് ദേശീയ പ്രസ്ഥാനത്തെ നിയന്ത്രിച്ചിരുന്നത് ഈ വീട്ടിൽ നിന്നായിരുന്നുവെന്നും ഗാന്ധിജിയുടെ മാത്രമല്ല ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും കാൽപ്പാടുകൾ പതിഞ്ഞ വീടാണിതെന്നും പറഞ്ഞപ്പോൾ കുട്ടികൾക്ക് ആഹ്ലാദവും അതോടൊപ്പം അഭിമാനവും തോന്നിയിരിക്കണം.

1934 ൽ കടപ്പുറത്തു നടത്തിയ പ്രസംഗത്തിന് മുന്നോടിയായി ഗാന്ധിജി സന്ദർശിച്ച സന്മാർഗദർശിനി വായനശാലയിൽ മഹാത്മജി ചമ്രം പടിഞ്ഞിരുന്ന മേശ ഭദ്രമായി സൂക്ഷിച്ചിരുന്നു. വായനശാലയുടെ അന്നത്തെ പ്രസിഡന്റ് എം. ചോയിക്കുട്ടി ഗാന്ധിജിക്ക് സമർപ്പിച്ച 101 രൂപയുടെ കിഴിയെക്കുറിച്ചുൾപ്പെടെ ലൈബ്രറിയുടെ ഇപ്പോഴത്തെ പ്രസിഡന്റ് കെ.പി. പ്രഭാകരൻ വിശദീകരിച്ചു. വായനശാലയ്ക്ക് തൊട്ടുമുന്നിൽ ഇന്നത്തെ പ്രൊവിഡൻസ് സ്കൂൾ അങ്കണത്തിൽ ശ്യാംജി സുന്ദർദാസിന്റെ പഴയ ഭവനവും കുട്ടികൾ സന്ദർശിച്ചു. 1921 ഓഗസ്റ്റ് 18 ന് ഗാന്ധിജി അന്തിയുറങ്ങിയത് ഈ വീട്ടിലായിരുന്നു.

ഗാന്ധിജി തന്റെ മൂന്നു സന്ദർശനങ്ങളിലും ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത കോഴിക്കോട് കടപ്പുറവും രക്തസാക്ഷി മണ്ഡപവും താണ്ടിയ സംഘം പിന്നീട് കേരള ഗാന്ധി കെ. കേളപ്പൻ 1924ൽ സ്ഥാപിച്ച പയ്യോളിക്കടുത്ത് പാക്കനാർപുരത്തെ ഗാന്ധി സേവാ സദനിലെത്തി. അന്ന് ഗാന്ധിജിക്ക് പാൽകുടിക്കാനായി രണ്ട് ആടുകളെ ഏർപ്പാട് ചെയ്തിരുന്നുവെന്നും അവയെ കറന്നത് ഈ മുറ്റത്തുവെച്ചായിരുന്നുവെന്നും കേളപ്പജിയുടെ അനന്തിരവൻകൂടിയായ തൈക്കണ്ടി കുഞ്ഞികൃഷ്ണൻ നായർ വിശദീകരിച്ചു. ഇവിടെ ഗാന്ധിജി അന്നു നട്ട തെങ്ങ് പ്രായാധിക്യത്താൽ ഉണങ്ങിപ്പോയ കാര്യവും അദ്ദേഹം സ്മരിച്ചു. ഗാന്ധിസദനം ക്ഷേമസമിതി സെക്രട്ടറി പി.പി. ഗോപാലൻ മാസ്റ്ററും സംസാരിച്ചു.

വിദ്യാർഥികളും ഗാന്ധിയന്മാരുമുൾപ്പെടെ 80 ഓളം പേരടങ്ങിയ സംഘം യാത്ര അവസാനിപ്പിച്ചത് ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിലായിരുന്നു. സർവോദയ സംഘത്തിന്റെയും സഫയർ സെൻട്രൽ സ്കൂളിന്റെയും സഹകരണത്തോടെയാണ് യാത്ര സംഘടിപ്പിച്ചത്.

**ഖാദർ പാലാഴി**
*ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്*

# വനിതാ കൂട്ടായ്മയിൽ തരിശുസ്ഥലങ്ങൾ കൃഷിയോഗ്യം

തരിശായ സ്ഥലങ്ങൾ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിന് കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വനിതാ സംഘകൃഷി ഗ്രൂപ്പുകൾ കർമപഥത്തിലെത്തി.

പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും ഒരേക്കർ സ്ഥലം വീതം കണ്ടെത്തി വിള ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. 12 ഏക്കർ തരിശു സ്ഥലം കണ്ടെത്തി കൃഷിയോഗ്യമാക്കി. തൊഴിലുറപ്പു പദ്ധതി പ്രകാരം 25 ഏക്കറിലേറെ സ്ഥലത്ത് കുടുംബശ്രീ ഗ്രൂപ്പുകൾ കൃഷി ചെയ്യുന്നുണ്ട്.

നാലു മുതൽ 10 വരെ അംഗങ്ങൾ ഉൾപ്പെടുന്ന ജെ.എൽ.ജി. ഗ്രൂപ്പുകളാണ് സംഘകൃഷി ചെയ്യുന്നത്. പാട്ടത്തിനും സ്വന്തമായുള്ള സ്ഥലങ്ങളിലുമാണ് കൃഷി. പഞ്ചായത്തിലെ 82 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിൽ 30 ഗ്രൂപ്പുകൾക്ക് കാർഷിക വായ്പ ലഭിച്ചു. ഒരു ഗ്രൂപ്പിന് ഒരു ലക്ഷം രൂപ വീതം 29 ഗ്രൂപ്പുകൾക്ക് 29 ലക്ഷം രൂപയും അവശേഷിക്കുന്ന ഗ്രൂപ്പിന് 80,000 രൂപയുമാണ് ലഭിച്ചത്. നബാർഡിൽ നിന്നും പലിശ സബ്സിഡി ലഭിക്കുന്നുണ്ട്. പലിശയുടെ അഞ്ചു ശതമാനത്തിൽ രണ്ടു ശതമാനം വ്യക്തിയും മൂന്നു ശതമാനം സർക്കാരും അടയ്ക്കുന്നു. കൂടാതെ നബാർഡിൽ നിന്നും ഇൻസെന്റീവായി ഓരോ ഗ്രൂപ്പിനും 2000 രൂപ വീതം ലഭിക്കുന്നു. ഇതിൽ 1000 രൂപ വീതം ലഭ്യമായിട്ടുണ്ട്.

വാഴ, മരച്ചീനി, ചേന, ചേമ്പ്, ഇഞ്ചി തുടങ്ങിയവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഗ്രൂപ്പുകൾക്ക് ഉത്പാദന, വിസ്തൃതി ബോണസുകൾ ലഭ്യമാകുന്നത് കൃഷി ചെയ്യുന്നതിന് ഏറെ സഹായകമാണ്. 2012-13 പദ്ധതി പ്രകാരം കുടുംബശ്രീ മിഷനിൽ നിന്നും ഉത്പാദന, വിസ്തൃതി ബോണസായി 1,75,977 രൂപ ലഭിച്ചു. ഗ്രൂപ്പുകൾക്ക് കൃഷിക്കാവശ്യമായ വിത്തും വളവും കൃഷി ചെയ്യാനാവശ്യമായ സഹായങ്ങളും നിർദേശങ്ങളും കൃഷിഭവൻ ലഭ്യമാക്കുന്നു.

സംഘകൃഷി ഗ്രൂപ്പുകളുടെ ഉത്പന്നങ്ങൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലും പൊതുവിപണികളിലും ഓണച്ചന്തകളിലുമാണ് വിപണനം നടത്തുന്നത്. കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി കർഷക സഹായകേന്ദ്രവും പ്രവർത്തിക്കുന്നു. കർഷകർക്കാവശ്യമായ ഉപകരണങ്ങളും യന്ത്രസാമഗ്രികളും ഇവിടെ ലഭ്യമാണ്. പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന എവർഗ്രീൻ ലേബർ ആർമിയുടെ പ്രവർത്തനവും പഞ്ചായത്തിന് ഏറെ സഹായകമാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ മഹിളാ കിസാൻ സശാക്തീകരണ പദ്ധതിയും നടപ്പാക്കുന്നു.

***ശക്തികുമാർ ആർ.***
*ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട*

എം. ശ്രീനാഥൻ

**പുതിയ പംക്തി ആരംഭിക്കുന്നു.**
**വാക്കിന്റെ കേൾക്കാക്കഥകളിലേക്കൊരു സഞ്ചാരം**

പദപാഠം

# വാക്കിന്റെ ചൊല്ലുവിളികൾ


ഓരോ വാക്കിനുമുണ്ട് ചരിത്രം; ഉത്ഭവവും പരിണാമവും പ്രയോഗസന്ദർഭങ്ങളും അർഥത്തിന്റെ അതിരുകളു മുൾക്കൊള്ളുന്ന ചരിത്രം. കാലക്രമേണ, വാക്കുകൾക്ക് അർഥ നഷ്ടമോ, ശോഷണമോ, വികാസമോ സംഭവിക്കും. ചിലത് മാറ്റമില്ലാതെ, അതിജീവിച്ചെന്നും വരാം. ഓരോ വാക്കിനും പ്രയോഗപരിസ്ഥിതിയുണ്ട്. ചില വാക്കുകൾ വംശ വർധനവിലൂടെ കൂടുതൽ സമൃദ്ധവും സജീവവുമാകുമ്പോൾ, ചിലത് അതായിതന്നെ നിലകൊള്ളും. മറ്റു ചിലവ നീരറ്റ് മൃതമാ കുന്നു. പിറവിയുടെയും അതിജീവനത്തിന്റെയും മുരടിപ്പിന്റെയും മരണത്തിന്റെയുമൊക്കെ കഥ ഓരോ വാക്കിനുമുണ്ട്. വാക്കുക ളുടെ സാമൂഹിക, സാംസ്കാരിക, ധൈഷണിക ചരിത്രസന്ദർഭ ങ്ങളുമായി കണ്ണിചേർത്ത് വാക്കിന്റെ ഉള്ളറ രഹസ്യങ്ങളിലേക്കുള്ള സഞ്ചാരമാണ് പദപാഠത്തിലുദ്ദേശിക്കുന്നത്.

വാക്കിൽ നിന്നാകാം തുടക്കം. സംസ്കൃതജന്യമാണ് വാക്കെ ങ്കിലും ദ്രാവിഡരൂപങ്ങളായ ചൊല്ലിനും മൊഴിക്കും സമാനമായും പ്രയോഗിക്കാറുണ്ട്. ശബ്ദം, ഭാഷ എന്നിവയുമായും സമാനാർഥ ബന്ധം വാക്ക് പങ്കിടുന്നുണ്ട്. എന്നാലും ഇവയൊക്കെത്തമ്മിൽ സമാനതയെക്കാൾ കൂടുതൽ അസമാനതയാണുള്ളത്. മലയാളി യുടെ ഭാഷാസങ്കല്പവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഇവ സംര ക്ഷിക്കുന്ന മൂല്യവ്യവസ്ഥയെന്തെന്ന അന്വേഷണമാണിവിടെ പദ പാഠം.

എന്താണ് വാക്ക്? മനുഷ്യന്റെ മുഖത്തു നിന്നും പുറപ്പെടുന്ന സാർഥകശബ്ദമെന്നാണ് ശബ്ദതാരാവലി വിചാരം. വാക്കിന്റെ വംശപ്പെരുമയും വായ്മൊഴി നിഷ്ഠമാണ് വാക്കെന്നത് ശരിവെക്കു ന്നു. വരമൊഴിയിലെ വാക്കാകട്ടെ, 'ശബ്ദ'മെന്നാണ് പണ്ഡിതമ തം. അർഥം കുറിക്കാനായി വർണങ്ങൾ കൂട്ടിച്ചേർത്തുണ്ടാകുന്ന അക്ഷരക്കൂട്ടമാണ് ശബ്ദം. ശബ്ദത്തിന്റെ ചാർച്ചക്കാരായ ശബ്ദ കോശവും ശബ്ദവിദ്യയും ശബ്ദയോനിയും ശബ്ദാർഥവുമൊ ക്കെചേർന്ന് ശബ്ദത്തെ വാക്കിന്റെ ലിഖിതരൂപമെന്നുറപ്പിക്കുന്നു. വാക്കും ശബ്ദവും കൂടാതെ 'പദ' വിചാരത്തിനും ഇവിടെ സ്ഥാന മുണ്ട്. പദം, 'കാൽച്ചുവട്' എന്നതിൽ നിന്ന് പദ്യത്തിന്റെ ഒരടി എന്നാകുമ്പോൾ 'പദ'ങ്ങൾ പദ്യത്തിന്റെ ഏകകങ്ങളായി മാറുന്നു. വേദസൂക്തങ്ങളിലെ പദങ്ങളെ പ്രകൃതി പ്രത്യയങ്ങളായി അഴിച്ച് അർഥം വ്യക്തമാകുന്ന രീതിയാണ് പ്രാതിശാഖ്യങ്ങൾക്കാധാരമാ യതെന്നും ഓർക്കാവുന്നതാണ്. പദകോശവും പദനിഷ്പത്തിയും പദനിരുക്തിയുമൊക്കെ ചേർത്ത് പദത്തെ വരമൊഴിയിലെ വാക്കായി ശബ്ദമായി പ്രതിഷ്ഠിച്ചു. പക്ഷെ, ശബ്ദമോ, പദമോ വാക്കിന്റെ പ്രയോഗ ഭൂമിക പങ്കിടുന്ന സമാനരല്ല. മൊഴിയുക യിൽ നിന്നും ചൊല്ലുകയിൽ നിന്നും ജന്യമായ മൊഴിയും ചൊല്ലും വാക്കിനും ഭാഷയ്ക്കും പര്യായമായി പ്രയോഗിക്കാറുണ്ടെങ്കിലും അവയും വാക്കിന്റെ പകരക്കാരല്ല. ഭാഷയെക്കുറിച്ചുള്ള മലയാ ളിയുടെ ആശയലോകം ഈ വാക്കുകളിലൂടെയാണ് വിന്യസിക്ക പ്പെട്ടിരിക്കുന്നതെന്നോർക്കുമ്പോൾ, അവയുടെ പൊരുളറിയേണ്ടത് നിർബന്ധമായിരുന്നു. കാലാകാലങ്ങളിലായി ഭാഷ സംബന്ധമായി നാം സൃഷ്ടിച്ചെടുത്ത സങ്കല്പങ്ങളുടെയും മനോഭാവത്തിന്റെയും സ്വഭാവമറിയാൻ ഈ വാക്കുകൾ ഉപകരിക്കും.

വരമൊഴി കേന്ദ്രിതമായ സമകാലീന മലയാളി മനസ്സിൽ നിന്ന് വ്യത്യസ്തമായ മനസ്സാണ് വായ്മൊഴി പാരമ്പര്യത്തിൽ നിലനിന്ന ത്. വാക്കും മൊഴിയും ചൊല്ലും വായ്മൊഴി പാരമ്പര്യത്തെയാണ് പ്രകടിപ്പിക്കുന്നത്. മലയാളി പിന്നിട്ട ചരിത്രാവസ്ഥയിൽ ഊറിയു റഞ്ഞ നൈതികതയാണിവ ഉൾക്കൊള്ളുന്നത്. വാക്കും മൊഴിയും സദാചാരത്തിന്റെ സത്യവചനങ്ങളായി നൈതികത നിലനിറുത്തു മ്പോൾ, നൈതികത ഉറപ്പുവരുത്തുന്ന അധികാര ശ്രമമായി 'ചൊല്ല്' മാറുന്നു.

വായ്മൊഴി മൂലധനമായിരുന്ന മലയാള സമൂഹം നൈതികത നിലനിർത്തിയതെങ്ങനെയെന്ന് വാക്കിന്റെ വംശചരിത്രത്തിലൂടെ വ്യക്തമാകുന്നു. മൂല്യനിധിയായ വാക്കിന്റെ വിനിമയത്തിൽ വിശ്വാ സമർപ്പിച്ചിരുന്ന ഒരു സമൂഹം ക്രയവിക്രയാധിഷ്ഠിതമായി 'വാക്കു കൊടുക്കലും' 'വാക്കുറപ്പിക്കലും' നടത്തിവന്നു. കന്യക, ധനം, വസ്തു എന്നിവ സംബന്ധിച്ചുള്ള ഉടമ്പടിയാണ് വാക്കുകൊടുക്കലും വാക്കുറപ്പിക്കലും. 'വാക്കുമാറുമ്പോൾ' വ്യക്തിത്വത്തിനും സ്വത്വ ത്തിനും നൈതികതയ്ക്കും സദാചാരത്തിനും മങ്ങലേല്ക്കുന്നു. പാലിക്കപ്പെടേണ്ട ഉടമ്പടിയാണെന്ന വിശ്വാസമാണിവിടെ വാക്ക്.



വാക്പടുതിയും വാക്ചാതുര്യവും വാഗ്ധാടിയുമുള്ള വാഗ്മിയെ തിരിച്ചറിയുന്നതിനൊപ്പം വാഗ്ജാലക്കാരെ കുറിച്ചുള്ള ധാരണയും മലയാളിക്കുണ്ടായിരുന്നു. 'വാക്കുരുൾച്ച' വാക്കിടലിനും വാക്കേറ്റത്തിനും വാക്കുതർക്കത്തിനും പലപ്പോഴും കാരണമാകാറുണ്ട്. വാക്ഫലത്തെക്കുറിച്ചും വാക്പാരുഷ്യത്തെക്കുറിച്ചുമുള്ള അറിവ് സദാചാരനിഷ്ഠയായി നല്ല വാക്കും ചീത്ത വാക്കും അതിരടയാളപ്പെടുത്താനും മലയാളിക്കു കഴിഞ്ഞു.

മൊഴി, വാക്കും ഭാഷയുമാണ്. എങ്കിലും സവിശേഷാർഥത്തിൽ ന്യായാധിപന് മുന്നിൽ വെച്ച് നൽകുന്ന മറുപടിയും തെളിവുപറയലുമാണ്. വാക്കുമാറ്റത്തിന് സമാനമായ മൊഴിമാറ്റം വാഗ്ദാനലംഘനത്തെ സൂചിപ്പിക്കുന്നു. മൊഴിമാറ്റത്തിന് വിവർത്തനമെന്ന അർഥം പിന്നീട് വന്നതാണ്. മൊഴിയിൽ നിന്ന് ചൊല്ലിലേക്കെത്തുമ്പോൾ വാക്കിന്റെ പര്യായത്തിൽ കവിഞ്ഞ പ്രയോഗപരിസരത്തിലേക്കാണ് നാം എത്തിച്ചേരുന്നത്. 'ചൊല്ലുക' വെറും പറച്ചിലല്ല. ഉപദേശിക്കുകയും ആജ്ഞാപിക്കുകയും വാഗ്ദാനം ചെയ്യലും ഉരുക്കഴിക്കലും, പാടലുമൊക്കെയാണ്. വാക്കിനും മൊഴിക്കും വ്യത്യസ്തമായി, അധികാരത്തിന്റെ പിൻബലത്തോടുകൂടിയാണ് 'ചൊല്ല്' നിലയുറപ്പിക്കുന്നത്. പഠിപ്പിക്കലും പറഞ്ഞുകേൾപ്പിക്കലും ഉപദേശിക്കലുമാണ് ചൊല്ലിക്കൊടുക്കുകവഴി ലക്ഷ്യമിടുന്നത്. പാടിപ്പാടി തെളിയുന്നതും പറഞ്ഞുപറഞ്ഞു നന്നാവുന്നതും ചൊല്ലിത്തെളിയലാവുമ്പോൾ ഉറക്കെ വായിച്ചു ഹൃദിസ്ഥമാക്കലാണ് 'ചൊല്ലി പഠിക്കൽ'. നിലവിലുള്ള സാമൂഹികഘടനയ്ക്കനുസൃതമായി അതിന്റെ പ്രതീക്ഷക്കനുസരിച്ച് പരുവപ്പെടുത്തുന്നതിനായി 'ചൊല്ല്' ഇവിടെ പ്രയോജനപ്പെടുന്നു.

ചൊല്ലിവിലക്കിന് ഊന്നൽ നൽകുന്ന മലയാളി 'ചൊല്ലിക്കൊട്, നുള്ളിക്കൊട്, തല്ലിക്കൊട്, തള്ളിക്കള' എന്ന നൈതികതയിൽ വിശ്വസിക്കുന്നു. ചൊല്ലിന്റെ അധികാര മുഖം കൂടുതൽ വ്യക്തമാകുന്നത് ചൊല്ലുവിളിയോടെ, ചൊൽക്കീഴിൽ, ചൊൽപ്പിടിയിൽ, ചൊല്ലുവേല ചെയ്യാൻ പോന്ന ചൊൽ വശന്മാർ വേണമെന്നതിലാണ്. ഇതൊക്കെ ഒരുകാലത്ത് ചൊല്ലുവിളിയായി കണക്കാക്കിയിരുന്നു.

ചൊല്ലിയാട്ടം ഇഷ്ടപ്പെടുന്ന മലയാളി ചൊല്ലുള്ളവരെ ആദരിക്കാനും ചൊല്ലാതെ ചൊല്ലാനും പഠിച്ചിരുന്നു. എങ്കിലും 'മൊഴി' ചൊല്ലലാവുമ്പോൾ പുരുഷകേന്ദ്രിതമായ സാമൂഹികതയെയാണ് പ്രീണിപ്പിക്കുന്നത്. അനുസരണയും നല്ല നടത്തവും 'മൊഴിവഴി'യിലൂടെ ഉറപ്പുവരുത്തുന്നവർക്കിടയിൽ 'മൊഴിചൊല്ലൽ' വിരോധാഭാസമാണ്. പ്രത്യേകിച്ചും മൊഴിമാറ്റവും വാക്കുരുൾച്ചയും അസാന്മാർഗികമെന്ന് വിശ്വസിക്കുന്നവർക്കിടയിൽ.


വാക്കിന്റെ വില നൈതികമായ സത്യമാണെന്ന വിശ്വാസമാണ് വായ് മൊഴി സമൂഹമായിരുന്നപ്പോൾ മലയാളി ആർജിച്ചത്. വരമൊഴിയുടെ തടവിൽ ജീവിച്ചുതുടങ്ങിയതോടെ, മലയാളിക്ക് നഷ്ടപ്പെട്ടതും ഈ വിശ്വാസം തന്നെ. അവിശ്വാസത്തിന്റെ കലവറയായിന്ന് വാക്കും വചനവും. വാക്കുകൊടുക്കലിൽ നിന്നും മാറി വാക്കുരുൾച്ചയും വാക്കുമാറ്റലും മൊഴിചൊല്ലലും തഴച്ച കാലം. ■





# യുലീസസ്

"ഞാൻ എന്താണ് അർഥമാക്കിയിരിക്കുന്നത് എന്നതിനെച്ചൊല്ലി തർക്കിച്ച് പ്രൊഫസർമാരെ നൂറ്റാണ്ടുകളോളം തിരക്കുള്ളവരാക്കി നിലനിർത്താൻ പാകത്തിന് നിരവധി പ്രഹേളികകളും ഗൂഢപ്രശ്നങ്ങളും ഞാനിതിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്. ഒരുവന്റെ അനശ്വരത ഉറപ്പുവരുത്താനുള്ള ഏകവഴി ഇതാണ്." യുലീസസ് എന്ന നോവലിനെക്കുറിച്ച് ജയിംസ് ജോയ്സ് പറഞ്ഞ വാക്കുകളാണിത്. അക്ഷരാർഥത്തിൽ അതിന്ന് യാഥാർഥ്യമായിരിക്കുന്നു. നോവൽ പ്രസിദ്ധീകരിച്ച 1922 മുതൽ ഇന്നുവരെയും വായനക്കാരുടെയും ഗവേഷകരുടെയും പ്രഹേളികയായി തുടരുകയാണ് ഇരുപതാം നൂറ്റാണ്ടിലെ ഈ പ്രതിഭാസം. ഇംഗ്ലീഷ് ഭാഷയിൽ തന്നെ ഈ പുസ്തകം സങ്കീർണതകൾ അവശേഷിപ്പിക്കുമ്പോൾ മലയാളത്തിൽ വിവർത്തനം ചെയ്യാൻ കഴിഞ്ഞു എന്നത് പരിഭാഷകനായ എൻ. മൂസക്കുട്ടിയെ വളരെ ഉയരങ്ങളിൽ എത്തിച്ചിരിക്കുന്നു. 1882 ഫെബ്രുവരി രണ്ടിന് അയർലണ്ടിലെ ഡബ്ളിനിൽ ജനിച്ച ജെയിംസ് ജോയ്സിന്റെ മുഴുവൻ പേര് ജെയിംസ് അഗസ്റ്റിൻ അലോഷ്യസ് ജോയ്സ് എന്നാണ്. 1941ൽ 58 ാം വയസ്സിൽ അന്തരിച്ചു.




കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച ഇതിന്റെ വില 1000 രൂപയാണ്. ആധുനിക ക്ലാസിക്കായ ഈ പുസ്തകം മലയാളിക്ക് പരിചിതമാക്കുന്നതിന് അക്കാദമി കാണിക്കുന്ന ആർജവം പ്രശംസനീയമാണ്. ഈ കർത്തവ്യം ഒരു നിയോഗം പോലെ ഏറ്റെടുത്ത് മൂന്നു വർഷത്തെ നിരന്തര പരിശ്രമം കൊണ്ട് മലയാളഭാഷയ്ക്ക് മറക്കാനാകാത്ത സംഭാവന നൽകിയ എൻ. മൂസക്കുട്ടിയും അഭിനന്ദനമർഹിക്കുന്നു. ■



# പുതിയ സർക്കാർ ഉത്തരവുകൾ



## വിദ്യാഭ്യാസ വായ്പ : റവന്യൂ റിക്കവറി മരവിപ്പിച്ചു

2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത മൂന്നുലക്ഷം രൂപവരെ വാർഷിക കുടുംബവരുമാന മുള്ള തൊഴിൽരഹിതരുടെ വായ്പയിന്മേലുള്ള എല്ലാ റവന്യൂ റിക്കവറി നടപടികളും മരവിപ്പിച്ച് ഉത്തരവായി. ആറുമാസത്തേക്കാണ് മോറട്ടോറിയം ഏർപ്പെടുത്തിയിരിക്കുന്നത്. ഈ കാലയളവിൽ വായ്പയെടുത്ത മൂന്ന് ലക്ഷം വരെ വാർഷികകുടുംബവരുമാനമുള്ള തൊഴിൽരഹിതർക്ക് പലിശ സബ്സിഡി അനുദിച്ച് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിലാണിത്.

ഉത്തരവ്: സ.ഉ (കയ്യെഴുത്ത്) നം. 48/2013/ആസൂത്രണ-സാമ്പത്തികകാര്യം. തീയതി 01/10/2013

## വിദ്യാഭ്യാസ വായ്പ പലിശയിളവ് സാക്ഷ്യപത്രത്തിൽ ഭേദഗതി

വിദ്യാഭ്യാസ വായ്പയ്ക്ക് പലിശയിളവ് നൽകിക്കൊണ്ടുള്ള 03-08-2013-ലെ ഉത്തരവ് പ്രകാരം ഇളവ് ലഭിക്കുന്നതിനായി അപേക്ഷകൻ ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ടായിരുന്നു. സാക്ഷ്യപത്രം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പകരം അപേക്ഷകൻ പഠിച്ച സ്ഥാപനത്തിൽനിന്നു മുൻപ് ലഭിച്ച കോഴ്സ് സർട്ടിഫിക്കറ്റ്/ട്രാൻസ്ഫർ സർട്ടിഫിക്കേറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിഗണിക്കേണ്ടതാണെന്ന് ഉത്തരവായി. പ്രസ്തുത സർട്ടിഫിക്കറ്റിൽ കോഴ്സ് പൂർത്തിയാക്കിയ മാസവും വർഷവും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെങ്കിൽ ആ മാസത്തിന്റെ അവസാനദിവസം കോഴ്സ് പൂർത്തിയാക്കിയതായി കണക്കാക്കാവുന്നതും സർട്ടിഫിക്കറ്റിന്റെ അസ്സൽ പരിശോധനയ്ക്ക് ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ സമർപ്പിക്കേണ്ടതുമാണ്.

ഉത്തരവ്: സ.ഉ (കയ്യെഴുത്ത് നം.53/2013/ആസൂത്രണം തീയതി: 24/10/2013

## വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവാഹ, പുനരധിവാസ പദ്ധതി

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവാഹവും പുനരധിവാസവും സംബന്ധിച്ച വ്യക്തമായ മാർഗനിർദേശങ്ങളടങ്ങിയ ആസൂത്രിതമായ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. ഒരു അനാഥാലയത്തിലെ കുട്ടി എന്ന നിലയിൽ പലവിധ പരിമിതികളും ഉള്ള അന്തേവാസിയെ കുടുംബജീവിതം നയിക്കാൻ പ്രാപ്തയാക്കി അനുയോജ്യമായ വിവാഹം നടത്തിക്കൊടുക്കുന്നതോടൊപ്പം തുടർവൈകാരികപിന്തുണ നൽകി കുടുംബജീവിതം സുരക്ഷിതമാക്കാൻകൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് വിശദമായ പദ്ധതി. കുട്ടികളുടെ വിവാഹത്തിനുമുമ്പ് വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

18 വയസ്സ് പൂർത്തീകരിച്ച പെൺകുട്ടികളിൽ വിവാഹം കഴിച്ചു കുടുംബജീവിതം നയിക്കാൻ താത്പര്യമുള്ളവരുടെ പട്ടിക ശേഖരിക്കണം. ഉത്തരവാദിത്വപ്പെട്ട ബന്ധുക്കൾ ആരെങ്കിലുമുള്ള പക്ഷം അവരുടെ സമ്മതവും തേടണം. എന്നാൽ ഈ തീരുമാനം കുട്ടിയുടെ തീരുമാനത്തിനും ഉത്തമതാത്പര്യത്തിനും വിരുദ്ധമാണെങ്കിൽ അത് പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. സ്ഥാപനം നടത്തുന്ന അന്വേഷണത്തിനുശേഷം പരസ്പര സമ്മതം ലഭിച്ചിട്ടുള്ള കുട്ടികൾക്കും നിയുക്ത വരന്മാർക്കുംവേണ്ടി വിവാഹപൂർവ കൗൺസലിങ് നടത്തണം. അന്തേവാസികളുടെ വിവാഹം നടത്തിക്കൊടുക്കുന്നത് ജില്ലാ കളക്ടർ

അധ്യക്ഷനായി നിയമിച്ചിട്ടുള്ള മേൽനോട്ട സമിതിയുടെയും ബന്ധപ്പെട്ട സ്ഥാപനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലായിരിക്കണം.

വിവാഹം കഴിഞ്ഞാലും ആ സ്ഥാപനത്തിലെ കുട്ടി എന്ന നിലയിൽ പ്രസ്തുത സ്ഥാപനം തുടർന്നും കുട്ടിയ്ക്ക് രക്ഷാകർതൃ പിന്തുണ പ്രത്യേകിച്ചും മാനസിക-വൈകാരിക പിന്തുണ നൽകാൻ ശ്രദ്ധിക്കണം. വിവാഹാനന്തരം വൈവാഹികപ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ ഇടപെട്ട് പരിഹരിക്കാൻ സ്ഥാപനം സന്നദ്ധമാകണം. നിയമപരമായ ആവശ്യകതകൾ ജില്ലാ മേൽനോട്ട സമിതിയുടെ ശ്രദ്ധയിൽ പെടുത്തണം. വിവാഹിതയുടെ ജീവിതസ്ഥിതി സമിതി വിലയിരുത്തേണ്ടതാണ്.

ഇത്തരത്തിൽ വിവാഹിതയാകുന്ന അന്തേവാസിക്ക് വിവാഹ ചെലവിനായി 50,000 രൂപ സർക്കാർ ധനസഹായം നൽകും. ഈ തുക വധുവിനുള്ള വസ്ത്രങ്ങൾ, താലിയും മാലയും, പാത്രങ്ങൾ എന്നിവകൾക്ക് മാത്രം ആവശ്യാനുസരണം ഉപയോഗിക്കണം.

ഉത്തരവ് : സ.ഉ.(എം.എസ്) നം. 79/2013/സാ.നീ.വ
തീയതി 03/10/2013

## ആനസ്ക്വാഡും ഫോറസ്റ്റ് സ്റ്റേഷനുകളും

വയനാട്ടിൽ ഒരു ആനസ്ക്വാഡും അഞ്ച് ഫോറസ്റ്റ് സ്റ്റേഷനുകളും അനുവദിച്ച് ഉത്തരവായി. ജില്ലയിൽ വനം വകുപ്പിന്റെ



പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കാനും ലക്ഷ്യമിട്ടാണ് നടപടി.

ഉത്തരവ് : സ.ഉ (എം.എസ്) നം. 88/2013/വനം,വന്യജീവി
തീയതി 25/09/2013

## ഏഷ്യൻ മീറ്റ് വിജയികൾക്ക് പാരിതോഷികം

മലേഷ്യയിലെ കോലാലംപൂരിൽ നടന്ന ഏഷ്യൻ സ്കൂൾ ട്രാക്ക് ആന്റ് ഫീൽഡ് ചാമ്പ്യൻഷിപ്പിലെ വിജയികളായ മലയാളികൾക്ക് പാരിതോഷികം അനുവദിച്ചു. സ്വർണമെഡൽ നേടിയവർക്ക് ഒരുലക്ഷം, വെള്ളിമെഡൽ 50,000, ഓട്ടുമെഡൽ 30,000, കോച്ചുകൾക്കും മാനേജർമാർക്കും 25,000 എന്നിങ്ങനെയാണ് പാരിതോഷികം.

ഉത്തരവ് : സ.ഉ (എം.എസ്) നം. 26/13/കാ.യു.വ
തീയതി 01/10/2013

## പൊക്കാളിനിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പൊക്കാളിനിലങ്ങളിൽ പരിസ്ഥിതി സൗഹൃദപരമായ ചെമ്മീൻ കൃഷി നടത്താൻ ഒരുകോടി രൂപയുടെ ഭരണാനുമതിയായി. ഒരുനെല്ലും മീനും പദ്ധതിയുടെ ഭാഗമായി 2013-14-ൽ 125 ഹെക്ടറിലാണ്



കൃഷി. ഏജൻസി ഫോർ ഡവലപ്മെന്റ് ഫോർ അക്വാകൾചർ, കേരള (അഡാക്)യ്ക്കാണ് നടത്തിപ്പുചുമതല. ഇടവിട്ടുള്ള നെല്ല്, ചെമ്മീൻ കൃഷിയിലൂടെ സുസ്ഥിര ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുക, പൊക്കാളിനിലങ്ങളുടെ ഉത്പാദനക്ഷമത വർധിപ്പിക്കുക, നെല്ല്, ചെമ്മീൻ ഉത്പാദനം കൂട്ടുന്നതിലൂടെ ചെറുകിട, നാമമാത്ര കർഷകരുടെ വരുമാനം വർധിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഉത്തരവ് : ജി.ഒ(ആർ.ടി) നം.833/2013/ഫിഷറീസ്
തീയതി 07/10/2013

## വാണിജ്യനികുതി ഇ-പേയ്മെന്റ് എട്ട് ബാങ്കുകൾക്ക് കൂടി അനുമതി

ഇ-പേയ്മെന്റിലൂടെ വാണിജ്യനികുതി ശേഖരിക്കാനായി താഴെപ്പറയുന്ന എട്ട് ബാങ്കുകൾക്കുകൂടി അനുമതി നൽകി ഉത്തരവായി. 1. കാനറ ബാങ്ക് 2. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ 3. ധനലക്ഷ്മി ബാങ്ക് 4. എച്ച്ഡിഎഫ്സി ബാങ്ക് 5. ഐസിഐസിഐ ബാങ്ക് 6. ഇൻഡസ് ഇൻഡ് ബാങ്ക് 7. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 8. യെസ് ബാങ്ക്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെ മുൻ ഉത്തരവുകൾ പ്രകാരം അനുമതി ലഭിച്ച 12 ബാങ്കുകൾക്ക് പുറമെയാണിത്.

ഉത്തരവ്: സ.ഉ (എം.എസ്) 180/2013/നികുതി
തീയതി: 24/10/2013

## നെല്ലിന്റെ സംഭരണവില വർധിപ്പിച്ചു

കർഷകരിൽനിന്ന് നെല്ല് സംഭരിക്കാനായി പൊതുവിതരണ വകുപ്പ് ഇപ്പോൾ നൽകിവരുന്ന 17 രൂപ 18 രൂപയായി വർധിപ്പിച്ചിരിക്കുന്നു.



ഉത്തരവ്: സ.ഉ(എം.എസ്) 47/2013/ഭക്ഷ്യ-പൊതുവിതരണം
തീയതി 24/09/2013

സഹകരണസ്ഥാപനങ്ങൾ മുഖേന സംഭരിക്കുന്ന നെല്ലിന്റെ സംഭരണവിലയും 17 രൂപയിൽനിന്ന് 18 രൂപയായി കൂട്ടിയിരിക്കുന്നു. പൊതുവിതരണ വകുപ്പ് നെല്ലിന്റെ സംഭരണവില വർധിപ്പിച്ച് ഉത്തരവ് പ്രകടിപ്പിച്ച സാഹചര്യത്തിലാണിത്.

ഉത്തരവ്: സ.ഉ (സാധാ.) സഹ. നം.641/2013
തീയതി: 05/10/2013

ഈ ഉത്തരവുകൾ www.kerala.gov.in ൽ ലഭ്യമാണ്

■ കവിത ഐ.

പെൺജീവിതം

# അൽഫോൺസച്ചന്റെ ഇന്ദ്രജാലങ്ങൾ



മുതുകിലെ ഭാണ്ഡക്കെട്ടിൽ ഉണങ്ങിയ പഴങ്ങളും കൽക്കണ്ടം മധുരത്തുണ്ടുകളുമായി അഫ്ഗാനിൽ നിന്നും വരുന്ന വെളുത്ത നീണ്ട താടിക്കാരൻ, തെരുവിൽ നിന്നും 'കാബൂളിവാലാ...' എന്ന വിളികളുയരുമ്പോൾ അച്ഛന്റെ എഴുത്ത് മേശയ്ക്കു പിന്നിൽ ഭയന്നൊളിക്കുന്ന കൊച്ചു മിനിക്കുട്ടി – ബാല്യത്തെക്കുറിച്ചോർക്കുമ്പോൾ ഇന്നും മനസ്സിൽ തെളിയുന്ന ചിത്രം ഇതാണ്. കാബൂളിവാലയുടെയും കൊച്ചു മിനിയുടെയും കഥ ഒരു മടുപ്പുമില്ലാതെ എത്രയോതവണ അച്ഛനെനിക്കുവേണ്ടി പറഞ്ഞു. അങ്ങനെ എത്രയെത്ര കഥകൾ! രാമായണവും മഹാഭാരതവും ഐതിഹ്യമാലയുമൊക്കെ എന്റെ ചെറിയ ലോകത്തേക്ക് നിറപ്പകിട്ടോടെ കടന്നുവന്നു. പിന്നീടെപ്പോഴോ വലിയവരുടെ വാരികകളിലെ കഥകളെക്കുറിച്ചും അച്ഛൻ പറഞ്ഞുതുടങ്ങി. 'ഭുജംഗയ്യന്റെ ദശാവതാരങ്ങളും', 'മയ്യഴിപ്പുഴയുടെ തീരങ്ങളു'മൊക്കെ അങ്ങനെ മനസ്സിൽപ്പതിഞ്ഞ പേരുകളാണ്.

പിന്നീടൊരിക്കൽ കാബൂളിവാലയെപ്പോലെ മറ്റൊരാൾകൂടി അത്ഭുതങ്ങളുടെ ഭാണ്ഡക്കെട്ടുമായി എന്റെ മനസ്സിൽ കുടിയേറി. മധുരമിഠായികളും ബലൂണുകളും ശൂന്യതയിൽ നിന്നു സൃഷ്ടിച്ച അൽഫോൺസച്ചൻ എന്ന ഇന്ദ്രജാലക്കാരൻ. മായാജാലത്തെക്കുറിച്ചുള്ള എന്റെ ആദ്യ അറിവും അതു തന്നെയാവണം. എം. മുകുന്ദനെന്ന എഴുത്തുകാരനെക്കുറിച്ച് അച്ഛൻ വാതോരാതെ പറഞ്ഞു. അക്കാലത്ത്, കലാകൗമുദിയിൽ 'ദൈവത്തിന്റെ വികൃതികൾ' പ്രസിദ്ധീകരിച്ചു വരികയായിരുന്നു. നമ്പൂതിരിയുടെ വയറുവീർത്ത പൊണ്ണത്തടിയൻ അൽഫോൺസച്ചൻ വാരികയുടെ പേജുകളിൽ ആകാശത്ത് പറന്നുനടന്നു. മായാജാലക്കാഴ്ചകളെക്കുറിച്ച് തിരഞ്ഞുവായിച്ച് അൽഫോൺസച്ചന്റെ അത്ഭുതങ്ങളിൽ ഞാനും കോൾമയിർകൊണ്ടു.

എം. മുകുന്ദൻ എന്ന എഴുത്തുകാരൻ അച്ഛന്റെ നാവിൽ ജനിച്ച് അച്ഛന്റെ

വാക്കിൽ വളർന്ന എനിക്ക് 'കിളിവന്നു വിളിച്ചപ്പോൾ' വായിച്ചപ്പോഴുള്ള ആവേശം, അതിന്റെ അന്ത്യത്തിൽ 'ഇത് ഇങ്ങനെ അവസാനിപ്പിക്കേണ്ടിയിരുന്നില്ലെന്ന' നിരാശ – അങ്ങനെ പലതും ഓർമയിലുണ്ട്. 'ദൈവത്തിന്റെ വികൃതികൾ' ലെനിൻ രാജേന്ദ്രൻ സിനിമയാക്കിയപ്പോൾ അഭിനേതാക്കളുടെ തിരഞ്ഞെടുപ്പ് അച്ഛനെ ഒരു രീതിയിലും തൃപ്തിപ്പെടുത്തിയില്ല. ശ്രീവിദ്യയെന്ന അടിമുടി മലയാളിത്തം തുളുമ്പുന്ന രൂപമെങ്ങനെ മഗ്ഗി മദാമ്മയാകും! ഏറ്റവും വിഷമം അൽഫോൺസച്ചന്റെ കാര്യത്തിലായിരുന്നു. നമ്പൂതിരിയുടെ അൽഫോൺസച്ചനും രഘുവരന്റെ അൽഫോൺസച്ചനും നേർ വിപരീതങ്ങൾ. പിന്നീടെപ്പോഴോ അതങ്ങനെയാകാൻ കാരണവും അച്ഛന്റെ നാവിൽ നിന്നു തന്നെ കേട്ടു. നമ്പൂതിരിയുടെ അൽഫോൺസച്ചന്റെ ശരീരഭാഷയോട് നീതിപുലർത്തുന്ന ഒരു അഭിനേതാവിനെ കണ്ടെത്താൻ ലെനിൻ രാജേന്ദ്രനായില്ല. അതുകൊണ്ട് മറ്റൊരു രൂപത്തിൽ അനുയോജ്യമായ ഒരാളെ കണ്ടെത്തിയതാണ് രഘുവരനിൽ. യോജിച്ച അഭിനേതാക്കളെ അന്വേഷിച്ചു കണ്ടെത്താൻ മെനക്കെടാത്ത (ധൈര്യപ്പെടാത്ത) സംവിധായകരെ കുറേ കുറ്റം പറഞ്ഞു അച്ഛൻ.

'ആദിത്യനും രാധയും മറ്റുചിലരും' വായിക്കാൻ തുടങ്ങിയത് അച്ഛന്റെ വർണനകളിൽ ഹരം കൊണ്ടിട്ടാണ്. പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ അവധിക്കാലം. ഒരു പതിനഞ്ചുകാരിയുടെ അനുഭവപ്രപഞ്ചത്തിലെ ഏറ്റവും അത്ഭുതപ്പെടുത്തുന്ന അനുഭവമായി ആ പുസ്തകത്തെ അറിഞ്ഞു. ആ ആവേശത്തിൽ അതിനുമുൻപോ, അതിനു ശേഷമോ ചെയ്തിട്ടില്ലാത്ത ഒരു സാഹസം ചെയ്തു. പുസ്തകക്കവറിലെ മേൽവിലാസത്തിൽ എഴുത്തുകാരന് കത്തയച്ചു. എന്തെഴുതി എന്നത് സംബന്ധിച്ച് അധികം ഓർമകളില്ല. 'മയ്യഴിയിൽ നിന്നും ദൂരെ എങ്ങനെ ജീവിക്കുവാൻ കഴിയുന്നു' എന്ന് ചോദിച്ചെന്നു തോന്നുന്നു. അയച്ചു കഴിഞ്ഞശേഷം പിന്നീട് അതേക്കുറിച്ചോർത്തതുമില്ല.

എത്ര ദിവസങ്ങൾ എന്നറിയില്ല; പോസ്റ്റ്മാൻ തന്ന, എന്റെ മേൽവിലാസമെഴുതിയ വെളുത്തകവറിലെ ഫ്രം അഡ്രസിലെ ഭംഗിയില്ലാതെ എഴുതിയ പേര് കണ്ണിൽപ്പെട്ടതു തന്നെയില്ല. കറുത്ത മഷിയിൽ അച്ചടിച്ച Ambassade de france en India, New Delhi കണ്ട് അമ്പരപ്പോടെ തുറന്നു. നേരേ – കണ്ണ് വായിക്കുകയായിരുന്നു, വായനയിലൂടെയാണ് അറിഞ്ഞത് – എം. മുകുന്ദന്റെ മറുപടി. ഇന്ദ്രജാലക്കാരന്റെ മാന്ത്രികഭണ്ഡാരത്തിൽ നിന്നും മറ്റാർക്കും കിട്ടാത്ത സമ്മാനം കിട്ടിയ 15 വയസ്സുകാരിയുടെ സന്തോഷം പറയാൻ എന്ത് വാക്ക്! അത് നെഞ്ചിൽ തുടിച്ചുയരുന്നു.

'മയ്യഴിവിട്ട് ഡൽഹിയിൽ താമസമായി, മൂന്നു പതിറ്റാണ്ടിനിപ്പുറം മയ്യഴി ഒരാധിയായി എന്നിൽ നിൽക്കുന്നു. എന്തുകൊണ്ടെന്ന് എനിക്കു തന്നെ അറിയില്ല'. നാല് ചെറിയ ഖണ്ഡികകൾ – കുശലാന്വേഷണങ്ങൾ, നിറഞ്ഞ സ്നേഹം.

ആ സന്തോഷത്തിന്റെ ആഴം തിരിച്ചറിയാൻ കഴിയുന്ന സൗഹൃദങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ഏറെ കൊണ്ടാടുകയൊന്നുമുണ്ടായില്ല. ആ ഇടക്കാലത്ത് വായിച്ച മുകുന്ദന്റെ ഏതോ അഭിമുഖത്തിൽ 'ആദിത്യനും രാധയും മറ്റു ചിലരും' വായിച്ച് 15 വയസ്സുകാരി കുട്ടി പോലും തനിക്കെഴുതിയിരുന്നു എന്നദ്ദേഹം പറഞ്ഞത് എന്നെക്കുറിച്ചാണെന്ന് ഞാൻ ഗൂഢമായി ആനന്ദിച്ചു.

എം. മുകുന്ദൻ എന്ന എഴുത്തുകാരൻ ഓരോരുത്തർക്കും ഓരോ വായനാനുഭവമായിരിക്കും. എങ്കിലും അരാജകത്വത്തിലേക്ക് ആ വായനാനുഭവം നീണ്ടിരുന്നുവെന്ന് പലരും പരാതിപ്പെട്ടു കണ്ടിട്ടുണ്ട്. അരാജകത്വം എന്തെന്നറിയാത്ത പ്രായത്തിൽ വായിച്ചതുകൊണ്ടും എന്റെ പെൺസ്വത്വത്തിന് കാൽ വയ്ക്കാനാകാത്ത ഇടമായതുകൊണ്ടുമാകാം എം. മുകന്ദൻ അരാജകത്വത്തിന്റെ ഉള്ളുചൊറിച്ചിൽ എന്നിലുണർത്തിയില്ല. അകത്തും പുറത്തുമുള്ള പലരേയും വായിച്ചു. പല എഴുത്തുകളും തൊട്ടളക്കാവുന്ന ആവേശമായോ, തൊണ്ടയിൽ പിടിമുറുക്കുന്ന അലിയാത്ത വിങ്ങലായോ, 'എന്തുകൊണ്ടങ്ങനെ' എന്ന് നെഞ്ചിലെ മുറിവായോ എന്നിൽ ആവേശിച്ചിട്ടുണ്ട്. എന്റെ പെൺസ്വത്വത്തെപ്പോലും തകിടം മറിച്ച അരാജകത്വമായി എന്റെ മനസ്സിലും ജീവിതത്തിൽപ്പോലും ആവേശിച്ചത് ആനന്ദും ആൾക്കൂട്ടവും മാത്രമാണ്. ഒരേ സമയം വന്യസൗന്ദര്യത്തോടെ അതെന്നെ കെട്ടിവരിയുകയും വിശ്വാസങ്ങളൊന്നും ബാക്കിയാക്കാതെ (എന്റെ അവിശ്വാസങ്ങളെപ്പോലും തച്ചുടച്ച്) എന്നെ ചണ്ടിയാക്കുകയും ചെയ്തു. ഇപ്പോഴും എനിക്ക് ഭയമാണ്, 'ആൾക്കൂട്ടം' സ്പർശിക്കാൻ.

എന്റെ പ്രിയപ്പെട്ട എഴുത്തുകാരിൽ ഒരാളാണ് എം. മുകുന്ദൻ. എങ്കിലും എന്റെ ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരൻ, പുസ്തകം – മുകുന്ദനല്ല, മുകുന്ദന്റെ പുസ്തകങ്ങളല്ല. എം. മുകുന്ദൻ, അച്ഛൻ തുടക്കം കുറിച്ച കഥയാത്രയിൽ അച്ഛനോടൊപ്പം കടന്നുവന്ന വഴികാട്ടിയാണ്. അതിനുമപ്പുറം, എന്റെയുള്ളിലെ അൽഫോൺസച്ചൻ നമ്പൂതിരി വരകളിലെ മുഖമോ, രഘുവരന്റെ മുഖമോ അല്ല, തലമുടിയിലും മീശയിലും ഇത്തിരിമാറ്റം വരുത്തിയാൽ ഐൻസ്റ്റീനാകും എന്ന് എന്തുകൊണ്ടോ ഉള്ളിൽ ചിരിയുണർത്താറുള്ള എം. മുകുന്ദന്റെ മുഖമാണയാൾക്ക്. എന്നെങ്കിലും കാണാനായാൽ ചോദിക്കാനായി ഒരു ചോദ്യം സൂക്ഷിച്ചിട്ടുണ്ട്. കഥാകൃത്തിന്റെ മനസ്സിലെ അൽഫോൺസച്ചന് നമ്പൂതിരി വരകളോടാണോ രഘുവരനോടാണോ സാമ്യം?



വർഷങ്ങൾക്കിപ്പുറം, എല്ലാവർക്കുമായി പകുത്തുകൊടുത്ത് എനിക്കെന്ന് അഞ്ചു മിനിട്ടുപോലും ബാക്കിയില്ലാതെ പോകുന്ന എന്റെ സാധാരണ പെൺജീവിതത്തിൽ; ഒരു കയ്യാൽ തൊട്ടിലാട്ടി, മറുകയ്യാൽ പറന്നുപോകുന്ന പത്രപ്പേജുകളെ വരുതിയിലാക്കി ആട്ടത്തിനൊപ്പിച്ച് അക്ഷരങ്ങളിൽ കണ്ണുറപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെടുമ്പോൾ മനസ്സിലിരുന്നു കലമ്പൽ കൂട്ടുന്ന ഒരു 15 വയസ്സുകാരിയുണ്ട്. നൃത്തം ചെയ്യാനിഷ്ടപ്പെട്ടിരുന്ന, വായിക്കാനിഷ്ടപ്പെട്ടിരുന്ന ഒരു ചെറിയ കുട്ടി. ഇഷ്ടങ്ങളിൽ ജീവിക്കാനാഗ്രഹിച്ച ആ ചെറിയ പെൺകുട്ടിക്ക് കിട്ടിയ ഏറ്റവും വലിയ, കൗതുകരമായ ആ കത്ത് ഇന്നും എന്റെ കയ്യിലുണ്ട്. 19 വർഷങ്ങളും ഒൻപതു വീടുമാറ്റങ്ങളും അതിജീവിച്ച് ഇന്നും കൂടെയുള്ള ഇത്തരം 'ചെറിയ വലിയ' ഓർമകളാണ് 'എന്റെ ഇഷ്ടങ്ങൾക്കു വേണ്ടിക്കൂടി ഞാനൊരിക്കൽ സമയം കണ്ടെത്തുമെന്ന്' എന്നെ ജീവിപ്പിക്കുന്നത് ■

■ ഡോ. ബീന വേണുഗോപാൽ



# കാഞ്ഞിരം





കേരളത്തിലെങ്ങും വളരുന്ന ഒരു മരമാണ് കാഞ്ഞിരം. ലൊഗാനിയേസിയാണ് കുടുംബം. ഇവ രണ്ടു തരമുണ്ട്. ഒന്ന് മരക്കാഞ്ഞിരം മറ്റൊന്ന് വള്ളിക്കാഞ്ഞിരം. മരക്കാഞ്ഞിരമാണ് സ്ട്രിക്നോസ് നക്സ്വൊമിക്ക. വള്ളിക്കാഞ്ഞിരം സ്ട്രിക്നോസ് ബോർഡിലോണി എന്നും സ്ട്രിക്നോസ് കൊളുബ്രൈന എന്നും രണ്ടുതരം. പൊയ്സൺ ട്രീ എന്നാണ് ഇംഗ്ലീഷിൽ പേര്. സംസ്കൃതത്തിൽ വിഷദ്രുമം എന്നു വിളിക്കുന്നു. കാഞ്ഞിരക്കുരുവിലെ വിഷാംശമാണ് ഇത്തരത്തിൽ പേരുവീഴാൻ കാരണം.

കാഞ്ഞിരത്തിന്റെ കായ് ചെറുനാരങ്ങയുടെ ആകൃതിയിലാണുള്ളത്. പഴുക്കുമ്പോൾ നല്ല ചുവപ്പുനിറമാകും. കാണാൻ നല്ല ഭംഗിയാണ്. ആരെയും ആകർഷിക്കും. വിശേഷിച്ചും കുട്ടികളെ. കട്ടിയുള്ള തോടാണ്. തോടു പൊട്ടിച്ചാൽ വഴുവഴുപ്പുള്ള മാംസളമായ മജ്ജ. അതിനടിയിൽ നാണയത്തിന്റെ ആകൃതിയിലുള്ള വെളുത്ത കാഞ്ഞിരക്കുരു.

സ്ട്രിക്നിൻ, ബ്രൂസിൻ, വൊമിസിൻ എന്നീ ആൽക്കലോയ്ഡുകൾ കാഞ്ഞിരക്കുരുവിൽ അടങ്ങിയിരിക്കുന്നു. കൂടാതെ ലൊഗാസിൻ എന്ന ആൽക്കലോയ്ഡുമുണ്ട്. സ്ട്രിക്നിൻ, സ്ട്രികനിസിൻ, ബ്രൂസിൻ എന്നീ ആൽക്കലോയ്ഡുകൾ ഇലകളിലും ബ്രൂസിൻ മരത്തൊലി (മരപ്പട്ട)യിലും കാണപ്പെടുന്നു. സ്ട്രിക്നിൻ അപകടകാരിയായ നാഡീവിഷമാണ്. അത് സുഷുമ്ന നാഡിയെ സ്വാധീനിക്കുകയും ജന്നിയുടെ ലക്ഷണങ്ങൾ കാണിക്കുകയും ചെയ്യുന്നു.

കാഞ്ഞിരക്കുരുവിൻ കനത്ത വിഷാംശമുണ്ടെങ്കിലും അത് തിന്നുന്ന മൃഗങ്ങൾക്ക് ദോഷമുണ്ടാവുന്നില്ല. വയറിൽ എത്തുന്ന കാഞ്ഞിരക്കുരു ദഹിക്കാതെ അതേപടി പുറത്തുപോകുന്നതിനാൽ അപകടം ഒഴിവാകുന്നു. വിത്തുവിതരണത്തിനായി കാഞ്ഞിരത്തിന് പ്രകൃതി നൽകിയ വരദാനമാണ്.

കാഞ്ഞിരത്തിന് സമൂലം കയ്പുരസമാണ്. കാഞ്ഞിരത്തിന്റെ കയ്പ്പെന്ന് പറഞ്ഞു കേട്ടിട്ടുണ്ടല്ലോ. കയ്പ്പിന് കാരണം അതിൽ അടങ്ങിയിട്ടുള്ള ആൽക്കലോയ്ഡുകളാണ്.

ആയുർവേദം, ഹോമിയോപ്പതി, മോഡേൺ മെഡിസിൻ എന്നിവയിൽ കാഞ്ഞിരം ഔഷധമായുപയോഗിക്കുന്നു. ആയുർവേദ തയാറാക്കലുകളായ കാരസ്കരഘൃതം, മൃത്യുഞ്ജയ ഗുളിക എന്നിവയിൽ കാഞ്ഞിരക്കുരു ഒരു പ്രധാന ഘടകമാണ്. കാഞ്ഞിരക്കുരു പ്രധാനാംശമായി നിർമിക്കുന്ന ഔഷധങ്ങൾ വൈദ്യനിർദേശമില്ലാതെ ഉപയോഗിക്കരുത്. ഇന്ത്യയിൽ കാഞ്ഞിരക്കുരുവിലെ സ്ട്രിക്നിൻ ഉപയോഗപ്പെടുത്തിയുള്ള ഔഷധനിർമാണം നിരോധിച്ചിട്ടുണ്ട്. ഇവിടെ സ്ട്രിക്നിന് ഫോറൻസിക് പ്രാധാന്യമാണുള്ളത്.

ഔഷധ പ്രധാനമായ വസ്തുക്കൾ എത്ര വിഷാംശമുള്ളതാണെങ്കിൽ ശുദ്ധി ചെയ്ത് വിഷാംശം മാറ്റാൻ ആയുർവേദത്തിനാവുന്നു. അതാണ് ആയുർവേദത്തിന് അനുഭവജ്ഞാനം കൊണ്ട് സിദ്ധിച്ച സ്വന്തമായ രസതന്ത്രം.

കാഞ്ഞിരക്കുരുവിലെ രസാംശങ്ങൾ ഹൃദയം, ശ്വാസകോസം, മസ്തിഷ്കം എന്നിവയെ സ്വാധീനിക്കുന്നു വിധിപ്രകാരം ശുദ്ധിചെയ്ത കാഞ്ഞിരക്കുരുവിന്റെ പൊടി സന്ധിവേദന, നീര്, ശരീരത്തിന് പൊതുവെയുള്ള ക്ഷീണം, പുളിച്ചു തികട്ടൽ, ലൈംഗികശേഷിക്കുറവ്, വിശപ്പില്ലായ്മ, പഴക്കം ചെന്ന മലബന്ധം, അപസ്മാരം, കോളറ എന്നിവയ്ക്ക് ഔഷധമായി പ്രയോഗിക്കാമത്രേ. ഇത് അധികമായുപയോഗിച്ചാൽ ശാരീരികാസ്വാസ്ഥ്യം, തലചുറ്റ്, ശ്വാസവൈഷമ്യം, വർധിച്ച രക്തസമ്മർദം, ശരീരം കോച്ചിവലിക്കൽ, വായിലൂടെ പതവരിക ഇത്യാദി ലക്ഷണങ്ങൾക്ക് കാരണമാകുന്നു.

ഇതുപയോഗിച്ച് ചില നാടൻ പ്രയോഗങ്ങളുമുണ്ട്. സന്ധിവാതത്തിന് കാഞ്ഞിരക്കുരു അരച്ചുപുരട്ടുന്നു. കാഞ്ഞിരത്തടി അരച്ച് തലവേദനയ്ക്ക് പുരട്ടാം. ശരീരത്തിൽ വിശേഷിച്ചും കാൽപ്പാദങ്ങളിൽ മുള്ളുകൊണ്ടോ, കുപ്പിച്ചില്ലുകൊണ്ടോ ഉണ്ടാകുന്ന മുറിവിൽ കാഞ്ഞിരത്തടിയോ കാഞ്ഞിരപ്പട്ടയോ ചതച്ചുവെച്ച് ചൂടുകൊടുക്കുന്നു. കാൽപ്പാദങ്ങളിൽ തണുപ്പുകാലത്തുണ്ടാകുന്ന പൊട്ടലുകളിൽ കാഞ്ഞിരക്കുരു ചതച്ചുവെച്ച് ചൂടുപിടിപ്പിക്കുന്നു.

ചാരായം വാറ്റുമ്പോൾ അതിലേക്കുപയോഗിക്കുന്ന അസംസ്കൃതവസ്തുക്കൾക്കൊപ്പം കാഞ്ഞിരക്കുരു കൂടി ചേർത്ത് മദ്യത്തിന്റെ ലഹരി വർധിപ്പിക്കുന്നു. കാഞ്ഞിരക്കുരുവിൽ നിന്നും അടഞ്ഞ തവിട്ടുനിറത്തിലുള്ള ഒരു ഡൈ എടുക്കുന്നു. തുണിവ്യവസായത്തിൽ ഇതുപയോഗിക്കുന്നു. ■

# മാനസമൈന പറന്നുപോയി

മലയാളിയുടെ ഗൃഹാതുരസ്മരണകളിൽ മധുരനൊമ്പരമായി അലിഞ്ഞുചേർന്ന ഗാനമധുരിമ ബാക്കിവെച്ച് ഗായകൻ മന്നാഡേ (94) യാത്രയായി. ഒക്ടോബർ 24 ന് പുലർച്ചെ 3.52 ന് ബാംഗ്ലൂരിലായിരുന്നു അന്ത്യം. ഹിന്ദി, മറാഠി, ബംഗാളി, കന്നഡ, മലയാളം, അസമീസ്, ഒറിയ, ഗുജറാത്തി ഭാഷകളിലായി നാലായിരത്തോളം ഗാനങ്ങൾ ആലപിച്ചു. പ്രഹാർ (1991) ആണ് അവസാനമായി പാടിയ ചിത്രം. പത്മശ്രീ, പത്മഭൂഷൺ പുരസ്കാരങ്ങൾ നൽകി രാഷ്ട്രം ഈ പ്രതിഭയെ ആദരിച്ചിട്ടുണ്ട്. 2007 ൽ ദാദാ സാഹേബ് ഫാൽക്കെ അവാർഡും ലഭിച്ചു. 1969 ലും 1971 ലും മികച്ച ഗായകനുള്ള ദേശീയ പുരസ്കാരവും 1987 ൽ ലതാമങ്കേഷ്കർ സമ്മാനവും ലഭിച്ചു.

1919 മെയ് ഒന്നിന് കൊൽക്കത്തയിൽ ജനിച്ച പ്രബോധ് ചന്ദ്രഡേയാണ് മന്നാഡേ എന്ന പേരിൽ ഗാനരംഗത്ത് അനശ്വരനായത്. മലയാളിയായ സുലോചനയാണ് ഭാര്യ. 1942 ൽ *തമന്ന* എന്ന ചിത്രത്തിലൂടെയാണ മന്നാഡേ ചലച്ചിത്ര രംഗത്തെത്തിയത്.



# എങ്ങനെ നീ മറക്കും കുയിലേ...




കേരളീയ സംഗീതാഭിരുചിയെ നാടൻശീലുകളുടെ സംഗീതാത്മകതയുമായി ലയിപ്പിച്ച് പുതിയ ഭാവുകത്വ പരിണാമം സാധ്യമാക്കിയ അനുഗൃഹീത സംഗീതജ്ഞൻ കെ. രാഘവൻ (99) മാസ്റ്റർ കാലയവനികയിൽ മറഞ്ഞു. ഒക്ടോബർ 19 ശനിയാഴ്ച പുലർച്ചെ കണ്ണൂരിലായിരുന്നു അന്ത്യം.

നീലക്കുയിൽ (1954) എന്ന ചിത്രത്തിലെ ഗാനങ്ങളിലൂടെയാണ് രാഘവൻ മാസ്റ്റർ എന്ന സംഗീത സംവിധായകൻ ശ്രദ്ധിക്കപ്പെട്ടത്. അതിലെ ഗാനങ്ങളെല്ലാം തന്നെ ജനകീയസംഗീതത്തിന്റെ എല്ലാ ഭാവപൂർണിമയും ഒത്തുചേർന്നതായിരുന്നു. കായലരികത്ത് വലയെറിഞ്ഞപ്പോൾ..., എല്ലാരും ചൊല്ലണ്..., എങ്ങനെ നീ മറക്കും... എന്നീ ഗാനങ്ങൾ ഇന്നും ആസ്വാദകരുടെ പ്രിയപ്പെട്ട പാട്ടുകളാണ്. പാമ്പുകൾക്ക് മാളമുണ്ട്... എന്ന നാടകഗാനവും രാഘവൻമാഷ് ചിട്ടപ്പെടുത്തി അവിസ്മരണീയമാക്കിയയതാണ്.

1913 ൽ കൃഷ്ണൻ-കുപ്പച്ചി ദമ്പതിമാരുടെ മകനായി തലശ്ശേരിയിലായിരുന്നു ജനനം. ആകാശവാണി ഉദ്യോഗസ്ഥനായി 1976 ൽ കോഴിക്കോട് നിലയത്തിൽ നിന്ന് വിരമിച്ചു.

കണ്ണൂർ സർവകലാശാല ഡിലിറ്റ് നൽകി. 2010 പത്മശ്രീ പുരസ്കാരം നൽകി രാജ്യം ആദരിച്ചു. 1988 ൽ സമഗ്രസംഭാവനയ്ക്കുള്ള ജെ.സി. ഡാനിയേൽ പുരസ്കാരം, 1973, 1977 വർഷങ്ങളിൽ മികച്ച സംഗീത സംവിധായകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. അറുപതിലേറെ ചിത്രങ്ങളിലും നാടകങ്ങളിലുമായി നാന്നൂറോളം ഗാനങ്ങൾ ചിട്ടപ്പെടുത്തിയ രാഘവൻ മാഷ് ഇനി ഓർമകളിൽ ജീവിക്കും.

ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# മലയാളത്തിന്റെ മുന്നേറ്റം

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് ശ്രേഷ്ഠ ഭാഷാ ദിനമായും നാമിപ്പോൾ ആചരിക്കുകയാണ്. ഭാഷയ്ക്കുവേണ്ടി ഒരു ദിനം മാറ്റിവെക്കുമ്പോൾ മറ്റു ദിനങ്ങൾ ഭാഷയെ മറക്കാനുള്ളതാണ് എന്നർഥമില്ല. നിത്യജീവിതത്തിന്റെ ഭാഗമാണ് ഭാഷ. ജീവിത രീതിയും സംസ്കാരവും രൂപപ്പെടുത്തുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ സ്ഥാനമുണ്ട്. മാതൃഭാഷയുടെ ബലമുള്ള അടിത്തറയിൽ മാത്രമേ നമുക്ക് ജീവിതവും സംസ്കാരവും കെട്ടിയുയർത്താൻ കഴിയൂ.

നമ്മുടേത് ഒരു ആഗോള ഭാഷയല്ല. എന്നാൽ ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന മലയാളികൾ പുതിയ സാങ്കേതികവിദ്യകളിലൂടെ ഭാഷയെ ആഗോളീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിന്റെ വ്യാപകമായ ഉപയോഗം മലയാളഭാഷയെ കൂടുതൽ ജനകീയമാക്കാനും അതുവഴി ഭാഷയെ സാങ്കേതികത്തികവുള്ളതാക്കി മാറ്റാനും സഹായിക്കുന്നുണ്ട്. ഇന്റർനെറ്റിലെ മലയാളം എഴുത്തുകാർ രണ്ടു കർത്തവ്യങ്ങളാണ് വിജയകരമായി നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഒന്ന് ഭാഷയെ സമ്പന്നമാക്കുന്നു. ലോകത്തിലെ എല്ലാ മലയാളികളും ഇന്ന് ഇന്റർനെറ്റിലൂടെ മലയാളഭാഷയെ സജീവമായി നിലനിർത്തുന്നുണ്ട്. മറ്റൊന്ന് സർഗമേഖലയുടെ ജനാധിപത്യവത്കരണമാണ്. പ്രസാധകൻ എന്ന ഇടനിലക്കാരനില്ലാതെ സ്വന്തം സർഗഭാവനയെ സൃഷ്ടിപരമാക്കുന്നതിന് കഴിയുന്നു.

ആശയവിനിമയ ഉപാധി എന്നതിലുപരി ഭാഷ നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കാൻ പര്യാപ്തമാകണം. ജീവിതത്തോടു ചേർന്നു നിൽക്കുമ്പോഴേ ഭാഷയ്ക്ക് സജീവമായി നിലനിൽക്കാൻ കഴിയൂ. തൊഴിൽ, പഠനം, എഴുത്ത് എന്നിവയിലൊക്കെ മാതൃഭാഷ നൽകുന്ന ആത്മവിശ്വാസം വളരെ പ്രധാനമാണ്. പുതിയ തലമുറയ്ക്ക് മാതൃഭാഷയോട് ആഭിമുഖ്യമുണ്ടാകണമെങ്കിൽ ഭാഷ അവരുടെ ജീവിതത്തിന് ക്രിയാത്മകമായ സംഭാവനകൾ നൽകാൻ പര്യാപ്തമാകണം. സർക്കാർ നയപരമായ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അത് ഭാഷയെ ഊർജസ്വലമാക്കാൻ മാത്രമല്ല ജീവിതത്തെ ചൈതന്യവത്താക്കുവാനും പര്യാപ്തമാകും. കേരളം രൂപപ്പെട്ടിട്ട് 57 വർഷം തികയുകയാണ്. ഇക്കാലയളവിൽ നമ്മുടെ സാമൂഹിക സാംസ്കാരിക രംഗത്ത് പുരോഗമനപരമായ മാറ്റങ്ങൾ സംഭവിച്ചു. സർക്കാർ ജോലി നേടണമെങ്കിൽ മാതൃഭാഷയിൽ പ്രാവീണ്യം വേണമെന്നത് നിയമമായിക്കഴിഞ്ഞു. ഭാഷാപരിപോഷണത്തിന് മലയാളം സർവകലാശാല നിലവിൽ വന്നു. എല്ലാറ്റിനുമുപരി ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ചു. നിരന്തരം ഭാഷകൾ മരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ കൊച്ചുഭാഷയ്ക്ക് ലഭിച്ചിരിക്കുന്ന പരിഗണനകൾ മലയാളത്തിന് വലിയ ഈടുവയ്പ്പുകളായിത്തീരും എന്ന കാര്യത്തിൽ എനിക്ക് ചാരിതാർഥ്യമുണ്ട്.